20. ശ്രീ. കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ
22. ,, സി. കെ. നാണു
23. ,, കെ. രാധാകൃഷ്ണൻ
24. ,, ടി. പി. രാമകൃഷ്ണൻ
25. ,, സാജു പോൾ
26. ,, കെ. പി. സതീശ് ചന്ദ്രൻ
27. ,, എ. സി. ഷൺമുഖദാസ്
28. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
29. ശ്രീ. പി. എസ്. സുപാൽ
30. ഡോക്ടർ തോമസ് ഐസക്ക്

അനുകൂലിക്കുന്നവർ : 54
പ്രതികൂലിക്കുന്നവർ : 30
നിഷ്പക്ഷത പാലിച്ചവർ : ആരുമില്ല

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ: ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4.00 മണിക്ക് ചേരുന്നതിലേക്കായി സഭ ഉച്ചയ്ക്ക് ശേഷം 2.02-ന് പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

സഭ വൈകുന്നേരം 4.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ 4P.M.] ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദസഞ്ചാരവും (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദസഞ്ചാരവും (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഈ ബില്ലിനെ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി ഒരു കമ്മിറ്റിയും അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നതിനുംവേണ്ടി അവതരിപ്പിച്ച ഒരു ബില്ലാണിത്. കേരളത്തിന്റെ പുതിയ ടൂറിസം മന്ത്രി അവതരിപ്പിക്കുന്ന ആദ്യത്തെ ബില്ലുമാണ്. തീർച്ചയായും സദുദ്ദേശത്തോടെ തന്നെയായിരിക്കും ഈ ബിൽ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ടാവുക. കാരണം ടൂറിസം ഇന്ന് കേരളത്തിലെ ഏറ്റവും വലിയ വ്യവസായങ്ങളിൽ ഒന്നാണ്. കേരളത്തിന്റെ ഖജനാവിന് ആറായിരത്തോളം കോടി രൂപയുടെ വരുമാനമുണ്ടാക്കുകയും പ്രത്യക്ഷമായും പരോക്ഷമായും പതിനഞ്ച് ലക്ഷത്തിലേറെ ആളുകൾക്ക് തൊഴിൽ നൽകുകയും ചെയ്യുന്ന ഒരു മേഖല എന്നുള്ള നിലയിൽ വിനോദസഞ്ചാര വികസനത്തിന് നമ്മുടെ സംസ്ഥാനത്ത് വലിയ പ്രാധാന്യമുണ്ട്. തീർച്ചയായും വിനോദസഞ്ചാര മേഖലയുടെ സംരക്ഷണവും പരിപാലനവും അത്യന്താപേക്ഷിതമാണ്. ഇന്ന് ടൂറിസം വികസനത്തിന്റെ പേരിൽ പാരിസ്ഥിതിക ആഘാതങ്ങൾ സൃഷ്ടിക്കുന്ന ഒരുപാട് നിർമ്മാണപ്രവർത്തനങ്ങൾ നമ്മുടെ പല ടൂറിസം മേഖലകളിലും വന്നുകൊണ്ടിരിക്കുകയാണ്. ടൂറിസം മേഖലയുടെ സംരക്ഷണം പോലെതന്നെ പ്രധാനപ്പെട്ടതാണ് നമ്മുടെ പൈതൃകങ്ങളുടെ സംരക്ഷണവും, അത് സംരക്ഷിക്കാനാവശ്യമായ നിയമം ഉണ്ടാക്കലും മുൻകരുതലെടുക്കലും. ഇപ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈതൃക സംരക്ഷണത്തിന് വേണ്ടി വ്യക്തമായ നിയമനിർമ്മാണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പ്രബുദ്ധം എന്നുപറയുന്ന കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിനകത്ത് പൈതൃക സ്വത്തുക്കളുടെ സംരക്ഷണത്തിന് വേണ്ടി ഒരു നിയമം ഉണ്ടാക്കുകയോ പ്രകൃതിമനോഹരമായ വെള്ളച്ചാട്ടങ്ങളും ഭൂപ്രദേശങ്ങളും പഴയകാലത്തെ വാസ്തുശിൽപ്പവിദ്യ കുടികൊള്ളുന്ന തറവാടുകളും കെട്ടിടങ്ങളുമൊന്നും സംരക്ഷിക്കുന്ന സ്ഥിതി ഇന്ന് നമ്മളെ സംബന്ധിച്ചിടത്തോളമില്ല. തീർച്ചയായും ഈ ബില്ലിന്റെ പരിധിയിൽ ഈ കാര്യങ്ങളൊക്കെ വരേണ്ടതാണ്. നമ്മുടെ പൈതൃകങ്ങൾ സംരക്ഷിക്കാൻ, മനോഹരമായ ഭൂപ്രകൃതിയെ സംരക്ഷിക്കാനാക്കെയുള്ള ഒരു വിശാലമായ കൺസെപ്റ്റ് ടൂറിസം വികസനത്തിന്റെ ഭാഗമായി വേണ്ടതാണ്. അത്രത്തോളം ഈ ബിൽ പോകുന്നില്ല എന്നൊരു ആക്ഷേപം എനിക്കുണ്ട്. ടൂറിസം വികസനത്തിന്റെ വിവിധ കാര്യങ്ങൾ അന്വേഷിക്കുന്ന അവസരത്തിൽ അത്രയും വിശാലമായ ഒരു മേഖലയിലേക്ക് ഇത് പോയില്ല. നമ്മുടെ നാട്ടിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സംഗതികൾ തീർച്ചയായും പ്രകൃതിരമണീയമായ നമ്മുടെ ഭൂപ്രകൃതിയും, പൈതൃകങ്ങളും, കലാരൂപങ്ങളും, സംഗീതവും, സംസ്ക്കാരവുമെല്ലാമാണ്. അതിന്റെ സംരക്ഷണത്തിനാവശ്യമായ ഒരു സംവിധാനം എന്നുപറയുമ്പോൾ തീർച്ചയായും ഈ ബില്ലിൽ അതിനെ കേവലം ഔദ്യോഗിക സംവിധാനങ്ങളുടെ ഒരു ചുറ്റുവട്ടത്ത് മാത്രം നിന്ന് കണ്ടുകൂടാ. ഈ ബിൽ പ്രാവർത്തികമാകുന്ന ഘട്ടത്തിൽ, നിലവിൽ വരുന്ന അവസരത്തിൽ വിനോദസഞ്ചാര മേഖലയുടെ പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ടി എല്ലാ വിധത്തിലും ഇടപെടാൻ കഴിയുന്ന ഒരു കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം മുന്നോട്ടേക്ക് വച്ചിട്ടുണ്ട്. ആ കമ്മിറ്റിയെ സംബന്ധിച്ച് എനിക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. കാരണം അത് ഏറെക്കുറെ ഉദ്യോഗസ്ഥന്മാർ മാത്രം അടങ്ങുന്ന ഒരു കമ്മിറ്റിയാണ്. അതിന്റെ ചെയർമാന് ആവശ്യമാണെങ്കിൽ അതാത് പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അതുപോലെ മുനിസിപ്പൽ ചെയർമാൻമാർ എന്നിവരെ കൂടി വിളിക്കാമെന്ന നിലയിൽ മാത്രമാണ് അതിനകത്ത് പറഞ്ഞിട്ടുള്ളത്. എനിക്ക് നേരിട്ട് അനുഭവമുള്ള, ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു സംഗതി പറയാനുണ്ട്. അത് എന്റെ മണ്ഡലത്തിലാണ്. ബേക്കൽ കോട്ട കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇന്റർനാഷണൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്നുള്ള നിലയിൽ വലിയ വികസന സാദ്ധ്യതകളുള്ള ബേക്കലിനെ കേന്ദ്രീകരിച്ചുകൊണ്ട് 10 വർഷം മുൻപ് അതിന്റെ അനന്തമായ സാദ്ധ്യതകളെ ഉപോയഗപ്പെടുത്താനുള്ള ശ്രമം ആരംഭിക്കുകയുണ്ടായി. അതിന്റെ ഭാഗമായിട്ടാണ് ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കപ്പെട്ടത്. കോർപ്പറേഷൻ രൂപീകരിച്ചതിനുശേഷം അതിന്റെ ഭാഗമായി വരുന്ന മൂന്നാല് പഞ്ചായത്തുകളിലായി പത്ത്, ഇരുന്നൂറ്റി ചില്വാനം ഏക്കർ ഭൂമി അക്വയർ ചെയ്തെടുത്തു. വളരെ മനോഹരമായ ഭൂമിയാണ്. ആർക്കും അവിടെ മുതൽമുടക്കാനും അതുപോലെ ടൂറിസം വികസനത്തിന്റെ ഭാഗമായിട്ട് സ്വകാര്യ പങ്കാളിത്തവും മൂലധനം ഉൾപ്പെടെ വന്നുചേരുന്നതിന് വലിയ സാദ്ധ്യതകളുരുള്ള പ്രദേശങ്ങളാണ്. അപ്പോൾ ആ പ്രദേശങ്ങളിലേക്ക് ആളുകൾ വന്നുചേരുന്നതിന് സൗകര്യം ലഭിക്കുന്ന നിലയിൽ അതിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയാണ് ബി.ആർ.ഡി.സി രൂപീകരിച്ചിട്ടുള്ളത്. അവർ വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എടുത്തുപറയത്തക്ക പല പദ്ധതികളും അക്കൂട്ടത്തിലുണ്ട്. അതിലൊന്നാണ് ഈ ആറായിരത്തോളം വരുന്ന റിസോർട്ടുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടിയുള്ള ബൃഹത്തായ പദ്ധതി. 11 കോടി രൂപയാണ് അതിന്റെ നിർമ്മാണ ചെലവ്. 11 കോടി രൂപ മുതൽമുടക്കി ഒരു അണയും അതുപോലെതന്നെ ട്രീറ്റ്മെന്റ് പ്ലാന്റും ഉൾപ്പെടെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 95 ശതമാനവും പൂർത്തീകരിച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിന് നമ്മുടെ ചീഫ് സെക്രട്ടറി ചെയർമാനായി കൊണ്ടുള്ള സർക്കാർ ഉദ്യോഗസ്ഥൻമാർ മാത്രം അടങ്ങുന്ന ഒരു കമ്മിറ്റിയാണ്. അവർക്ക് ആ നാട്ടിലെ ജനങ്ങളുടെ വികാരമെന്താണെന്ന് അറിയില്ല. അവർക്ക് നാട്ടിലെ ജനങ്ങൾ എങ്ങനെയാണ് ടൂറിസം വികസനത്തെ കാണുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഒരു കൺസെപ്റ്റില്ല. അതുകൊണ്ടുതന്നെ തീർച്ചയായും സംഭവിക്കുന്നത് ജനങ്ങളുടെ മനോഭാവം എന്ത്, ടൂറിസവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രതിലോമപരമായ പ്രചാരവേലകൾക്ക് എതിരായിട്ട് ജനങ്ങളുടെ പക്ഷത്തുനിൽക്കുകയും അവർക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങൾ ലഭ്യമാക്കുകയും ചെയ്തുകൊണ്ടല്ലാതെ ജനങ്ങളെ ഈ പദ്ധതിയുടെയും അതുപോലെ തന്നെ ടൂറിസം വികസനത്തിന്റെ ഭാഗമായി വലിയ തോതിൽ കൊണ്ടുവരാൻ സാധിക്കില്ല. ജനങ്ങളെ ടൂറിസം വികസനത്തിന്റെയും ഭാഗമാക്കുന്നില്ലെങ്കിൽ നമ്മൾ ഉദ്ദേശിച്ച നിലയിൽ ഇതിന്റെ നേട്ടങ്ങൾ നമുക്ക് സ്വായത്തമാക്കാനും സാധിക്കില്ല. ഇവിടെ സംഭവിച്ചത്, 11 കോടി രൂപ മുതൽമുടക്കി ഉണ്ടാക്കിയിട്ടുള്ള ജലവിതരണ പദ്ധതിക്ക്, അതിന്റെ വിവിധ കേന്ദ്രങ്ങളിലെ പത്ത്, പതിനൊന്ന് ടാങ്കുകൾക്ക് ഒന്നര കോടി രൂപ മാത്രമാണ് ചെലവ്

വരുന്നത്. ഒന്നര കോടി രൂപ മാത്രം ചെലവഴിച്ചാൽ പൂർത്തീകരിക്കാൻ കഴിയുന്ന ഒരു പദ്ധതി തൽക്കാലം വേണ്ടെന്ന് ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള കമ്മിറ്റി മൂന്ന് കൊല്ലം മുൻപാണ് തീരുമാനിച്ചത്. ആ തീരുമാനം ഇതുവരെ മാറ്റാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട പുതിയ ടൂറിസം വകുപ്പുമന്ത്രി ചുമതലയേൽക്കുകയും ആ പ്രദേശത്ത് വരികയും അവിടുത്തെ ജനപ്രതിനിധികളേയും അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളെയും വിളിച്ച് ചേർത്തുകൊണ്ട് അവരുടെ മുഴുവൻ വികാരങ്ങളും നേരിട്ട് മനസ്സിലാക്കിയ ഒരാൾ എന്നുള്ള നിലയിൽ അദ്ദേഹം അവിടെ വച്ചുതന്നെ പറഞ്ഞു, അത് അടിയന്തിരമായി നടപ്പിലാക്കാനാവശ്യമായ സംവിധാനമുണ്ടാക്കണമെന്ന്. ഞാൻ സൂചിപ്പിക്കുന്നത്, ജനങ്ങളുടെ മനസ്സറിയുന്ന ആളുകൾ ഇതിനകത്ത് വേണം. ഉദ്യോഗസ്ഥൻമാർ മാത്രം അടങ്ങുന്ന വളരെ യാന്ത്രികമായി കാര്യങ്ങൾ നോക്കുന്ന ഒരു കമ്മിറ്റിയായി കൂടാ. വിശാലമായ കാഴ്ചപ്പാടോടുകൂടി, ജനപക്ഷത്തുനിന്ന് കാര്യങ്ങൾ ആലോചിക്കുകയും ഇത് സംരക്ഷിക്കാനാവശ്യമായ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ കൂടി പിൻതുണ ആർജ്ജിക്കാൻ കഴിയുകയും ചെയ്യുന്ന ഒരു കമ്മിറ്റി എന്നുള്ള നിലയിലേക്ക് ഈ കമ്മിറ്റി വന്നാൽ മാത്രമേ യഥാർത്ഥത്തിൽ ഈ ബിൽ കൊണ്ടുദ്ദേശിക്കുന്ന ഗുണഫലം നാട്ടിലെ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ കൊണ്ട് ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയുള്ളു. ഇതിന്റെ ചെയർമാൻ ടൂറിസം ഡിപ്പാർട്ടുമെന്റ് ഡയറക്ടറാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നൂറുകൂട്ടം കാര്യങ്ങളുണ്ടാകും. ചീഫ് സെക്രട്ടറി ചെയർമാനായതുപോലെ തന്നെയായിരിക്കും. എന്തുകൊണ്ട് ടൂറിസം മന്ത്രി തന്നെ ഇതിന്റെ ചെയർമാനായിക്കൂടാ? കുറേക്കൂടി ജനകീയമായി കാര്യങ്ങൾ ആലോചിക്കാനും തീരുമാനിക്കാനും ഇടപെടാൻ കഴിയുന്നതുമൊക്കെ തീർച്ചയായും മന്ത്രിക്ക് തന്നെയാണ്. അങ്ങനെ ഇടപെടാൻ കഴിയുന്ന നിലയിലുള്ള ഒരു സംവിധാനം ഇതിന്റെ ഭാഗമായി വേണം. ഒരുപാട് തിരുത്തപ്പെടേണ്ട കുറവുകൾ ഇതിനകത്തുണ്ട്. എങ്കിലും ചില കാര്യങ്ങൾ തീർച്ചയായിട്ടും ഈ ബില്ലിന്റെ ഭാഗമായിട്ട് പരിശോധിച്ച് മന്ത്രി തിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഉദ്യോഗസ്ഥൻമാർ വിനോദസഞ്ചാര മേഖലയുടെ ഭാഗമായി വരുന്ന പ്രദേശങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം വൻതോതിൽ കവരുന്ന ഒരു ബില്ലായി ഇത് പരിശോധിക്കുന്ന അവസരത്തിൽ കാണുന്നുണ്ട്. എങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ കൈകൊള്ളുന്ന പല നടപടികൾക്കും ഈ കമ്മിറ്റിയുടെ കൺകറൻസ് ആവശ്യമാണെന്നുള്ളത് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും അത് നമ്മൾ പരിശോധിക്കേണ്ടതാണ്. വിനോദസഞ്ചാര മേഖലയിൽ ഏതെങ്കിലും വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ഭൂമിയുടെ വികസനം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തുന്ന അവസരത്തിൽ ഈ കമ്മിറ്റിയുടെ അറിവും അതുപോലെതന്നെ സമ്മതവും ഉണ്ടായിരിക്കണമെന്നുള്ള നിബന്ധന ഈ ബില്ലിന്റെ ഭാഗമായിട്ടുണ്ട്. അത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവരാനുള്ള ഒരു ഉപാധിയായിട്ട് ആരെങ്കിലും ഉപയോഗപ്പെടുത്താവാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലതന്നെ ഉദ്യോഗസ്ഥൻമാർക്ക് അനർഹമായ അവകാശങ്ങൾ കൊടുക്കുന്നത് എങ്ങനെയാണെന്നത് ഇവിടെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഉടമസ്ഥന് മൂന്നു മാസത്തെ മുൻകൂർ നോട്ടീസ് കൊടുത്തുകൊണ്ട് ഏതുഭൂമിയിലും കടന്നുചെല്ലാനും വിനോദസഞ്ചാര പ്രവർത്തനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുമായി ഉദ്യോഗസ്ഥന് അധികാരം നൽകുന്ന ഒരു clause ഉണ്ട്. അങ്ങിനെ വരുമ്പോൾ സ്വാഭാവികമായി സംഘർഷങ്ങളിലേയ്ക്ക് മാറും. നാട്ടിൻപുറത്ത് പ്രത്യേകിച്ച് വിനോദ സഞ്ചാരകേന്ദ്രത്തിന്റെ പരിസരത്ത് നിൽക്കുന്ന ഭൂമി എന്നുപറഞ്ഞാൽ വിലകൂടിയ ഭൂമി ആയിരിക്കും. സ്വാഭാവികമായി ഇത്തരം ഭൂമിയിൽ അനായാസമായി കടന്നുചെന്ന് കാര്യങ്ങൾ ചെയ്യാനാവശ്യമായ ഒരു നിലയിലേയ്ക്ക് അവസരം ലഭിച്ചാൽ നാട്ടുകാരും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള സംഘർഷത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങും.

<u>ശ്രീ. ടി. കെ. ദേവകുമാർ</u> : ഉത്തമ വിശ്വാസപൂർവ്വം ചെയ്ത പ്രവർത്തിയ്ക്ക് സംരക്ഷണം അങ്ങ് ചൂണ്ടിക്കാണിച്ചതിന്റെ തുടർച്ചയാണ്. ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടപ്രകാരമോ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ആയ എന്തെങ്കിലും കാര്യം സംബന്ധിച്ച് കമ്മിറ്റിയ്ക്കോ, അപ്പലേറ്റ് അതോറിറ്റിയ്ക്കോ, മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ..... (ബഹളം)..... .....(ബഹളം) .....

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u> : എല്ലാ നിയമത്തിലും അങ്ങനെ ആർക്കും വേണ്ടാത്ത ഒരു clause ഉണ്ടാവും. ഇതിനകത്ത് പറയുന്ന ഈ കാര്യം ഏത് ഭൂമിയിലും മൂന്നുമാസത്തെ മുൻകൂർ നോട്ടീസ് കൊടുത്തിട്ട് കയറിച്ചെന്ന് കാര്യങ്ങൾ ചെയ്യാനാവശ്യമായ സംവിധാനമുണ്ടാക്കാൻ, കാര്യങ്ങൾ ചെയ്യാൻ അധികാരമുണ്ട് എന്ന നിലയിൽ ഉദ്യോഗസ്ഥൻമാർക്ക് അനുമതി കൊടുക്കുന്നത് നമ്മുടേതുപോലെയുള്ള ഒരു പ്രദേശത്ത് സമാധാന ലംഘനം ഉണ്ടാകുന്നതിനുമാത്രമേ ഉപകരിക്കുകയുള്ളൂ. അത്തരം വകുപ്പുകൾ ഒഴിവാക്കി യഥാർത്ഥത്തിൽ നാട്ടിലെ ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ മുൻകൈ എടുക്കണം. ഈ ബിൽ നാട്ടിലെ വിനോദസഞ്ചാരമേഖലയിൽ ഗുണഫലങ്ങൾ ചെയ്യാനുദ്ദേശിച്ചുകൊണ്ടുതന്നെയാണ്. അത് സാധിക്കണമെങ്കിൽ കുറവുകൾ പരിഹരിച്ചുകൊണ്ട് വിനോദസഞ്ചാര മേഖലയിലെ കാര്യങ്ങൾ കുറേക്കൂടി കാര്യക്ഷമമാക്കാൻ സാധിക്കണം. ആ മേഖലയിൽ നടക്കുന്ന കൈയേറ്റങ്ങൾ എടുത്തുനോക്കുമ്പോൾ കേരളത്തിന്റെ പലഭാഗങ്ങളിലും പലമേഖലകളിലും വിനോദസഞ്ചാര സാധ്യതയുള്ള മേഖലകളിൽ ഉണ്ടായ അനധികൃതമായ കൈയേറ്റത്തിന്റെ ഭാഗമായി ആ പ്രദേശത്തിന്റെ തനിമ നഷ്ടപ്പെട്ടുപോവുകയും മനോഹാരിത നഷ്ടമാവുകയും ചെയ്യുന്ന അവസ്ഥയുണ്ട്. കോവളത്തെ സംബന്ധിച്ച് ഇവിടെ ദിവസങ്ങളായി ചർച്ച ചെയ്യുന്ന സംഗതിയാണ്. അതിന്റെ പരിസരത്ത് നിർമ്മാണ പ്രവർത്തനത്തിന് അവസരം കിട്ടിയാൽ കടൽത്തീരം മുഴുവനും കൈയേറുന്ന അവിടെ എന്തുമാകാമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ ചെല്ലുന്ന അവസ്ഥയാണുണ്ടാവുക. എന്നാൽ ഏറ്റവും മനോഹരമായ കടൽത്തീരമുള്ള,

LIBRARY ARCHIVES Kerala Legislative Assembly

വിശാലമായ കടൽത്തീരമുള്ള കേരളത്തിന്റെ പല മേഖലകളിലും ആ പ്രദേശത്തിന്റെ ആകർഷണീയതയ്ക്കനുസരിച്ച് ടൂറിസം വികസിപ്പിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കുന്നതിന് പലപ്പോഴും സാധിക്കുന്നില്ല. ഇത്തരം കുറവുകൾ പരിഹരിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താനും ഇത് നിയമമായി തീർന്നാൽ നമ്മുടെ വിനോദസഞ്ചാര വികസനത്തിന് ഏറ്റവും ഗുണകരമാകുന്ന ഒന്നായി മാറും. ഈ കുറവുകളൊക്കെ പരിഹരിക്കാനാണ് ഇതിന്റെ ഭാഗമായിട്ടുള്ള സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ഞങ്ങൾ ഡിസെന്റ് രേഖപ്പെടുത്താൻ നിർബന്ധിതമായത്. ഇത്തരം ചില പോരായ്മകൾ ഉള്ളതുകൊണ്ടും ഈ പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ടും എന്റെ ഡിസെന്റ് രേഖപ്പെടുത്തി കൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ബില്ലിന്റെ ഭാഗമായി ശ്രീ. കെ. വി. കുഞ്ഞിരാമൻ പറഞ്ഞതുപോലെ ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകുന്ന വ്യവസ്ഥകൾ, അതിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം വേണ്ടത്രയില്ലാതെ വന്ന സാഹചര്യത്തിലാണ് ഡിസെന്റ് എഴുതാൻ പ്രധാനമായും ഇടയാക്കിയത്. ഇങ്ങനെ ചെയ്യണമെന്ന് ചെയർമാന് തോന്നുന്നെങ്കിൽ പ്രത്യേക സാഹചര്യത്തിൽ ആ പ്രദേശത്തുള്ള ജനപ്രതിനിധികളെ ക്ഷണിക്കാം എന്നുള്ള വ്യവസ്ഥയ്ക്ക് പകരം അതിലെ ജനപ്രതിനിധികളെകൂടി ഉൾപ്പെടുത്താവുന്ന, എം.പി., എംഎൽ.എ., പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെയുള്ള ആളുകളെ ഉൾപ്പെടുത്താൻ കഴിയുന്ന, ഈ ബില്ലിന്റെ ഉള്ളടക്കത്തിന്റെ സദുദ്ദേശ്യത്തെ ചോദ്യം ചെയ്യാതെ തന്നെ, ജനങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും നേരിട്ടറിയുന്ന ആളുകൾ എന്ന നിലയിൽ സ്റ്റാറ്റ്യൂട്ടറിയായി അവർക്കുകൂടി അധികാരമുള്ള രീതിയിൽ ഇതിന്റെ ഘടന മാറ്റുന്നത് ഗുണമാണ് ചെയ്യുക എന്നുള്ള അഭിപ്രായമാണെനിക്കുള്ളത്. നമ്മുടെ കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തായ പ്രകൃതിഭംഗിയും മനോഹാരിതയും ഈ സാംസ്ക്കാരികമായ തനിമയും പൈതൃകവും പരിസ്ഥിതിയും സംരക്ഷിച്ചുകൊണ്ടു പോകുന്ന സ്ഥിതിയുണ്ടാവണം. എന്നാൽ നമ്മുടെ ടൂറിസത്തിന്റെ മറവിൽ ഇന്ന് കേരളത്തിൽ ആയുർവേദ മസാജ് പാർലറുകളും കായൽ ടൂറിസത്തിന്റെ മറവിൽ നടക്കുന്ന അനാശാസ്യമായ നിലപാടുകളുമൊക്കെ തിരുത്താൻ കഴിഞ്ഞില്ലെങ്കിൽ കേരളത്തിന്റെ മനോഹാരിതയ്ക്ക് പുഴുക്കുത്തേൽക്കുന്ന നിലപാടുകൾ ഉണ്ടാകുമെന്ന് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നു. അതുപോലെ തന്നെ കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകൾ വരണമെങ്കിൽ ഇവിടെ Law and Order situation ഭദ്രമായിരിക്കണമെന്ന് നമുക്കറിയാം. ഇൻഡ്യയിൽ ഏറ്റവും മനോഹരമായ പ്രദേശമാണ് കാശ്മീർ. ഇതുപോലെ ലോകത്തിൽ ഏറ്റവുമധികം ടൂറിസ്റ്റുകളെ ആകർഷിച്ചിരുന്ന ആ പ്രദേശത്തുണ്ടായ വർഗ്ഗീയ കലാപങ്ങൾ, വിഘടനവാദങ്ങൾ അതുമായി ബന്ധപ്പെട്ട് ആ പ്രദേശത്തിന്റെ സാധ്യതകൾ മങ്ങിയതുപോലെ, വിദേശ ടൂറിസ്റ്റുകൾക്കും ആഭ്യന്തര ടൂറിസ്റ്റുകൾക്കും ഉൾപ്പെടെ കടന്നുവരാനും ഈ മേഖലയിൽ നമ്മെളെല്ലാവരും വിഭാവനം ചെയ്യുന്നതുപോലുള്ള തൊഴിലവസരങ്ങളും ഇതിന്റെ പ്രയോജനവും റവന്യൂ വരുമാനവുമൊക്കെ ഉണ്ടാക്കിയെടുക്കാനും സമാധാനപരമായ ഒരു അന്തരീക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയെടുക്കേണ്ടത് അനിവാര്യമാണ്. പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ അതിനെതിരായ ചില നിലപാടുകളുണ്ടാവുന്നുണ്ട്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിന് ടൂറിസ്റ്റ് പോലീസെന്ന ആശയം, ആ ആശയം പ്രയോജനപ്പെടുത്തുമ്പോൾ ഇന്ന് കേരളത്തിലുള്ള പോലീസ് സംവിധാനത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് അത് നടപ്പാക്കാൻ നമുക്കാവില്ല എന്നുള്ള പ്രത്യേകതയുണ്ട്. പഴയ ഡി.ജി.പി. പറഞ്ഞപോലെ പോലീസിൽ ക്രിമിനലുകളും അഴിമതിക്കാരും നിറഞ്ഞ ഒരു സംവിധാനത്തെ പ്രയോജനപ്പെടുത്തി ടൂറിസ്റ്റുകളുടെ സംരക്ഷണത്തിന് ആവശ്യമായ നയം ഉണ്ടാക്കിയെടുക്കാൻ കഴിയില്ല. അപ്പോൾ Law and Order situation കൂടി ടൂറിസ്റ്റുകൾ വരാത്തതിന് ഒരു പ്രധാന ഘടകമാണ്, അതുപോലെതന്നെ അടിയ്ക്കടി ഉണ്ടാകുന്ന പ്രശ്നങ്ങൾ, വർഗ്ഗീയ കലാപങ്ങൾ, കേരളത്തിൽ സമരമുള്ളതുകൊണ്ടാണ് ടൂറിസ്റ്റുകൾ വരാത്തതെന്നുപറഞ്ഞാൽ അത് ആകെ പരിശോധിച്ചാലും കേരളത്തിലേയ്ക്കു ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞിട്ടില്ല. നേരെമറിച്ച് ഇത്തരം വർഗ്ഗീയ സംഭവങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു എന്ന് നമ്മൾ കാണാതിരുന്നുകൂടാ. അതുപോലെ തന്നെ വിദേശികൾക്ക് താമസസൗകര്യം ആലോചിക്കുമ്പോൾ അതോടൊപ്പം ഇപ്പോൾ മദ്യം വിളമ്പാനുള്ള സൗകര്യം കൂടി ആലോചിക്കുകയും ടൂറിസം വികസനത്തിന്റെ ഭാഗമായി ഹോട്ടലുകൾ തുടങ്ങുകയും അവിടെ മദ്യം കൊണ്ടുവരാൻ വേണ്ടിയുള്ള ശ്രമങ്ങളും ഈ കേരളത്തിൽ അതിന്റെ മറവിൽ മദ്യം ഒഴുക്കാനുള്ള ശ്രമങ്ങളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടവയല്ല. അതുപോലെതന്നെ ആഭ്യന്തര ടൂറിസ്റ്റുകളെ കേരളീയർ തന്നെ, കേരളം കാണാൻ ആഗ്രഹമുള്ളവർക്ക്, നമ്മുടെ പ്രദേശങ്ങളിൽ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തി ചുരുങ്ങിയ ചെലവിൽ താമസിക്കാൻ കഴിയുന്ന അന്തരീക്ഷം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. അതിനുള്ള സാഹചര്യമില്ല എന്ന സ്ഥിതിയുണ്ട്. അതുപോലെതന്നെ നമ്മുടെ Tourist Information Centre-കളിൽ ഇൻഫർമേഷൻ മാത്രമില്ല. ശരിയായ വിവരങ്ങൾ നൽകുന്നില്ല, തന്നെയുമല്ല തെറ്റായ ധാരണകളും, അവിടെ സമീപിക്കുന്ന ആളുകളോട് വ്യക്തമായി കാര്യങ്ങൾ ധരിപ്പിക്കാനുള്ള സംവിധാനവും നമ്മുടെ Tourist Information Centre -കളിൽ ഇല്ല. നമ്മുടെ കെ.റ്റി.ഡി.സി.യുടെ ഹോട്ടലുകളിൽ ജീവനക്കാരും അവരുടെ പെരുമാറ്റവും, അതിലൊക്കെയാണ് മാറ്റം വരേണ്ടത്. സ്വകാര്യമൂലധനം ഈ മേഖലയിലേയ്ക്ക് കടന്നുവരണം. അതിനെ ആരും എതിർക്കുന്നില്ല. പക്ഷേ Land Bank Scheme-ന്റെയൊക്കെ ഭാഗമായി ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയനുസരിച്ച് കടലോരങ്ങളും ഇക്കോ ടൂറിസത്തിന്റെ ഭാഗമായി മലകൾക്കടുത്തുള്ള പ്രദേശങ്ങളും വികസിപ്പിച്ചെടുത്ത് സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനുകൊടുക്കാം എന്നുള്ള കാഴ്ചപ്പാട് സ്വകാര്യമൂലധനമുപയോഗിച്ച് ടൂറിസം മേഖലയിലേയ്ക്ക് കടന്നുവരുന്ന വൻകിടക്കാരൻ എങ്ങനെയാണ് പ്രയോജനപ്പെടുത്തുന്നതെന്ന് കടലോരങ്ങളുടെ കൈയേറ്റവും കോവളത്തെ കൈയേറ്റവുമൊക്കെ പരിശോധിച്ചാൽ കാണാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അത്തരം പ്രവണതകൾ ഒഴിവാക്കാൻ കഴിയുന്ന രീതിയിലുള്ള സമീപനം നമുക്ക് ഉണ്ടാകണം. കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ ഏറ്റവും പരിഗണിക്കപ്പെടേണ്ട ഉൽസവങ്ങൾ, തൃശ്ശൂർ പൂരംപോലെ കേരളത്തിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലുമുള്ള പൂരങ്ങൾ ഇതിന് പ്രയോജനപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന ഒരു കർമ്മ പദ്ധതി ഇന്നു വേണ്ടത്ര നമുക്കില്ല എന്ന സ്ഥിതിയുണ്ട്. അത് പരിഹരിക്കാനും ഈ ഉൽസവങ്ങളും പൂരങ്ങളും പെരുന്നാളും ഉൾപ്പെടെയുള്ള കേരളത്തിലെ വിവിധ വിഭാഗങ്ങളുടെ ആഘോഷങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന, വിദേശികളെ ആകർഷിക്കാൻ കഴിയുന്ന കർമ്മ പദ്ധതികൾ ഇന്ന് വേണ്ടത്ര ഇല്ല. നാലാം വകുപ്പിലെ ഈ ഉദ്യോഗസ്ഥമേധാവിത്വ പരമായ സമീപനം അവസാനിപ്പിച്ച് ജനപ്രതിനിധികളെ കൂടി പങ്കാളികളാക്കുന്ന രീതിയിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ ബില്ല് കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാമുള്ള 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണം, പരിപാലനം എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ആഗ്രഹം ഈ ബില്ലിലൂടെ സാർത്ഥകമാകണമെങ്കിൽ ആ മേഖലയിലെ പദ്ധതികൾ നമ്മുടെ നാടിനും സംസ്ക്കാരത്തിനും ഇണങ്ങിയവയായിരിക്കണം. ഇവിടെ എല്ലാവരും പറഞ്ഞതുപോലെ ആയുർവേദ ചികിൽസ, ഇക്കോ ടൂറിസം തുടങ്ങിയവയെ വിനോദ സഞ്ചാരത്തിന്റെ പേരിൽ പലരും വിൽപന ചരക്കാക്കുന്നു എന്നതാണ് സത്യം. യാഥാർത്ഥ്യത്തെ മറച്ചു വയ്ക്കുകയാണ്. കൊലയാളി സുനാമി വന്നിട്ടുപോലും നമ്മുടെ നാടിന്റെ പ്രകൃതിരമണീയത നശിച്ചിട്ടില്ല പക്ഷേ വികൃതമാക്കിക്കൊണ്ടിരിക്കുകയാണ് പലരും അതിനെ. മസാജ് പാർലറുകളും ആയുർവേദ സുഖചികിൽസയും കേരളത്തിന്റെ തനത് ആയോധനകലയായ കളരിയേയും വികൃതമാക്കുന്ന രീതിയിൽ വിനോദസഞ്ചാര മേഖല വികൃതമായിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം നിയന്ത്രിക്കാൻ സർക്കാരിന് കഴിയണം. അത് ഉദ്യോഗസ്ഥന്മാർ മാത്രമുള്ള ബോഡിക്ക് വിട്ടുകൊടുക്കരുത്. ജനപ്രതിനിധികൾ വേണം. ബഹുമാനപ്പെട്ട മന്ത്രി ചെയർമാനാകണം. അത്തരത്തിലുള്ള ഒരു ബോഡിയായിരിക്കണം വേണ്ടത്. 'gods own country' എന്ന് ലോകം അറിയപ്പെടുന്ന കേരളം പരശുരാമൻ മഴു എറിഞ്ഞ് ഉണ്ടായതാണെന്നാണ് നമ്മൾ ചരിത്രം പഠിച്ചത്. ആ കേരളം ബഹുമാനപ്പെട്ട മന്ത്രിയുടെ മുഖംപോലെ സുന്ദരമായിരിക്കണം എന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്. ആറ് അവാർഡുകൾ ഇപ്പോൾ കിട്ടിയിട്ടുണ്ട്. Excellence for outstanding performance in various tourism segments. നല്ല ഒരു ടീം അങ്ങയുടെ പിന്നിലുണ്ടെന്നു വിശ്വസിക്കുകയാണ്. വിനോദസഞ്ചാരം എന്നാൽ അത് നഗരങ്ങൾ മാത്രം എന്നതാണ് ഇപ്പോൾ കാണുന്നത്. അത് ഗ്രാമങ്ങളിലേയ്ക്ക് എത്തുന്നില്ല. പ്രകൃതിരമണീയമായ സ്ഥലമാണ് ഞങ്ങളുടെ നാടൊക്കെതന്നെ. വളരെ സുന്ദരമായ സ്ഥലമാണ് പൊയ്ലൂർ. അതുപോലെ തന്നെ നരിക്കോട്ടമല പ്രദേശങ്ങളിലൊക്കെതന്നെ, അവിടെ പ്രകൃതി പഠനകേന്ദ്രമുണ്ട്. അവിടുന്നു നമ്മുടെ പഴശ്ശി രാജാവ് നടന്നുപോയ

LIBRARY ARCHIVES Kerala Legislative Assembly

വഴികളുണ്ട്. 18 കിലോമീറ്റർ വയനാട്ടിലേയ്ക്ക്, വളരെ സുന്ദരമായ സ്ഥലമാണ്. എന്റെ നിയോജകമണ്ഡലത്തിലാണ് അത്. വളരെ സുന്ദരവും അതുപോലെതന്നെ വികസിപ്പിക്കാൻ കഴിയുന്ന ഒരു പ്രകൃതിരമണീയമായ സ്ഥലമാണ്. അവിടെ വിനോദസഞ്ചാരത്തിനു പറ്റിയ മേഖലയാണ്. തലശ്ശേരിയിലെ മുഴപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത്. ധർമ്മടം തുരുത്ത് എന്നു പറയുമ്പോൾ അത് വളരെ ഭംഗിയുള്ളതാണ്. അവിടെ പോയി താമസിക്കാനും, മന്ത്രിക്ക് ഇപ്പോൾ അറിയില്ല. പണ്ട് അറിയാമായിരുന്നു. എപ്പോഴും പോകുന്ന സ്ഥലമായതുകൊണ്ട് അറിയുമായിരുന്നു. അതിന്റെ കരയിലായിരുന്നു അധികവും ഉണ്ടായിരുന്നത്. കണ്ണൂർ ഗസ്റ്റ് ഹൗസിൽ പോകുമ്പോഴൊക്കെ തന്നെ മന്ത്രി വേണുഗോപാലിന് കാണാമായിരുന്നു. ഇപ്പോൾ മന്ത്രി ആയതിനുശേഷം കാണാനില്ല. അതുകൊണ്ടാണ് പറഞ്ഞത് ധർമ്മടം തുരുത്ത് എന്നു പറയുന്നത് വളരെ പ്രകൃതിരമണീയത മാത്രമല്ല കടലിന്റെ നടുക്കായിട്ടുള്ള നല്ല ഒരു പ്രദേശവും അവിടെയുണ്ട്. അവിടെയൊക്കെതന്നെ ആളുകൾ പോവുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, വിനോദ സഞ്ചാരികളെ ആകർഷിക്കണമെങ്കിൽ അവർക്ക് പറ്റുന്ന ഭക്ഷണം കൊടുക്കാൻ കഴിയണം. രുചികരമായ ഭക്ഷണം കൊടുക്കാൻ പറ്റണം. ഇന്നു കേരളത്തിൽ വിദേശികൾക്ക് കൊടുക്കുന്ന ഭക്ഷണം നമുക്ക് തന്നെ ഇഷ്ടപ്പെടുന്ന ഭക്ഷണമല്ല. പ്രത്യേകിച്ച് നമ്മുടെ കൃാന്റീനിലെ ഭക്ഷണം കഴിച്ചാൽ ഒരൊറ്റ വിദേശിയെ ഇങ്ങോട്ട് നമുക്ക് ആകർഷിക്കാൻ കഴിയുകയില്ല. അപ്പോൾ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പറ്റുന്ന ഭക്ഷണക്രമത്തെ സംബന്ധിച്ച് കൂടി ഈ ബില്ലിന്റെ ഭാഗമാക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർക്ക് തോന്നുന്നുണ്ടോ ?

ശ്രീ കെ. പി. മോഹനൻ : തോന്നുന്നതുമാത്രമല്ല അതിന് നമ്മുടെ തലശ്ശേരിയിൽ വന്നാൽ, ബാലേട്ടൻ പണ്ട് കോളേജിൽ പഠിക്കുന്ന കാലത്ത് മോഡേൺ ഹോട്ടലുണ്ട്. അവിടുത്തെ ഭക്ഷണം കഴിച്ചാൽ ആരും അവിടുന്നു പോവുകയില്ല. അത്ര നല്ല ഭക്ഷണമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ധർമ്മടത്തെ തുരുത്ത് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കിയാൽ ഏറ്റവും രുചികരമായ ഭക്ഷണം തലശ്ശേരിക്കാർ ഉണ്ടാക്കി തരാം. അതുകൊണ്ട് ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റണം. പ്രത്യേകിച്ച് ശ്രീ. കെ. സി. വേണുഗോപാൽ വിദ്യാർത്ഥിയായിരുന്ന കാലത്ത് ആ തുരുത്തിൽ പോയിട്ട് ഒരുപാട് സമയം ഇളനീർ തിന്നിട്ടുണ്ടെന്ന കാര്യം ഞങ്ങൾക്ക് അറിയുകയും ചെയ്യാം.

മി. സ്പീക്കർ : കോളേജിൽ പഠിക്കുന്ന കാലത്തെ വിശേഷം ഒന്നും പറയണ്ട.

ശ്രീ. ടി. കെ. ബാലൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാട്ടിയ ധർമ്മടം എന്റെ സ്വദേശമാണ്. ആ ധർമ്മടത്തെ ഭക്ഷണത്തെക്കുറിച്ച് പറഞ്ഞല്ലോ, അതിന്റെ ചുറ്റുമാണ് ഇന്നു കേരളത്തിൽ കിട്ടുന്നതിൽ ഏറ്റവും നല്ല കല്ലുമായ്ക്കായും മുരുവും കിട്ടുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അതുകൊണ്ട് എന്തായാലും അവിടെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻവേണ്ടി മുൻകൈയെടുക്കണമെന്നു ശക്തിയായിട്ട് പറയണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, തുരുത്തിൽ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പോയി ഇളനീർ കുടിച്ചത് പറഞ്ഞു. ആ സന്ദർഭത്തിൽ എല്ലാം അദ്ദേഹം അവിടെ ഉണ്ടല്ലോ ? അതുകൊണ്ടാണല്ലോ കണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, കോടിയേരിയും ബാലേട്ടനും പറയുന്നതു കേട്ടാൽ തോന്നും മന്ത്രിയെ ആകർഷിക്കാനുള്ള ക്ഷേണക്രമം ഇതിൽ ഉൾപ്പെടുത്തണമെന്നാണ്. ടൂറിസ്റ്റുകളെ ആകർഷിക്കാനല്ലേ ഉദ്ദേശിക്കുന്നത്? മന്ത്രിയുടെ സ്വാദ് അനുസരിച്ചാണോ ക്ഷേണക്രമം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. പി. മോഹനൻ : മന്ത്രിക്ക് ഇത് ഏറ്റെടുത്തതിനുശേഷം ഒരുപാട് അവാർഡുകൾ കിട്ടിയിട്ടുണ്ട്. അതിൽ ക്ഷേണത്തിന്റെ അവാർഡ് കൂടി ഉണ്ടാകും. നമ്മുടെ ടൂറിസ്റ്റ് മേഖലയിലേയ്ക്ക് കടക്കുമ്പോൾ കേരളത്തിന്റെ തനിമ നഷ്ടപ്പെടുത്തുന്നുണ്ട്. നമ്മുടെ സാംസ്ക്കാരം നിലനിർത്തണം. നമുക്കൊരു സംസ്കൃതിയുണ്ട്. അത് ഒരിക്കലും നശിപ്പിക്കുന്ന രൂപത്തിലേയ്ക്ക് ടൂറിസത്തെ കൊണ്ടെത്തിക്കരുത് അത് വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒരു സംഗതിയാണ്. അതിന്റെ സംരക്ഷണത്തെക്കുറിച്ച് പറഞ്ഞല്ലോ, ഞാൻ നേരത്തെ പറഞ്ഞതുപോലെ കൊലയാളി സുനാമി വന്നിട്ടുപോലും നമ്മുടെ കേരളത്തിന്റെ സൗന്ദര്യത്തെ ബാധിച്ചിട്ടില്ല. അത്രമാത്രം സൗന്ദര്യമുള്ള സ്ഥലമാണ്. എന്നിട്ടുപോലും അതിനെ വികൃതമാക്കുന്ന രൂപത്തിലേയ്ക്ക് എത്തിക്കുന്നു. ഇവിടെ എല്ലാവരും പറഞ്ഞതുപോലെ നമ്മുടെ കായലുകൾ, കടൽത്തീരങ്ങൾ, മുഴപ്പിലങ്ങാട് ബീച്ച്, ലോകത്തെ തന്നെ രണ്ടോ മൂന്നാമത്തെ ബീച്ച് എന്നാണ് പറയുന്നത്. അവിടെ ഡ്രൈവിംഗ് ചെയ്യാമായിരുന്നു. ഡ്രൈവിംഗ് ചെയ്യുമ്പോൾ ഉണ്ടാകുന്ന സൗന്ദര്യം ഇപ്പോൾ കിട്ടുന്നില്ല. അവിടെയൊക്കെത്തന്നെ വളരെ വികൃതമാക്കിയിട്ടുണ്ട്. അധോലോകത്തിന്റെ കടന്നുകയറ്റം പല ടൂറിസ്റ്റ് മേഖലയിലുമുണ്ട്. അതൊക്കെ ഇല്ലാതാക്കാനുള്ള ശ്രമം കൂടി ഇതിന്റെ ഭാഗമായിട്ട് ഉണ്ടാകണം. സംരക്ഷണം എന്നു പറയുമ്പോൾ അത് ഉറപ്പുവരുത്തണം. വെറുതെ പറഞ്ഞതുകൊണ്ട് കാര്യമില്ല. ഞാൻ ഒന്നുകൂടി പറയുകയാണ്, നമ്മുടെ ഗ്രാമങ്ങളിലേയ്ക്ക് ഈ ടൂറിസം മേഖല കടക്കണം. വലിയ പണമൊന്നും ചെലവാക്കേണ്ടതില്ല. ടൂറിസം മേഖലയാക്കി എടുത്താൽ പലരും വരും എന്നു മാത്രമല്ല അത് അനുഭവിക്കാൻ നല്ല സുഖമാണ്. നഗരങ്ങളിൽ ഉണ്ടാകുന്ന അന്തരീക്ഷവും പൊല്യൂഷനും ഒന്നും അവിടെ ഇല്ല. അതുകൊണ്ടുതന്നെ അത് വികസിപ്പിച്ചെടുക്കാനും ഗ്രാമങ്ങളിൽ വികസിപ്പിച്ചെടുത്തുകൊണ്ട് ഒരു നല്ല മേഖലയാക്കാനും കഴിയുന്ന രൂപത്തിലേയ്ക്ക് എത്തണം.

ശ്രീ. വി. കെ. ചന്ദ്രൻ : അങ്ങ് വളരെ മനോഹരമായിട്ടുള്ള ഭൂപ്രദേശങ്ങൾ ഉൾപ്പെടുത്തി ടൂറിസം മേഖല വികസിപ്പിച്ചെടുക്കണമെന്നാണ് പറയുന്നത്. കേരളത്തിന് മഹത്തരമായ സംസ്കൃതിയുണ്ട്. ഇപ്പോൾ പറയിപെറ്റ പന്തിരുകുലവും പിന്നെ നാറാണത്ത് ഭ്രാന്തനും മേപ്പത്തൂർ അഗ്നിഹോത്രിയും ഉൾപ്പെടെയുള്ള വളരെ മനോഹരമായ ഒരു ഭൂപ്രദേശമാണ് തൃത്താല. ആ പ്രദേശം കൂടി ടൂറിസം മേഖലയിൽ ഉൾപ്പെടുത്താൻ അങ്ങേക്ക് നിർദ്ദേശിക്കാൻ കഴിയുമോ ?

ശ്രീ. കെ. പി. മോഹനൻ : തൃത്താല മാത്രമല്ല. വൈദ്യമഠം തൃത്താല ലോകത്തെ തന്നെ വലിയ ഒരു ആയുർവേദ കേന്ദ്രമാണ്.

മി. സ്പീക്കർ : ഇപ്പോൾ പറയുന്നത് കേട്ടാൽ അസംബ്ലി ഒഴിച്ച് ബാക്കിയൊക്കെ ടൂറിസ്റ്റ് മേഖലയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : ഈ കുന്നുകളൊക്കെ ഇടിച്ചു താഴ്ത്തുന്നതിന് നടപടിയുണ്ട്. അതിനൊക്കെതന്നെ ഒരു തടയിടണം. നമ്മുടെ തനിമ നശിപ്പിക്കുന്ന രീതിയാണുള്ളത്. അതുകൊണ്ട് വിനോദ സഞ്ചാര മേഖലയെ സംരക്ഷിക്കണം. പരിപാലനം അതിന്റെതായ രീതിയിൽതന്നെ വേണം. അതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ബില്ലിൽ ഈ പറഞ്ഞ രീതിയിൽ ഉദ്യോഗസ്ഥന്മാർക്ക് മാത്രം വിട്ടുകൊടുക്കാതെ ജനപ്രതിനിധികളും അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രിതന്നെ ആയിരുന്നാലും അതിന്റെ ചെയർമാനായികൊണ്ടുള്ള ഒരു ബോഡിക്ക് വിട്ടുകൊടുക്കാൻ വ്യവസ്ഥ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. വി. ജയരാജൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു കാര്യം പറയാം. മനോഹരമായ ടൂറിസ്റ്റു കേന്ദ്രമാണ് കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഡ്രൈവിംഗ് ബീച്ച്. അഞ്ചു കിലോമീറ്റർ ദൈർഘ്യം. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെക്കൂടി ക്ഷണിക്കുകയാണ്. അതുപോലെ ഒരു കടൽ തീരം ഇല്ലെന്നാണ് എല്ലാവരും പറയുന്നത്. മറ്റു സ്ഥലത്തൊന്നും പോയി പരിചയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. വാഹനം ഓടിച്ചുകൊണ്ട് നമുക്ക് ആ കടൽ തീരത്തുകൂടി പോകാം. അത്രമാത്രം പ്രത്യേകതയാണ്. അവിടെ കടൽതീരത്തെ മണൽ. സുനാമി വന്നിട്ട് ആ മണലാണ് തടഞ്ഞു നിർത്തിയത്. സുനാമി വന്നിട്ടും യഥാർത്ഥത്തിൽ അവിടെയുള്ള മത്സ്യത്തൊഴിലാളികളെയും ആ തീരദേശത്തുള്ള ജനങ്ങളെയും രക്ഷിച്ചത് ഇത്രമാത്രം കട്ടിയുള്ള മണ്ണ് ആയതുകൊണ്ടും പുഴി ആയതുകൊണ്ടുമാണ്.

ശ്രീ. കെ. ബാബു : ശ്രീ. ജയരാജൻ പറഞ്ഞ ഈ മണ്ണിൽ കുഴിബോംബുണ്ടെന്നു പറയുന്നുണ്ടല്ലോ?

ശ്രീ. എം. വി. ജയരാജൻ : ശ്രീ. ബാബുവിന് അങ്ങനെ പലതും തോന്നും. യഥാർത്ഥത്തിൽ എന്താണ് പറയുന്നതെന്ന് ബാബുവിനു തന്നെ അറിയില്ല. വല്ലാതെ ഒരു വിഭ്രാന്തിയിലാണ് ബാബുവിനെ ഇന്നലെ മുതലേ കണ്ടത്. ആ വിഭ്രാന്തി ഇന്നും ബാബുവിനുണ്ടാകും. യഥാർത്ഥത്തിൽ ഒരു ടൂറിസ്റ്റു കേന്ദ്രം, ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞതുപോലെ ധർമ്മടം തുരുത്തുമായി ബന്ധപ്പെടുത്തിക്കൊണ്ട് ആഭ്യന്തര വിദേശ ടൂറിസ്റ്റുകളെ വ്യാപകമായി ആകർഷിക്കുവാൻ കഴിയുന്ന ഒരു കേന്ദ്രമാണ്. കേന്ദ്രത്തിന്റെ മുമ്പിൽ നിരവധി പദ്ധതികളൊക്കെ സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ ജില്ലാക്കാരൻ കൂടിയായിട്ടുള്ള നമ്മുടെ ടൂറിസ്റ്റു മന്ത്രി ഉള്ളപ്പോൾ ഈ കാലഘട്ടത്തിൽത്തന്നെ അത് ഒരു പ്രധാന ടൂറിസ്റ്റു കേന്ദ്രമായി മാറ്റിയാൽ നമുക്ക് ഒരുപാട് പ്രയോജനമുണ്ടാകും എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. പി. സി. ജോർജ്ജ് : അവിടുത്തെ ഒരു കാര്യം, ഈ ബില്ലിൽ അങ്ങ് പറയുമെന്ന് പ്രതീക്ഷിച്ച കാര്യം പറയാതിരുന്നതുകൊണ്ട് ഓർമ്മിപ്പിക്കുകയാണ്. ഗവൺമെന്റ് ബ്യൂറോക്രാറ്റ്സുകളെ മാത്രം വെച്ചുകൊണ്ട് ഒരു കമ്മിറ്റി ഉണ്ടാക്കിക്കൊണ്ടാണ് ഈ കാര്യങ്ങളൊക്കെ ചെയ്യുന്നത്. അതാണ് ഇവിടെ തർക്ക പ്രശ്നം.

നമ്മുടെ ത്രിതല പഞ്ചായത്തു പ്രസിഡന്റുമാർ, പഞ്ചായത്തു പ്രസിഡന്റുമാർ, എം.എൽ.എമാർ. എം.പി.മാരൊക്കെയുണ്ട്. ജനപ്രതിനിധികൾക്ക് യാതൊരുവിധ അധികാരവും കൊടുക്കാതെയുള്ള കമ്മിറ്റിയാണ് ഇത്. ഇതിൽ രണ്ടാമത്തെ പേജിലുണ്ട്. ആ കമ്മിറ്റിയുടെ ഘടന മാറ്റിക്കൊണ്ട് അതിന് ഒരു മാറ്റം വരുത്തുക എന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ? മാനസികമായ മാറ്റം മന്ത്രിക്ക് എപ്പോൾ വേണമെങ്കിലും ഉണ്ടാകാമല്ലോ? അതിലേയ്ക്ക് അങ്ങ് ഒന്നു ശക്തമായി ഉന്നയിച്ചാൽ നന്നായിരിക്കുമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തുകയാണ്.

ശ്രീ. എം. വി. ജയരാജൻ : അതിലേയ്ക്കാണ് വരുന്നത്. അതിലെല്ലാം മാറ്റം വരുത്തണം. ആ ബില്ലിൽ യഥാർത്ഥത്തിൽ ഭേദഗതിയിലൂടെ പല അംഗങ്ങളും ചൂണ്ടി കാണിച്ചിട്ടുണ്ട്. ഞാനും ഒരു ഭേദഗതി സമർപ്പിക്കുന്നുണ്ട്. ഭേദഗതി ക്ലാസ് ബൈ ക്ലാസ് ആയി എടുക്കുന്ന സമയത്ത് അതു പറയാം. ഏതായാലും കണ്ണൂർ ജില്ലയിലെ ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കുറിച്ച് പറഞ്ഞിട്ട് ആ പോയിന്റിലേയ്ക്ക് കടക്കാം. പൈതൽമല, മുഴപ്പിലങ്ങാട് ടൂറിസ്റ്റു കേന്ദ്രം, ധർമ്മടം തുരുത്ത്, അഴീക്കോട്, നമ്മുടെ ടി. കെ. ബാലേട്ടന്റെ മീൻകുന്ന്, പയ്യാമ്പലം, ഇതെല്ലാം ബന്ധപ്പെടുത്തിക്കൊണ്ട് കണ്ണൂർ ജില്ലയിലെ ടൂറിസം വികസനം സാദ്ധ്യമാക്കണം. ഒരുപാട് സാധ്യതകളുള്ള വടക്കൻ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്രപ്രധാനമായ സ്ഥലങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ് ഇതെന്നുള്ളതുകൊണ്ടു തന്നെ അതിന് ഒരു പ്രത്യേക പരിഗണന ഉണ്ടാകണം. അതിന്റെ അടിസ്ഥാനത്തിലാകണം വിനോദസഞ്ചാര മേഖലയിലെ പ്രവർത്തനം എന്നുള്ളതാണ് ഒരു കാര്യം എനിക്കു സൂചിപ്പിക്കുവാനുള്ളത്. വിനോദ സഞ്ചാര വികസനം സാർത്ഥകമാകണമെങ്കിൽ ഈ മേഖലയിലെ പദ്ധതികൾ നമ്മുടെ നാടിനും സംസ്ഥാനത്തിനും യോജിക്കുന്ന വിധത്തിലുള്ളത് ആകണം. ഈ കമ്മിറ്റിയുടെ കർത്തവ്യങ്ങളെക്കുറിച്ച്, കടമകളെ കുറിച്ച് നിയമത്തിൽ പ്രതിപാദിക്കുന്ന നല്ല ആശയങ്ങളുണ്ട്. ചുമതലകളെക്കുറിച്ചും വിവരിക്കുംവിധത്തിലുള്ള ഒരുപാട് ആശയങ്ങളുണ്ട്. ആ ആശയങ്ങളോട് തത്വത്തിൽ യോജിക്കുകയാണ്. പക്ഷേ ഇവിടെ നമ്മുടെ സംസ്കാരത്തിനും നമ്മുടെ നാടിന്റെ പാരമ്പര്യത്തിനും യോജിക്കും വിധത്തിൽ ഒരു വികസന കാഴ്ചപ്പാട് നമുക്ക് ഇല്ലെങ്കിൽ ടൂറിസ്റ്റുകൾ ഇവിടെനിന്ന് ഓടിക്കപ്പെടും. അതിൽ വളരെ പ്രധാനപ്പെട്ടതാണ് ഇവിടെ ശ്രീ. മൊയ്തീൻ ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യം. അത് വിനോദസഞ്ചാര മേഖലയിൽ നല്ല രീതിയിൽത്തന്നെ നമ്മുടെ ടൂറിസ്റ്റുകളെ നയിക്കുവാൻ കഴിയുന്ന ടൂറിസ്റ്റ് ഗൈഡുകൾ എന്നു വിളിക്കുന്ന ആളുകളെക്കൂടി ബന്ധപ്പെടുത്തിക്കൊണ്ട് നമുക്ക് സംരക്ഷിക്കുവാൻ കഴിയണം. ഒരുപാട് ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ഇപ്പോൾ സാമൂഹ്യ വിരുദ്ധന്മാരുടെ അഴിഞ്ഞാട്ടം നടക്കുന്നുണ്ട്. അതു നമ്മൾ അവഗണിച്ചുകൂടാ. ഈ സാമൂഹ്യ വിരുദ്ധന്മാരുടെ ശല്യത്തെത്തുടർന്ന് വിദേശികളായിട്ടുള്ള ടൂറിസ്റ്റുകളുടെ നേരെ മാത്രമല്ല, നമ്മുടെ നാട്ടിലുള്ള ടൂറിസ്റ്റുകൾ, ടൂറിസ്റ്റുകൾ എന്നു പറയുമ്പോൾ ഞാൻ ഉദ്ദേശിക്കുന്നത്, ഒഴിവു കാലങ്ങളിലും വിശേഷ ദിവസങ്ങളിലുമെല്ലാം ഇത്തരം ടൂറിസ്റ്റു കേന്ദ്രങ്ങളിൽ കുടുംബസമേതം പോകുന്നവർ, അത്തരം ആളുകളോട് ചിലർ എടുക്കുന്ന സമീപനമുണ്ട്. ആ സമീപനം നമ്മുടെ നാട്ടിനു യോജിക്കുന്നതല്ല. അതിനെ കർശനമായി തടയുകതന്നെ വേണം. അതിനു വ്യക്തമായിട്ടുള്ള ഒരു സമീപനംതന്നെ വേണം. എങ്ങനെ അതു കഴിയും? നമുക്ക് ലാ ആന്റ് ഓർഡർ സംരക്ഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിൽ പോലീസിനെ ഉപയോഗിച്ചുകൊണ്ടു മാത്രം തടയാൻ പറ്റുമോ? പോലീസിനെക്കൊണ്ടു മാത്രം സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതിന് ഏറ്റവും പ്രധാനമായി നമുക്ക് ആശ്രയിക്കുവാൻ കഴിയുന്നത് ലോക്കൽ ബോഡീസിനെയാണ്. അതതു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുഖവിലയ്ക്ക് എടുത്തുകൊണ്ട് ഓരോ ടൂറിസ്റ്റു കേന്ദ്രത്തിലും, ഇപ്പോൾ ഡി.ടി.പി.സി.യുണ്ട്. ഡി.ടി.പി.സി.യെ കുറച്ച് കാണുന്നില്ല. അതിനപ്പുറം ടൂറിസ്റ്റു കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് അതിന് ഒരു അഡ്വൈസറി സംവിധാനം ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. തീർച്ചയായും സാമൂഹ്യ വിരുദ്ധ സ്വഭാവത്തോടുകൂടി ഇത്തരം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നവരെ നമുക്ക് ഒരു പരിധിവരെ തടയാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇക്കോ ടൂറിസം, ആയുർവ്വേദ ചികിത്സ തുടങ്ങിയത് നമ്മുടെ വിനോദസഞ്ചാര വികസനത്തിന്റെ പേരിൽ പലരും ഒരു വില്പന ചരക്കാക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിച്ചുകൂടാ. അത് വില്പന ചരക്കാക്കിക്കൂടാ. അത് നിലനിർത്തിക്കൊണ്ടു പോകണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ശ്രീമതി ടീച്ചറിനെ പ്രസംഗിക്കുവാൻ വേണ്ടിയാണ് വിളിച്ചത്. ശ്രീമതി ടീച്ചറിനു പകരമാണ് ശ്രീ. ജയരാജൻ സംസാരിക്കുന്നത്. ശ്രീമതി ടീച്ചർ സഭയിൽ ഹാജരായിരിക്കുകയും ചെയ്യുന്നു. ഇത് ചട്ടങ്ങൾക്ക് വിരുദ്ധമല്ലേ?

മി. സ്പീക്കർ : അല്ല.

ശ്രീ. എം. വി. ജയരാജൻ : ഇവിടെ വിളിക്കുന്ന സമയത്ത് ടീച്ചർ ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ അത് ചെയറിന് അനുവദിക്കാവുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ : ശ്രീ. ആര്യാടനൊക്കെ നടപടിക്രമം പറഞ്ഞു കൊടുക്ക്.

ശ്രീ. എം. വി. ജയരാജൻ : ഞാൻ പറഞ്ഞു വരുന്നത്, ആയുർവ്വേദ ചികിത്സയും ഇക്കോ ടൂറിസവുമൊക്കെ നമ്മുടെ തനിമ നിലനിർത്താൻ അനിവാര്യമാണ്. പക്ഷേ പല സ്ഥലങ്ങളിലും നടക്കുന്നത് യഥാർത്ഥത്തിൽ മറ്റു പല ആവശ്യങ്ങൾക്കു വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ഉപയോഗിക്കുക എന്ന വിധത്തിലാണ്. ഇപ്പോൾ ആയുർവ്വേദ ചികിത്സയുടെ ഗുണമേന്മ നമുക്ക് ഉറപ്പു വരുത്താൻ കഴിയണം. അതുപോലെതന്നെ അതിന്റെ നിരക്ക് നമുക്ക് നിയന്ത്രിക്കുവാൻ കഴിയണം. മികവുറ്റ ചികിത്സാ കേന്ദ്രങ്ങൾ നമുക്ക് ഇവിടെ ഒരുക്കുവാൻ കഴിയണം. അതിനെല്ലാം കഴിയും വിധത്തിലുള്ള ഒരു നിയമനിർമ്മാണം വേണം. ആ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇക്കോ ടൂറിസവും ആയുർവ്വേദ ചികിത്സയും ടൂറിസം വകുപ്പിന്റെ ഭാഗമായി ബന്ധപ്പെടുത്താവുന്നതേയുള്ളൂ. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്തിനകത്ത് നിരവധി പ്രത്യേകതകൾ ചരിത്രപരമായിത്തന്നെ ഉള്ള പ്രദേശങ്ങളുണ്ട്. കാലം കഴിയുംതോറും അതെല്ലാം നശിച്ചുകൊണ്ടിരിക്കുകയാണ്. പുരാവസ്തു ഗവേഷണ വകുപ്പിന്റെ മാത്രം നിയന്ത്രണത്തിൽ അതു വിട്ടാൽ അതൊന്നും ടൂറിസ്റ്റുകാരെ ആകർഷിക്കുവാൻ കഴിയും വിധത്തിൽ സംരക്ഷിക്കുവാൻ കഴിയുകയില്ല. അതെല്ലാം സംരക്ഷിക്കുവാൻ കഴിയും വിധത്തിലുള്ള ഒരു സംവിധാനവും നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒരുക്കേണ്ടതുണ്ട്. അത്തരത്തിലുള്ള കാഴ്ചപ്പാടെല്ലാം ശരിയാം വിധത്തിൽ ഈ നിയമ നിർമ്മാണത്തിൽ കൊണ്ടുവരാൻ കഴിയണമെങ്കിൽ നമ്മൾ ഇന്ന് ഇപ്പോൾ എടുത്തിട്ടുള്ള സമീപനം ഈ നിയമത്തിലൂടെ നിർദ്ദേശിച്ചിട്ടുള്ള കമ്മിറ്റി എന്നു പറയുന്നത് ഉദ്യോഗസ്ഥന്മാർ മാത്രമുള്ള കമ്മിറ്റിയാണ്. തീർച്ചയായും അതിൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഈ മേഖലയിൽ അനിവാര്യമായി വേണ്ട ഉദ്യോഗസ്ഥന്മാർതന്നെ. അക്കാര്യത്തിൽ പക്ഷേ ആ ഉദ്യോഗസ്ഥന്മാർ മാത്രം ആകുമ്പോൾ ഒരു ബ്യൂറോക്രാറ്റിക് സമീപനം മാത്രമേ അതിൽ വരുകയുള്ളൂ. അവരൊന്നും മോശക്കാരാണെന്നുള്ള സമീപനമൊന്നും എനിക്കില്ല. അവരോടൊപ്പം ജനപ്രതിനിധികളെക്കൂടി ആ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ കഴിയണം. അതിൽത്തന്നെ വിശാലമായ കർത്തവ്യങ്ങളാണ്, കടമകളാണ് ഈ കമ്മിറ്റിക്ക് കൊടുത്തിട്ടുള്ളത്. ആ വിശാല അടിസ്ഥാനത്തിലുള്ള ഒരു കാഴ്ചപ്പാട് നടപ്പിലാക്കുവാൻ കഴിയണമെങ്കിൽ ഇതിന് ആവശ്യമായ ഫണ്ട് വേണം. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ ഈ ബില്ലു വന്നപ്പോൾ മറുപടി പറഞ്ഞത് വിനോദസഞ്ചാര വകുപ്പിന് നമ്മുടെ ബജറ്റിൽനിന്നു ലഭിക്കുന്ന തുകകൊണ്ട് ഈ നിയമത്തിൽ പറഞ്ഞ കാര്യങ്ങൾക്കെല്ലാം നല്ല രീതിയിൽത്തന്നെ പണം കണ്ടെത്താൻ കഴിയുമെന്നാണ്. എനിക്ക് ആ അഭിപ്രായത്തോട് തെല്ലും യോജിപ്പില്ല. അതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ ടൂറിസം മേഖലയിലുള്ള പദ്ധതികളും വിവിധ ഏജൻസികൾ വഴി നമുക്കു നേടാവുന്ന ഫണ്ടുകളും അതെല്ലാംതന്നെ വിനിയോഗിക്കുവാൻ കഴിയുന്ന വിധത്തിലുള്ള ഒരു കാഴ്ചപ്പാട് നിയമത്തിൽത്തന്നെ വേണം. നിയമത്തിന്റെ സ്കോപ്പിലേ അത് ഉൾപ്പെടുത്തിയിട്ടുള്ളൂ. കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ നിരവധി സ്കീമുകൾ അവതരിപ്പിച്ചിട്ടുണ്ട്. അത് നേടിയെടുക്കാൻ ശ്രമം നടത്തുന്നുണ്ട്. ഇല്ല എന്നു ഞാൻ പറയുന്നില്ല. ഇന്ന് നമുക്കുള്ള ലെയ്സൺ വർക്ക് എന്നുപറയുന്നത് കേരള ഹൗസ് മുഖേനയുള്ള ലെയ്സൺ വർക്കാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഡൽഹിയിൽ വച്ച് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികൾ നേടിയെടുക്കുന്ന കാര്യത്തിൽ കുറ്റകരമായ വീഴ്ച വരുത്തിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ഏക മാർഗ്ഗം കേരള ഹൗസ് മുഖേനയുള്ള ലെയ്സൺ വീംഗാണ്. പക്ഷേ അതുകൊണ്ടുമാത്രം കാര്യമില്ല. നമുക്ക് ഒരു പ്രത്യേകമായ പ്രൊവിഷൻ നിയമത്തിൽ കൊടുക്കാൻ കഴിഞ്ഞാൽ, ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള ഒരു ടീമിനെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ തീർച്ചയായും കേന്ദ്ര സർക്കാരിന്റെ ഫണ്ട് മുഖേനയുള്ള നിരവധി പദ്ധതികൾ നമുക്ക് നേടിയെടുക്കാൻ കഴിയും. ഏജൻസികൾ വഴി, ഞാൻ ഉദ്ദേശിക്കുന്നത് വിദേശ രാഷ്ട്രങ്ങളിൽ കഴിയുന്ന ഒരുപാട് മലയാളികൾ ഉണ്ട്. ആ മലയാളികൾ ടൂറിസം മേഖലയിൽ മുതൽ മുടക്കാൻ തയ്യാറാണ്. അങ്ങനെ മുതൽമുടക്കാൻ സന്നദ്ധരാകുന്ന ആളുകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ വിധത്തിൽ ടൂറിസം മേഖലയുടെ വികസനത്തിന് വേണ്ടിയുള്ള കാഴ്ചപ്പാട് കൂടി ഈ നിയമത്തിൽ ഉൾപ്പെടുത്താൻ കഴിയണം. ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ഇവിടെ ബില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തു നിന്ന് ഉണ്ടായിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം തന്നെ സന്തോഷത്തോടെയാണ് ഞാൻ കാണുന്നത്. കഴിഞ്ഞ ദിവസം ബില്ലിന്റെ അവതരണ വേളയിൽ തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഉൾപ്പെടെ ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങൾ വളരെ ഹൃദയവിശാലതയോടുകൂടി സ്വീകരിച്ചുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിക്ക് ശേഷം ഈ ബിൽ വന്നിരിക്കുന്നത്. ഈ ബില്ലിന്റെ ലക്ഷ്യത്തെക്കുറിച്ച് ഗവണ്മെന്റിന്റെ കാഴ്ചപ്പാട് കഴിഞ്ഞ ദിവസം തന്നെ ഞാൻ പറഞ്ഞതാണ്. കേരളത്തിന്റെ പ്രകൃതിഭംഗി നിലനിർത്തത്തക്ക വിധത്തിലുള്ള സ്ഥായിയായ വികസനങ്ങളേ പാടുള്ളൂ എന്നുള്ള മുഖ്യമായ കാഴ്ചപ്പാടോടുകൂടിയാണ് ഈ ബിൽ ഉണ്ടാക്കിയിരിക്കുന്നത്. അടിസ്ഥാനപരമായി ഇന്ന് സംസാരിച്ച ബഹുമാന്യരായ അംഗങ്ങളെല്ലാം അതിനോട് യോജിച്ചതിൽ വളരെ സന്തോഷമുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്ക് സാദ്ധ്യതയുള്ള ഈ മേഖലയിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളും പ്ലാനുകളും ഇല്ലാതെ നാശോന്മുഖമാക്കുന്ന രീതിയിലേക്ക് വികസന പ്രവർത്തനങ്ങൾ പോകരുത് എന്നുള്ള നിർബന്ധ ബുദ്ധിയുള്ളതുകൊണ്ടാണ് ഇത്തരമൊരു ബിൽ ഗവണ്മെന്റ് കൊണ്ടുവന്നിരിക്കുന്നത്. ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചു. കോവളത്തോ ഊട്ടിയിലോ പോയാലുള്ള അവസ്ഥ. ഇതൊക്കെ മനസ്സിലാക്കുന്നവർക്ക് അറിയാം. ഈ മേഖലയിൽ ശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളുടെ നിയന്ത്രണം ഉണ്ടാകുന്നില്ലായെങ്കിൽ നമുക്ക് ഏറെ ദുഃഖിക്കേണ്ടി വരുമെന്നതിൽ യാതൊരു സംശയവുമില്ല. കേരളത്തിന്റെ വിവിധ സാദ്ധ്യതകളെകുറിച്ച് ഇവിടെ പറഞ്ഞത് ശരിയാണ്. വിനോദസഞ്ചാര മേഖലയിലെ ഏറ്റവും വലിയ നിക്ഷേപങ്ങൾ കേരളത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. 2003-ൽ 26.63 ശതമാനവും 2004-ൽ 17.28 ശതമാനവും വിദേശ ടൂറിസ്റ്റുകളുടെ വർദ്ധനവുണ്ടായി. ഇപ്പോൾത്തന്നെ കഴിഞ്ഞ വർഷത്തോളമെത്താൻ പോകുന്ന സാഹചര്യം വന്നിരിക്കുന്നു. സുനാമിയുടെ പേരിൽ കുറച്ച് ഭീഷണി ആദ്യം ഉണ്ടായി എങ്കിലും അത് കവർ ചെയ്തുകൊണ്ട് വിദേശ സഞ്ചാരികളേയും ഡൊമസ്റ്റിക് ആയ ടൂറിസ്റ്റുകളേയും ആകർഷിക്കുന്ന കാര്യത്തിൽ നമ്മൾ വളരെ മുന്നോട്ട് വന്നുകൊണ്ടിരിക്കുകയാണ്. സഞ്ചാരികൾ വരുന്നു എന്നുള്ളതുകൊണ്ടും അവരെ സ്വീകരിക്കുന്നു എന്നുള്ളതുകൊണ്ടും നമ്മുടെ സാമ്പത്തിക രംഗം മെച്ചപ്പെടുന്നു എന്നുമാത്രമല്ല, തദ്ദേശവാസികളായ ആളുകൾക്ക് ജോലി ഇതു സംബന്ധിച്ച് കിട്ടുന്നു എന്നുള്ളത് നമുക്ക് നിഷേധിക്കാൻ കഴിയില്ല. 2004-ൽ മാത്രം 6000 കോടി രൂപയുടെ നിക്ഷേപം ഈ രംഗത്ത് ഉണ്ടായി എന്നാണ് കണക്കാക്കപ്പെടുന്നത്. ഇപ്പോൾത്തന്നെ 1300 കോടി രൂപ വിദേശനാണ്യമായി കിട്ടിക്കഴിഞ്ഞിട്ടുണ്ട്. എട്ട് ലക്ഷത്തോളം പേർക്ക് തൊഴിലവസരങ്ങൾ കൊടുക്കുന്ന ഒരു മേഖലയാണിത്. ഈ മേഖലയിൽ സാദ്ധ്യതകൾ അനന്തമായി വന്നുകൊണ്ടിരിക്കുന്നു. നിക്ഷേപങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഒരു സാദ്ധ്യത വിജയിക്കുന്നു എന്നുകണ്ടാൽ

LIBRARY ARCHIVES Kerala Legislative Assembly

ആ സാദ്ധ്യതയിലേക്കു തന്നെ എല്ലാവരും ഒന്നിച്ച് കോൺസെൻട്രേറ്റ് ചെയ്യുകയും ആ സാദ്ധ്യതകൾ അടയ്ക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യും. കേരളീയർക്കുള്ള ഒരു പ്രത്യേകതയാണ് അത്. പലപ്പോഴായി നമുക്ക് ബോദ്ധ്യം വന്നിട്ടുള്ളതാണ്. ഒരു ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനത്തോടുകൂടി അതിനെ നിയന്ത്രിക്കുക എന്നുള്ള വിശാലമായ കാഴ്ചപ്പാടോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. നമ്മുടെ പ്രകൃതി സംരക്ഷണത്തിന് ഏറ്റവും മുന്തിയ പരിഗണന കൊടുക്കണമെന്നതാണ് കേരള ഗവണ്മെന്റിന്റെ കാഴ്ചപ്പാട്. കേരളത്തിന്റെ സംസ്കാരവുമായി യോജിക്കുന്ന പ്രവൃത്തികളെ ആകാവൂ. കേരളത്തിന്റെ കലയും സംസ്കാരവും ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് പ്രോഡക്ടാണ്. നമ്മുടെ ഭക്ഷണ രീതി തന്നെ വിദേശങ്ങളിൽ ഏറ്റവും ഇഷ്ടമുള്ളതാണ്. ലണ്ടനിൽ പോയാൽ അവിടത്തെ ഏറ്റവും ഹൃദയ ഭാഗത്ത് കിടക്കുന്ന ഒരു റെസ്റ്റോറന്റിൽ കേരളീയ ശൈലിയിലുള്ള ഭക്ഷണത്തിന് ക്യൂ നിൽക്കുന്ന ആയിരക്കണക്കിന് സായിപ്പന്മാരെ നമുക്ക് കാണാം. നമുക്ക് അത്ഭുതം തോന്നും. സത്യത്തിൽ കേരളത്തിൽ ഇപ്പോൾ കിട്ടുന്നതിനേക്കാൾ നല്ല ഒന്നാംതരം കേരളീയ ഭക്ഷണം ലണ്ടനിൽ കിട്ടും. ഇന്ന് കൊച്ചിയെ ബേസ് ചെയ്തുകൊണ്ടുള്ള രണ്ടുമൂന്ന് ഫ്രഞ്ച് വിദേശ സംരംഭകർ എന്നെ വന്നുകണ്ടിരുന്നു. അവർ കേരളത്തിലെ ഭരതനാട്യവും കഥകളിയും നമ്മുടെ നാടൻ ഡാൻസും രീതികളും ഒക്കെ ഫ്രാൻസിൽ പ്രോത്സാഹിപ്പിക്കുകയാണ്, ഇവിടേയും പ്രോത്സാഹിപ്പിക്കുകയാണ്. രണ്ട് കേന്ദ്രങ്ങളുണ്ട്. ലേ മെറിഡിയൻ ഹോട്ടലിൽ നിന്ന് എങ്ങനെയാണ് കേരള വിഭവങ്ങൾ പാചകം ചെയ്യുന്നത് എന്ന് പഠിക്കാനായി ഫ്രാൻസിൽ നിന്ന് ഒരു കുക്കിനെ ഇവിടേക്ക് കൊണ്ടുവരികയാണ്. നമ്മുടെ ഭക്ഷണം പോലും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യമായി മാറിക്കൊണ്ടിരിക്കുമ്പോൾ അത് പരമാവധി ഉപയോഗിക്കണം, സാദ്ധ്യതകളെ ദുരുപയോഗപ്പെടുത്തുകയും അരുത് എന്നുള്ളതുകൊണ്ടുതന്നെയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. കോവളം, തേക്കടി, മൂന്നാർ, കുമരകം, ബേക്കൽ, മുഴുപ്പിലങ്ങാട്, പൈതൽമല എവിടെയായാലും, ബഹുമാനപ്പെട്ട അങ്ങയുടെ ജില്ലയിലെ ശക്തൻ തമ്പുരാൻ മ്യൂസിയം തന്നെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഓരോ ദിവസത്തേയും അവിടത്തെ വരുമാനം വളരെ വലുതാണ്. ഓരോ പ്രദേശത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. ഇവിടെ വന്നിരിക്കുന്ന നിർദ്ദേശങ്ങളിൽ സ്വീകരിക്കാവുന്നതൊക്കെ കഴിഞ്ഞ ദിവസം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും തുറന്ന മനസ്സാണ് ഇക്കാര്യത്തിൽ ഗവൺമെന്റിനുള്ളത്. ശ്രീ. കെ. വി. കുഞ്ഞിരാമൻ പൈതൃക സംരക്ഷണത്തെക്കുറിച്ച് സൂചിപ്പിച്ചു. ശക്തൻ തമ്പുരാൻ മ്യൂസിയം നന്നാക്കുന്നതിൽ ഏറ്റവും കൂടുതൽ പങ്ക് വഹിച്ചിരിക്കുന്നത് ടൂറിസം ഡിപ്പാർട്ടുമെന്റാണ്. വയനാടിലുള്ള പഴശ്ശി മ്യൂസിയം പുതുക്കിയെടുത്ത് നന്നാക്കിക്കൊണ്ടിരിക്കുകയാണ്. കണ്ണൂരിലെ അറയ്ക്കൽ കൊട്ടാരം, ബഹുമാനപ്പെട്ട വി.ഡി.സതീശന്റെ നാട്ടിലെ സിനഗോഗ്, ജൂതപ്പള്ളി തുടങ്ങിയ ചരിത്രപ്രാധാന്യമുള്ള ഓരോ സ്മാരകങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പുതുക്കിപ്പണിയാൻ വേണ്ടി ഒരു പ്രത്യേകമായ പരിപാടി തന്നെ ടൂറിസം ഡിപ്പാർട്ടുമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അതിന് ഏറ്റവും മുന്തിയ പരിഗണനയാണ് നൽകുന്നത്. അത് നടപ്പിലാക്കുന്നത് ഞങ്ങളല്ല. ആർക്കിയോളജി ഡിപ്പാർട്ടുമെന്റിനെ കൊണ്ടാണ് ഈ പരിപാടി നടപ്പാക്കുന്നത്. ബഹുമാനപ്പെട്ട സാംസ്ക്കാരിക വകുപ്പുമന്ത്രിക്ക് അറിയാം. ബേക്കലിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ശ്രീ. കെ. വി. കുഞ്ഞിരാമൻ പറഞ്ഞ ചില ആശങ്കകളുണ്ട്. പതിനൊന്ന് കൊല്ലമായി ഒരുപാട് കാശ് ചെലവഴിച്ചു കഴിഞ്ഞു. 11 കോടി രൂപ ചെലവഴിച്ച് വാട്ടർ റിസോഴ്സ് ഉണ്ടാക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. ബാക്കി ഒന്നര കോടി രൂപ ഇല്ലാത്തതുകൊണ്ട് കഴിഞ്ഞ ആറേഴ് വർഷമായി വെള്ളം ടാങ്കിൽ കെട്ടിക്കിടക്കുകയാണ്. ഇത് ഒഴുക്കി വിടാൻ മാർഗ്ഗമില്ലാതിരിക്കുകയാണ്. ഞങ്ങൾ അവിടെ പോയി മീറ്റിംഗ് നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാനിൽ ഒന്നര കോടി രൂപയോളം നീക്കിവച്ച് ബേക്കലിലെ കുടിവെള്ള പദ്ധതി എന്തുവന്നാലും കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിക്കും. അക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട. അവിടത്തെ റോഡിനുവേണ്ടി നബാർഡ് സ്കീമിൽപ്പെടുത്തിയുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, മൂന്ന് വൻകിട ഹോട്ടൽ സംരംഭങ്ങൾ അവിടെ വരികയാണ്. അതുകൊണ്ട് ആ പ്രോജക്ട് നമ്മൾ ടേക്ക് ഓഫ് ചെയ്തിരിക്കും. അതുപോലെ തന്നെ ഈ രംഗത്ത് ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ സൂചിപ്പിച്ചതുപോലെ കള്ള നാണയമുണ്ടെന്നുള്ളത് ശരിയാണ്. ഏത് രംഗത്താണ് ഇല്ലാത്തത്? ടൂറിസം രംഗത്ത് മാത്രമാണോ കള്ളനാണയങ്ങളുള്ളത്? എല്ലാ രംഗത്തും കള്ള നാണയങ്ങളുണ്ട്. പൊതുജനങ്ങൾ അത് എങ്ങനെ നേരിടുന്നു എന്നതാണ്. കേരളത്തിലെ ജനങ്ങൾ ഒരു പരിധി വിട്ട് പോകാൻ അനുവദിക്കുന്ന പ്രശ്നമില്ല. കേരള സംസ്കാരത്തിനും തനതായ തനിമയക്കും എതിരെ ഭീകരമായി ആരു വന്നാലും അത് എത്ര വലിയ ആളായാലും അവരെ കേരള ജനത സമ്മതിക്കുന്ന പ്രശ്നമില്ല. ഗവണ്മെന്റിന് അക്കാര്യത്തിൽ ശക്തമായ തീരുമാനമുണ്ട്. നമ്മുടെ സംസ്കാരവും കലയും പ്രോത്സാഹിപ്പിക്കുന്നതിനു പകരം അതിനെ നിരുത്സാഹപ്പെടുത്തുന്ന കള്ള നാണയങ്ങൾ ഉണ്ടാകുമ്പോൾ അത് എന്തു വില കൊടുത്തും ഇല്ലാതാക്കി ഈ രംഗം നിലനിർത്തും. ഹൗസ് ബോട്ടുകളുടെ കാര്യം പറഞ്ഞു. 2200 തൊഴിലാളികൾ ഡയറക്ടായി അതിൽ ജോലി ചെയ്യുന്നു. അവരുടെ യൂണിയൻ പ്രസിഡന്റ് ആരാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ? അത് എന്നെക്കൊണ്ട് പറയിക്കണമോ? ആലപ്പുഴയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ബും വന്നിരിക്കുന്നതാണ് ഹൗസ് ബോട്ടുകൾ. ഒന്നോ രണ്ടോ ബോട്ടുകളിൽ ചിലപ്പോൾ പ്രശ്നങ്ങളുണ്ടെങ്കിൽ അവരെ നിലയ്ക്ക് നിർത്താനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കും. വേമ്പനാട്ട് കായൽ സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്? അത് മലിനീകരിക്കപ്പെടുന്ന സാഹചര്യം ഉണ്ടായപ്പോൾ ഗവണ്മെന്റ് ഇടപെട്ട് ഒരു ഏകജാലക സംവിധാനമുണ്ടാക്കി. മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി നടപടി സ്വീകരിക്കാത്ത ഒറ്റ ഹൗസ് ബോട്ടും പ്രവർത്തിപ്പിക്കാൻ അനുവദിക്കുകയില്ല എന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

2/2315/2013.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, അക്കാര്യത്തിൽ കോടതി വിധി വന്നിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ. ബന്ധപ്പെട്ട ശുദ്ധജല തടാകത്തിലെ മാലിന്യത്തിന്റെ സ്ഥിതി അപകടകരമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് എന്നെക്കാൾ കൂടുതലായി അങ്ങേയ്ക്ക് അറിയാമല്ലോ. ഇത്രയും തൊഴിലാളികളെ സംഘടിപ്പിക്കുകയും ട്രേഡ് യൂണിയന്റെ കീഴിൽ കൊണ്ടുവന്ന് അവരുടെ അവകാശങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്യാൻ ഞങ്ങൾ മുൻകൈയെടുക്കുന്നു എന്നുള്ളത് സത്യമാണ്. ഒപ്പം ആ ശുദ്ധജല തടാകം സംരക്ഷിച്ചില്ലെങ്കിൽ കുട്ടനാടിന്റെ സ്ഥിതി അപകടമാവും എന്നു ബോദ്ധ്യപ്പെട്ടുകൊണ്ട് അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായിട്ടും വേമ്പനാട് കായലില്ലെങ്കിൽ ഹൗസ് ബോട്ടുകൾ ഇല്ല. ഹൗസ് ബോട്ടുകൾക്ക് പോകണമെങ്കിൽ കായൽ വേണമല്ലോ? അതുകൊണ്ട് ബില്ലിന്റെ ഉദ്ദേശ്യശുദ്ധി പോലെ തന്നെ ഗവൺമെന്റിന് വ്യക്തമായി നിലപാടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി തന്നെ അവിടെ പോയി രണ്ട് പ്രാവശ്യം യോഗം നടത്തി. ഹൗസ് ബോട്ട് ഉടമകളെ വിളിച്ചുവരുത്തി അവരുമായി യോജിച്ച് ഗവൺമെന്റിന്റെ ചെലവിൽ തന്നെ രണ്ട് ടാങ്കുകൾ പണിയാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അതാതു ഹൗസ് ബോട്ടുകൾ മാലിന്യങ്ങൾ കളക്ട് ചെയ്യാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയും ഇത് ഒന്നിച്ച് സംസ്കരിക്കാൻ ഡിപ്പാർട്ടുമെന്റ് തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതെല്ലാം പല ഡിപ്പാർട്ടുമെന്റിലേക്കാക്കുന്നതിനുപകരം സിങ്കിൾ വിന്റോ സിസ്റ്റം അവിടെ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഈ രംഗത്ത് ആശങ്കക്ക് വകയില്ല. അതുപോലെ തന്നെ അവിടെ വരുന്ന കള്ളനാണയങ്ങൾ ശ്രദ്ധയിൽപ്പെടുന്നത് അപ്പോൾത്തന്നെ നടപടി സ്വീകരിക്കുന്നുണ്ട്. അതിന് ഒരു സംശയവും വേണ്ട. നമ്മുടെ ആയുർവ്വേദ മസാജിന്റെ കാര്യത്തിലായാലും ഇക്കാര്യത്തിലായാലും നമ്മുടെ നാടിന്റെ സൽപ്പേരിന് ചീത്തയുണ്ടാക്കുന്നുണ്ടെങ്കിൽ അത്തരക്കാർക്ക് എതിരായി കർശനമായ നിയമനിർമ്മാണങ്ങൾ കൊണ്ടുവരും, നടപടി സ്വീകരിക്കും, അവരെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. കമ്മിറ്റിയെക്കുറിച്ച് പ്രധാനപ്പെട്ട വിമർശനം ഇവിടെ വന്നത് ഇത് ഉദ്യോഗസ്ഥൻമാരുടെ കമ്മിറ്റിയാണെന്നുള്ളതാണ്. അത് ഇവിടെ ഇപ്പോൾത്തന്നെ പറഞ്ഞതനുസരിച്ച് ശ്രീ. കെ. പി. രാജേന്ദ്രന്റെ നിർദ്ദേശമാണ് സ്വീകരിച്ചത്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് വന്ന നിർദ്ദേശമാണ് രണ്ട് എക്സ്പേർട്ടുകൾ. ഒരു എൻവയോൺമെന്റ് എക്സ്പേർട്ട് വേണം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഏറ്റവും വലിയ അറിവും അവബോധവുമുള്ള ആളെ വേണമെന്നുള്ള നിർദ്ദേശമാണ് സ്വീകരിച്ചത്. ടൂറിസം രംഗത്തെ സാധ്യതകളെ നന്നായി പ്രയോഗിക്കുന്ന എക്സ്പേർട്ടും വേണം. ഇത് ഞാൻ സ്വീകരിച്ചിരിക്കുകയാണ്. മാത്രമല്ല കൃത്യമായി പറയാത്തത് The Chairman shall co-opt committee, the District Tower Planner and

the President or Chairperson, as the case may be, of the local authority having jurisdiction over the area of Special Tourism Zones and every member as so Co-opted shall be entitled to take part in the meetings of the Committee and to vote in respect of such matters as may be prescribed. ഇതിനപ്പുറം ജനാധിപത്യം ഏത് ബില്ലിലാണ് ഉണ്ടായിട്ടുള്ളത്. ഇവിടെ പഞ്ചായത്ത് പ്രസിഡന്റിനെ വിളിക്കാനും വോട്ട് ചെയ്യാനുമുള്ള അധികാരം വരെയുണ്ട്. ലോക്കലായിട്ടുള്ള പഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ മുനിസിപ്പൽ ചെയർപേഴ്സൺ അല്ലെങ്കിൽ കോർപ്പറേഷൻ മേയർ അവരെ വിളിക്കാനും അവർക്ക് വോട്ട് ചെയ്യാനുമുള്ള അധികാരംപോലും കൊടുത്തിട്ടുണ്ട്. ഇതിൽ യാതൊരു സംശയവും വേണ്ട. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബൈപാസ് ചെയ്യുന്നതിനുവേണ്ടി ഉണ്ടാക്കിയ നിയമമല്ല ഇത്. അതിനകത്ത് അവർക്ക് ചില പരിമിതികളുണ്ട്. ജയരാജന് നന്നായിട്ടറിയാമല്ലോ; മുഴുപ്പിലങ്ങാട് ബീച്ചിലേക്കുള്ള റോഡ് എന്തുകൊണ്ടാണ് വീതി കൂട്ടാത്തതെന്ന് അങ്ങേക്ക് അറിയില്ലേ? നമ്മൾ തമ്മിൽ സംസാരിച്ചതല്ലേ? റോഡിന്റെ രണ്ട് ഭാഗത്തും വീടുകളുണ്ട് അത് പൊളിക്കാൻ ആരും തയ്യാറല്ല. പഞ്ചായത്തുമെമ്പർമാർ അവരുടെ കൂടെയേ നിൽക്കുകയുള്ളൂ. അത് സ്വാഭാവികമല്ലേ? ഇത്തരത്തിൽ അവർക്ക് അധികാരം കൊടുത്താൽ ഏതെങ്കിലും പ്രവർത്തി നടക്കുമോ? അപ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാരെ വിശ്വാസത്തിൽ എടുക്കാത്തതുകൊണ്ടല്ല. അവരെ പൂർണ്ണമായി വിശ്വാസത്തിൽ എടുത്തിട്ടുണ്ട്. പക്ഷെ അവരെ എല്ലാം ഏൽപിച്ചുകൊടുത്താൽ നമുക്കറിയാം ഒരുപാട് അനുഭവങ്ങളുണ്ട്. ഞാൻ കുറ്റപ്പെടുത്തുകയല്ല. ടൂറിസം വകുപ്പിൽ 79% എക്സ്പെന്റീച്ചറുണ്ട്. ജില്ലകൾക്ക് 21%-വും. ആ 21%-വും എടുത്തു പരിശോധിച്ചാൽ 100%-വും പഞ്ചായത്തുകൾ ഏറ്റെടുത്ത പ്രവർത്തികളാണ്. കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല.

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങ് പറഞ്ഞത് കമ്മിറ്റിയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റിനേയും അല്ലെങ്കിൽ ചെയർപേഴ്സണേയും ചെയർമാനേയും ഒക്കെ ക്ഷണിക്കും വോട്ടവകാശമടക്കമുള്ള അവകാശം ഉണ്ടെന്നുള്ളതാണ്. യഥാർത്ഥത്തിൽ ഈ പ്രൊവിഷൻ ഇതിനകത്ത് കൊടുക്കുകയാണെങ്കിൽ എന്തുകൊണ്ട് കമ്മിറ്റിയിൽത്തന്നെ അവരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ ഘടന മാറ്റിക്കൂടെ? നിങ്ങൾ പറഞ്ഞത് 4(4) പ്രകാരം എല്ലാ അധികാരവും കൊടുക്കുന്നുവെന്നാണ്. നമ്മൾ എല്ലാവരേയും പോലെ അതാതു തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിൽ ഇരിക്കുന്നവരാണല്ലോ അവർ? അവരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനും കമ്മിറ്റിയിലേക്ക് ക്ഷണിക്കുന്നതും പിന്നെ വോട്ടവകാശം കൊടുക്കുന്നതുമാണല്ലോ നിങ്ങളുടെ ഉദ്ദേശം. യഥാർത്ഥത്തിൽ ഇതുതന്നെയാണെങ്കിൽ കമ്മിറ്റിയിൽത്തന്നെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിലപാട് സ്വീകരിച്ചുകൂടെ? അതേ ചോദിക്കാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: കമ്മിറ്റിയെന്ന് പറയുന്നത് കേരളത്തിൽ സ്റ്റേറ്റ് വൈഡായിട്ടുള്ള കമ്മിറ്റിയാണ്. ആ കമ്മിറ്റിയിൽ സ്ഥിരമായി ക്ഷണിക്കപ്പെടുന്ന 7 പേരുടെ പേരാണ് ഉള്ളത്. ഉദാഹരണമായി കോവളത്തെ കാര്യം പറയുമ്പോൾ കോവളം പഞ്ചായത്ത് പ്രസിഡന്റിനെയല്ലേ ക്ഷണിക്കേണ്ടത്? കുമരകത്തെ പഞ്ചായത്ത് പ്രസിഡന്റിനെ വിളിക്കാൻ പറ്റുമോ? അപ്പോൾ കമ്മിറ്റിയെന്നു പറയുമ്പോൾ സ്റ്റേറ്റ് വൈഡാണ്. കമ്മിറ്റി കൂടുമ്പോൾ .....

ശ്രീ. എം. വി. ജയരാജൻ : അങ്ങ് പറഞ്ഞത് ഉദ്ദേശിച്ചുകൊണ്ട് തന്നെ പറയട്ടെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ പ്രതിനിധിയായിട്ട് ഒരാളെ, മുനിസിപ്പാലിറ്റികളുടെ പ്രതിനിധിയായിട്ട് ഒരാളെ, കോർപ്പറേഷന്റെ പ്രതിനിധിയായിട്ട് ഒരാളെയും ഉൾപ്പെടുത്തിയാൽത്തന്നെ ജനപ്രാതിനിധ്യ സ്വഭാവത്തോടുകൂടിയ ഒരു കമ്മിറ്റിയായി.

ശ്രീ. കെ. സി. വേണുഗോപാൽ : അതിന്റെ ഒരാവശ്യകതയുമില്ല. അങ്ങനെ വച്ചാൽ അതിന്റെ ഉദ്ദേശമേ പോയി. പഞ്ചായത്ത് പ്രസിഡന്റുമാരുടെ പ്രതിനിധിയെ വരുത്താനുള്ള; ഇതിനകത്ത് ഞാൻ ഒരു പ്രത്യേക മേഖല വിനോദസഞ്ചാര മേഖലയാക്കി പ്രഖ്യാപിക്കുമ്പോൾ അവിടെ വേണ്ടുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് കാഴ്ചപ്പാടോടുകൂടിയ സമീപനം സ്വീകരിക്കുമ്പോൾ അവിടുത്തെ പഞ്ചായത്ത് പ്രസിഡന്റ് തന്നെയാണ് ചർച്ചയ്ക്ക് വരേണ്ടത്. അല്ലാതെ വേറെ ഏതെങ്കിലും പ്രതിനിധിയല്ല. അവിടുത്തെ പഞ്ചായത്ത് പ്രസിഡന്റിനെ വിളിച്ചിരുത്തി ആ പഞ്ചായത്ത് പ്രസിഡന്റിന്റെ കൂടി അഭിപ്രായം അറിയാം. പക്ഷെ അവരോട് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമുക്ക് നന്നായറിയാം. അതുകൂടി മനസ്സിലാക്കിക്കൊണ്ട് തന്നെയാണ് ഇതിനകത്ത് വളരെ ആലോചിച്ച ശേഷമാണ് തീരുമാനങ്ങൾ എടുത്തിരിക്കുന്നതെന്നാണ് സൂചിപ്പിക്കാനുള്ളത്. ഉദ്യോഗസ്ഥൻമാരുടെ കാര്യത്തിൽ, നമ്മൾ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ കാര്യം മാറിമാറി വരുന്ന ജനാധിപത്യ ഭരണ സ്ഥിതിയിൽ ഗവൺമെന്റ് നിശ്ചയിക്കുന്നവരാണ് ഉദ്യോഗസ്ഥൻമാർ. ഒരു ഉദ്യോഗസ്ഥനും പെർമനന്റല്ല. ഗവൺമെന്റ് തീരുമാനിക്കുന്നവരാണ് ഉദ്യോഗസ്ഥൻമാർ ഇതിനകത്ത് അപ്പീൽ പ്രൊവിഷൻ വളരെ ക്ലിയറായിട്ടുണ്ട്. ഏതിനും പരാതി വന്നാൽ ആ പരാതിയിൻമേൽ ഗവൺമെന്റിന് തീരുമാനമെടുക്കാനുള്ള അധികാരമുണ്ട്. ജനാധിപത്യ വ്യവസ്ഥിതിയിൽ ഗവൺമെന്റാണ് ഏറ്റവും പ്രധാനം. അതുകൊണ്ട് ഇത്തരം ആശങ്കക്ക് യാതൊരു അടിസ്ഥാനവുമില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ മറ്റേത് രണ്ടും ഞാൻ സൂചിപ്പിച്ചതുതന്നെ പല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാരുടെ ആശയത്തെ അംഗീകരിക്കുന്നു. പരിസ്ഥിതി വാദിയും ഈ രംഗത്തുള്ള വിദഗ്ദ്ധരും വേണമെന്ന് പറഞ്ഞതുകൊണ്ട് ബില്ലിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനും അതിന്റെ സാധ്യത വർദ്ധിപ്പിക്കാനും ഉപകരിക്കുമെന്നുള്ളതുകൊണ്ടാണ് അത് രണ്ടും സ്വീകരിച്ചത്.

ശ്രീ. ടി. കെ. ദേവകുമാർ : അപ്പീൽ എന്നു പറയുന്ന ഭാഗത്ത് അങ്ങ് സർക്കാർ എന്ന വാക്കുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? നാലോ അഞ്ചോ സെക്രട്ടറിമാരാണ് തീരുമാനം എടുക്കുന്നത്. അതിന്റെ അപ്പീൽ അതോറിറ്റി ആരായിരിക്കും? സർക്കാർ എന്ന വാക്കുകൊണ്ട് മന്ത്രി എന്താണ് ഉദ്ദേശിക്കുന്നത്? ഒന്ന് വിശദീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : സർക്കാരെന്നുപറഞ്ഞാൽ കൺസേൺഡ് ആയിട്ടുള്ള ഡിപ്പാർട്ടുമെന്റെന്നാണ് ഉദ്ദേശിക്കുന്നത്. ടൂറിസം ഡിപ്പാർട്ടുമെന്റെന്നു പറഞ്ഞാൽ ടൂറിസം ഡിപ്പാർട്ടുമെന്റ് തന്നെ.

ശ്രീ. ടി. കെ. ദേവകുമാർ : ഇതിൽ കമ്മിറ്റി എന്നുപറയുന്നത് വിനോദസഞ്ചാര വകുപ്പിന് ചുമതലയുള്ള, ഗവൺമെന്റിന് ചുമതലയുള്ള, ഗവൺമെന്റ് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള സോ ആന്റ് സോ. അങ്ങനെ അവരടങ്ങുന്ന കമ്മിറ്റിയെടുക്കുന്ന തീരുമാനത്തിനാണ് അങ്ങ് സർക്കാരെന്നാണ് അപ്പീൽ പ്രൊവിഷൻ കൊടുത്തിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ചോദിച്ചത് ഒന്നിലേറെ സെക്രട്ടറിമാർ ഇരുന്നെടുക്കുന്ന തീരുമാനത്തിന് ചീഫ് സെക്രട്ടറിക്കാണോ അപ്പീൽ കൊടുക്കേണ്ടത് അതോ മറ്റൊരു സെക്രട്ടറിയുടെ മുൻപിലാണോ അപ്പീൽ വരുന്നത് എന്നാണ് ഞാൻ ചോദിച്ചതിന്റെ ഉദ്ദേശ്യം.

ശ്രീ. കെ. സി. വേണുഗോപാൽ : ഇത് വിവക്ഷിക്കുന്നത് കമ്മിറ്റി എന്നുള്ള സ്വഭാവത്തിലാണ് ഗവൺമെന്റ് സെക്രട്ടറി ഇവിടെ വരുന്നത്. ഗവൺമെന്റ് നിയന്ത്രിക്കുന്നതാണ്. മന്ത്രിക്ക് പരാതി തരാം. ഏത് ഫയലിൻമേലും മന്ത്രിക്ക് തീരുമാനമെടുക്കാം. ഫയലുകൾ സെക്രട്ടറിയുടെയടുത്തുനിന്ന് വിളിച്ച് വരുത്താം. എല്ലാ നിയമങ്ങളും മന്ത്രിക്ക് എടുത്ത് പരിശോധിക്കാം. ഇക്കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും അവകാശമില്ല.

ശ്രീ. എ. കെ. ബാലൻ : അപ്പീലുണ്ട് കറക്ട്. സെക്ഷൻ ആറുമായി ബന്ധപ്പെട്ട് കമ്മിറ്റിയുടെ അധികാരങ്ങൾ എന്റർടെയിൻ ചെയ്യുന്നതിനായി ബന്ധപ്പെട്ടുകൊണ്ടാണ് അപ്പീൽ. അതിന്റെ ചുവടെ എട്ടെന്ന് പറയുന്നതാണ് നേരത്തെ ഒരു സംശയം പറഞ്ഞത്. ഉത്തമ വിശ്വാസപൂർവ്വം ചെയ്ത ഒറ്റ പ്രവർത്തിക്കും കമ്മിറ്റിയുടെ ഗുഡ് ഫെയ്ത്തിന്റെ ഡിഫൻസ് കൊടുക്കാനോ അപ്പീലിനു പോകാനോ പാടില്ലെന്നുള്ളതാണ് 8-ൽ പറയുന്നത്. 7-ൽ നിങ്ങൾ അപ്പീൽ എന്നു പറയുന്നത് കമ്മിറ്റിയുമായിട്ട് ബന്ധപ്പെട്ടുള്ളതാണ്. കമ്മിറ്റിയുമായി ബന്ധപ്പെട്ട ഒരാൾ അഗ്രീവ്ഡാണെങ്കിൽ ഗവൺമെന്റിലേക്ക് അപ്പീൽ പോകാം. പക്ഷെ 8-ൽ നിങ്ങൾ പറയുന്നത് അതേ ഉദ്യോഗസ്ഥൻ ഉത്തമ വിശ്വാസത്തിൽ എന്ത് ചെയ്താലും കോടതിയിൽ പോകാനും പാടില്ല എന്നാണ്. രണ്ട് വകുപ്പുകളും കോൺട്രഡിക്ടറി ആയി കിടക്കുകയാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : ബഹുമാനപ്പെട്ട ബാലൻ അങ്ങേക്ക് അറിയാമല്ലോ സാധാരണ എല്ലാ നിയമത്തിലും വിവക്ഷിക്കുന്ന ഒരു ജനറൽ ടേം ആണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അതിൽ അപ്പീൽ എന്നു പറയുന്നത് കമ്മിറ്റി ഒരു തീരുമാനമെടുത്ത് അറിയിച്ചു കഴിഞ്ഞാൽ പരാതിയുണ്ടെങ്കിൽ ആ പരാതിക്കാരന് അപ്പീൽ കൊടുക്കാൻ പ്രൊവിഷൻ പറഞ്ഞിട്ടുണ്ട്. ആ പ്രൊവിഷനനുസരിച്ച് ഗവൺമെന്റ് തീരുമാനങ്ങളെടുക്കണം. ഫയൽ വിളിച്ചു വരുത്തി തീരുമാനം മാറ്റാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

ശ്രീ. എം. വി. ജയരാജൻ : ക്ലോസ് 8 നിൽക്കുമോ? ഈ കമ്മിറ്റി ഒരു ഭൂമി അക്വയർ ചെയ്യുന്നുവെന്നു വിചാരിക്കുക. ഭൂമി അക്വയർ ചെയ്യാൻ വേണ്ടിയുള്ള നടപടി ഇവിടെ സ്വീകരിച്ചു. അതിന്റെ അക്വിസിഷൻ പ്രൊസീഡുവറിലേക്ക് പോകുന്നു. അതിനെതിരായിട്ട് കോടതിയിൽ പോകാൻ പറ്റില്ലെന്ന് വന്നാൽ യഥാർത്ഥത്തിൽ ക്ലോസ് 8 നിൽക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ : ഞാൻ പറഞ്ഞല്ലോ ചെയ്ത കാര്യങ്ങളിൽ പരാതി വന്നാൽ പരാതിക്കാരന് നിയമം വഴി നേരിടാനുള്ള അധികാരം എല്ലാ നിയമത്തിലുമുണ്ട്. ഈ നിയമത്തിലും അത് ബാധകമാണ്. ഇക്കാര്യത്തിൽ യാതൊരു ആശങ്കക്കും അവകാശമില്ല. ഗവൺമെന്റിന് ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ട്. കമ്മിറ്റിയുടെ പ്രധാനപ്പെട്ട കൺസപ്റ്റ് നിങ്ങൾ മനസ്സിലാക്കണം. അതായത് ഓരോ പ്രദേശവും കേരളത്തിലെ എല്ലാ മേഖലയും ഏറ്റെടുക്കാൻ പോകുകയല്ല. നമ്മുടെ ടൂറിസത്തിന് സാധ്യതയുള്ള പ്രധാനപ്പെട്ട ചില പ്രദേശങ്ങൾക്ക് അവിടേക്ക് വേണ്ടുന്ന വികസന പ്രവർത്തനങ്ങളെ സ്ഥായിയായി നിയന്ത്രിക്കപ്പെടുന്ന ഒരു സംവിധാനം ഉണ്ടാകണം. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമെന്ന് പറയുന്നത് പരിസ്ഥിതി സംരക്ഷണമാണ്. നമ്മുടെ പ്രകൃതി സംരക്ഷണമാണ്. നമ്മുടെ നാട്ടിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കപ്പെടുകയല്ലേ വേണ്ടത്. ഇതിൽ ഭയാശങ്ക കാണിക്കുന്ന കാര്യമെന്തെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധി 100% ക്ലിയറാണ്. ഈ മേഖലയിൽ.....

ശ്രീ. കെ. പി. മോഹനൻ : ഗ്രാമീണ മേഖലയിലേക്ക് കടക്കുന്ന കാര്യം സൂചിപ്പിച്ചില്ല.....

ഗ്രാമീണ മേഖല നന്നായിട്ട് നടക്കുന്നുണ്ട്. ഗ്രാമീണ മേഖലയിൽ കളരിപ്പയറ്റ് എടുക്കാൻ പോകുകയാണ്. ശ്രീ. മോഹനന്റെ പിതാവ് ബഹുമാനപ്പെട്ട പി. ആർ. കുറുപ്പ് വളരെ വലിയ കളരി വിദഗ്ദ്ധനായിരുന്നു. നന്നായിട്ട്

5 P.M.] എനിക്കറിയാം. എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത് മദ്യം വിളമ്പാൻ വേണ്ടിയിട്ട് അത് ടൂറിസത്തിന്റെ ചെലവിൽ എഴുതരുത്. മദ്യം എവിടെയാണ് നന്നായി വിറ്റഴിക്കുന്നതെന്ന് കണക്കുനോക്കിയാലറിയാം. സ്റ്റാർ ഹോട്ടലുകളിലാണോ, Three Star Hotel-ലുകളിലാണോ, ബിവറേജസ് കോർപ്പറേഷൻ സ്റ്റാളിന്റെ മുൻപിലാണോയെന്ന് . മദ്യത്തിന്റെ കാര്യം ഒക്കെ ഞാൻ കൂടുതൽ പറയാനാഗ്രഹിക്കുന്നില്ല. അതൊക്കെ ജനറൽ സ്റ്റേറ്റുമെന്റ് ഇറക്കി ഈ മേഖലയെ അപകീർത്തിപ്പെടുത്തുന്നതിനോട് എനിക്ക് യാതൊരു കാരണവശാലും യോജിക്കാൻ കഴിയില്ല. വിദേശ സഞ്ചാരികൾ കഴിക്കുന്ന മദ്യം ഏതാണെന്ന് ചോദിച്ചാൽ നമ്മൾ നാണംകെട്ടുപോകും. വിദേശികളാണ് ഏറ്റവും കൂടുതൽ മദ്യം കഴിക്കുന്നത് എന്ന് കണക്ക് എടുത്തുനോക്കിയാലറിയാം. പലപ്പോഴും വന്നാൽ അവർ വൈനാണ് ആവശ്യപ്പെടുന്നത്. നമ്മൾ കേരളത്തിലെ consumption of liquor-ന്റെ കണക്ക് എടുത്തുനോക്കിയാലറിയാം കേരളം എത്ര മുമ്പിലാണെന്ന്. നമ്മൾ നാണിച്ചു പോകും. അതുകൊണ്ട് അതിന്റെ ചെലവ് ടൂറിസത്തിന്റെ ചെലവിനോട് കൂടി എഴുതുന്നതിൽ ഒരു കാരണവശാലും യോജിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത് നമ്മൾ കാണേണ്ട ഒരു കാഴ്ചപ്പാട് കേരളത്തിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതകളുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മൊയ്തീൻ തന്നെ സൂചിപ്പിച്ചു സമരങ്ങൾ, ഹർത്താലുകൾ നമ്മളെ ബാധിക്കുന്നുണ്ട്. സഞ്ചാരികൾ വന്നിറങ്ങിയാൽ ഉടനെ കാണുന്നത് ആഴ്ചയിൽ ഒരു ഹർത്താലാണ്. എയർ പോർട്ടിൽ നിന്ന് ഹോട്ടലിലോട്ട് പോകാൻ പറ്റില്ല. ഹോട്ടലിൽ കയറിയ സഞ്ചാരിക്ക് ഹോട്ടൽ റൂം അടച്ചു കിടക്കേണ്ടി വരും. ആകപ്പാടെ 4, 5 ദിവസത്തേയ്ക്ക് പാക്കേജ് എടുത്ത് സഞ്ചാരി വന്നാൽ 5 ദിവസത്തിൽ 2 ദിവസം ഹോട്ടൽ റൂമിൽ കിടക്കേണ്ടി വന്നാൽ അവർ പിന്നെ ഈ നാട്ടിലേയ്ക്ക് വരില്ല. അവർ കേരളത്തെ അവജ്ഞയോടെ ദർശിക്കും. അതുകൊണ്ട് ഈ മേഖലയിൽ ഞങ്ങളുടെ കുറെ നാളത്തെ ആവശ്യമാണ്, ഏതു സർക്കാർ ഭരിച്ചാലും ടൂറിസം ഡിപ്പാർട്ടുമെന്റ് പറയുകയാണ്. ടൂറിസം മേഖലകളിൽ എയർപോർട്ടുകൾ, ഹോട്ടലുകൾ എന്നിവയെ ഹർത്താലിൽ നിന്നും ബന്ദിൽ നിന്നും പണിമുടക്കിൽ നിന്നും ഒഴിവാക്കിത്തരണം. അത് ആ സെൻസിലെടുക്കണമെന്നാണ് ഇവിടത്തെ ഭരണ-പ്രതിപക്ഷ അംഗങ്ങൾ ഉണ്ടല്ലോ, എനിക്ക് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത് ഇക്കാര്യത്തിൽ ഒരു സമവായം ഉണ്ടാക്കിയെടുക്കാൻ നമ്മൾ എല്ലാപേരും അടിസ്ഥാനപരമായി ശ്രമിക്കണം. അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടിയിട്ടുള്ള വളരെ ബൃഹത്തായ പരിപാടികളാണ് നമ്മൾ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുന്നത്. Destination clean ചെയ്യുന്നതിനുവേണ്ടി എല്ലായിടത്തും Information Centre-കൾ കറക്ട് ആക്കാനുള്ള പരിപാടികൾ നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാ Information Centre-കളും ഉടച്ചു വാർക്കണം. Tourist Information Centre-കൾ എല്ലാം ശക്തമാക്കും. D.T.P.C.-കൾ കുറെക്കൂടി ശക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ധർമ്മടം തുരുത്ത് ഏറ്റവും മനോഹരമായ തുരുത്താണ്. അത് ഇപ്പോൾ ഗവണ്മെന്റിന്റെ ഉടമസ്ഥതയിലാണ്. ഗവണ്മെന്റ് വളരെയധികം കാശ് കൊടുത്ത് വാങ്ങിച്ചതാണ്. അവിടെ നിക്ഷേപം വരേണ്ടതായിട്ടുണ്ട്. അവിടെ വികസിപ്പിക്കേണ്ടതായിട്ടുണ്ട്. മുഴുപ്പിലങ്ങാട് ഡ്രൈവ്-ഇൻ ബീച്ചും, ധർമ്മടം തുരുത്തും കൂടി ഉൾപ്പെടുത്തി ഒരു പ്രോജക്റ്റ് കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിച്ചിരിക്കുകയാണ്. അതിന് ഈ വർഷം അനുമതി കിട്ടുമെന്ന് ഉറപ്പായിട്ടുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ ഉടൻ തന്നെ വൻകിട പദ്ധതിയാക്കി ധർമ്മടം തുരുത്തും, മുഴിപ്പിലങ്ങാട് ബീച്ചടക്കം ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പിലാക്കാൻ കഴിയുമെന്ന കാര്യത്തിൽ നമുക്ക് യാതൊരു സംശയവുമില്ല. കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം വാങ്ങിച്ചുവെന്ന് ശ്രീ. എം. വി. ജയരാജൻ സൂചിപ്പിച്ചത് ശരിയാണ്. ഇന്നത്തെ ക്യാബിനറ്റിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അത് പ്രഖ്യാപിച്ചതാണ്. അദ്ദേഹം അത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. വളരെ സീരിയസായിട്ടുള്ള മൂന്ന് ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെ, കേന്ദ്ര ഗവണ്മെന്റിൽ നിന്നും കിട്ടേണ്ട തുക പരമാവധി നേടിയെടുക്കാൻ വേണ്ടി നിയോഗിച്ചിരിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബിൽ കേരളത്തിന്റെ വിനോദ സഞ്ചാര മേഖലയെ മാത്രമല്ല കേരളത്തിന്റെ പൊതുവായ സാമ്പത്തിക വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ദീർഘവീക്ഷണത്തോടുകൂടിയ ദൂരക്കാഴ്ചയുള്ള ബില്ലാണ്. അതുകൊണ്ട് ഈ ബില്ലിനെപ്പറ്റി അപ്പുറത്തുനിന്ന് സംസാരിച്ചവരും അത് അംഗീകരിച്ചുകൊണ്ടാണ് സംസാരിച്ചത്. അതുകൊണ്ട് ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 1എ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 2ബി ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദ സഞ്ചാര (മേഖലകളുടെ സംരക്ഷണവും, പരിപാലനവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ എന്റെ 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(108). ഖണ്ഡം 2 (എ) യിൽ "സംസ്ഥാന" എന്ന വാക്കിനുശേഷം "പരിസ്ഥിതി സന്തുലന" എന്ന വാക്ക് കൂടി ചേർക്കുക.

ഭേദഗതി 108, കമ്മിറ്റിയുടെ പേർ പുനർ നാമകരണം ചെയ്യണമെന്നുള്ളതാണ്. അംഗീകരിക്കാവുന്ന ഒരു നിർദ്ദേശമാണ്.

അഞ്ച് 2 experts-നെ കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തിയതുകൊണ്ട്, ആ കമ്മിറ്റിയുടെ പേര് സംസ്ഥാന പരിസ്ഥിതി സന്തുലന വിനോദ സഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി എന്നാക്കണം. എന്നിട്ട് ഒരു ചുരുക്ക പേര് നമുക്ക് പുറത്ത് വിളിക്കാൻ കണ്ടെത്തണം. പരിസ്ഥിതി സംരക്ഷണം കൂടി കണക്കിലെടുത്തുള്ള ഒരു പേരായിരിക്കും നല്ലത് എന്നാണ് എനിക്ക് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പറയാനുള്ളത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ഞാൻ എന്റെ 109, 111 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(109). ഖണ്ഡം 2 (എ) താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക:

2 (എ) "കമ്മിറ്റി എന്നാൽ 4-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന വിനോദ സഞ്ചാര വികസന പരിസ്ഥിതി സംരക്ഷണ പരിപാലന കമ്മിറ്റി." എന്നർത്ഥമാകുന്നു.

(111). ഖണ്ഡം 2 (എഫ്) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"2(എഫ്) 'വിനോദ സഞ്ചാരമേഖല' എന്നാൽ ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി ഒരു വിനോദ സഞ്ചാര മേഖലയായി ഗവണ്മെന്റ് അംഗീകരിച്ച് സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതൊരു പ്രദേശവും എന്നർത്ഥമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന വിനോദ സഞ്ചാര വികസന പരിസ്ഥിതി സംരക്ഷണ പരിപാലന കമ്മിറ്റി എന്ന് അർത്ഥമാക്കുന്ന രീതിയിൽ മാറ്റണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ഡി. സുഗതൻ : സർ, ഞാൻ എന്റെ 110-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(110). ഖണ്ഡം 2 (ബി) യിൽ

(1) "തദ്ദേശാധികാരസ്ഥാനം" എന്നതിന് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്ന് ചേർക്കുക.

(2) "രൂപീകരിച്ച മുൻസിപ്പാലിറ്റി" എന്നതിനുപകരം "രൂപീകരിച്ച ഒരു മുൻസിപ്പാലിറ്റിയോ ടൗൺ പഞ്ചായത്തോ" എന്ന് ചേർക്കുക. ഞാൻ ഈ ഭേദഗതികൾ മൂവ് ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ എന്റെ 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(112) 2-ാം വകുപ്പിന്റെ (എഫ്) ഇനത്തിൽ

"സർക്കാർ" എന്ന വാക്കിനും "ഗസറ്റിൽ" എന്ന വാക്കിനും ഇടയിൽ "ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾ ചേർക്കുക.

സർ, ഇതിൽ വിനോദ സഞ്ചാര മേഖലയെന്നാൽ ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി വിനോദ സഞ്ചാര മേഖലയായി സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഒരു പ്രദേശവും എന്ന് അർത്ഥമാവുമെന്നാണ്. അത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കൂടിയാലോചിച്ച് വിജ്ഞാപനം ചെയ്യണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്.

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, ഈ ഭേദഗതിയിൽ പേരിന്റെ കാര്യം കൃത്യമായി പറഞ്ഞു. പേര് വിനോദ സഞ്ചാര മേഖലകളുടെ സംരക്ഷണവും, പരിപാലനവും, എന്ന് ക്ലിയറായിട്ട് പറഞ്ഞു. പരിപാലനം എന്നു പറഞ്ഞാൽ നമ്മൾ നിലനിൽക്കുന്ന വ്യവസ്ഥയെ പരിപാലിക്കുന്നതിന് വേണ്ടിയിട്ടാണ്. എൻവയോൺമെന്റുമായി ബന്ധപ്പെട്ടതാണ് പരിപാലനം. അതുകൊണ്ട് പേരു മാറ്റുന്നതിന്റെ ആവശ്യകതയില്ല. ഇത് സ്വീകരിക്കേണ്ടതായിട്ടില്ല.

മി. സ്പീക്കർ ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 109, 111 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഡി. സുഗതൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ എന്റെ 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(121). പ്രത്യേക വിനോദ സഞ്ചാര മേഖല ഖണ്ഡം 3 ഉപഖണ്ഡം (1)-ൽ "ഏതൊരു പ്രദേശത്തെയും" എന്ന വാക്കുകൾക്കുശേഷം "പദ്ധതി പ്രദേശത്തെയും" എന്ന വാക്കുകൾ ചേർക്കുക.

ഒരു വാചകം, ഇതിൽ ടൂറിസവുമായി ബന്ധപ്പെടുന്ന പല മേഖലകളും, വൈദ്യുത പദ്ധതികൾ, ഇറിഗേഷൻ പ്രോജക്ടുകൾ ഇത്തരം മേഖലകളുമായി വളരെയേറെ ബന്ധപ്പെട്ടുകിടക്കുന്നതാണ്. ടൂറിസം പദ്ധതികൾ അതുകൊണ്ട് ഈ പദ്ധതി പ്രദേശങ്ങൾ എന്നുള്ള പ്രകാരം പ്രത്യേകം മെൻഷൻ ചെയ്യണം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ എന്റെ 123-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(123) ഖണ്ഡം 3 ഉപഖണ്ഡം (1)-ൽ "ഏതൊരു പ്രദേശത്തെയും" എന്ന വാക്കുകൾക്കുശേഷം "പ്രസ്തുത പ്രദേശത്തിന്റെ പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

123-ൽ പ്രദേശത്തെയും എന്ന വാക്കിന് ശേഷം 'പ്രസ്തുത പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ' എന്നു കൂടി ചേർക്കണം എന്ന് പറയാൻ കാരണം, ഈ നിയമം ഇവിടെ പാസ്സായാൽ കേരളത്തിന്റെ പരിസ്ഥിതി പ്രശ്നം വല്ലാത്ത ഗുരുതരാവസ്ഥയിലേയ്ക്ക് എത്തും. ഉദ്യോഗസ്ഥന്മാർക്ക് ഇഷ്ടം പോലെ എന്തും ചെയ്യാനുള്ള അധികാരം ഇതിനകത്ത് കൊടുക്കുകയാണ്. അതുകൊണ്ട് പരിസ്ഥിതി Protection എന്നു പറയുന്നത് പ്രധാനപ്പെട്ട ഭാഗമാണ്. അത് ബില്ലിന്റെ ആമുഖത്ത് തന്നെ വരേണ്ടതാണ്. നിരവധി ഭാഗത്ത് നമ്മൾ ഭേദഗതി കൊടുത്തിട്ടുണ്ട്. അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ; സർ, ഞാൻ എന്റെ 125, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(125). ഖണ്ഡം 3-ൽ ഉപഖണ്ഡം (1)-ൽ "സംസ്ഥാനത്തുള്ള ഏതൊരു പ്രദേശത്തെയും" എന്ന വാക്കുകൾക്കു ശേഷം "ടൂറിസം വികസനത്തിന് സാദ്ധ്യതയുള്ളതാണെങ്കിൽ" എന്ന വാക്കുകൾ ചേർക്കുക.

(135). ഖണ്ഡം 3 ഉപഖണ്ഡം 2 താഴെപറയും പ്രകാരം മാറ്റിയെഴുതുക:

"(2) കമ്മിറ്റി പുറപ്പെടുവിക്കുന്ന പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെ, നിർമ്മാണം, ഭൂമിയുടെ ഘടനയിൽ ഏതെങ്കിലും വിധത്തിലുള്ള മാറ്റം വരുത്തൽ ഉൾപ്പെടെ യാതൊരു വികസന പ്രവർത്തനവും ഒരു പ്രത്യേക വിനോദ സഞ്ചാര മേഖലയിൽ നടപ്പാക്കാൻ പാടുള്ളതല്ല."

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി പുറപ്പെടുവിക്കുന്ന പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ, നിർമ്മാണം, ഭൂമിയുടെ ഘടനയിൽ മാറ്റം വരുത്തൽ ഉൾപ്പെടെ യാതൊരു വികസന പ്രവർത്തനവും ഒരു പ്രത്യേക വിനോദ സഞ്ചാരമേഖലയിൽ നടപ്പിലാക്കാൻ പാടുള്ളതല്ല' എന്നാക്കുന്നതാണ് കുറെക്കൂടെ നല്ലത്.

ശ്രീ. കെ. പി. മോഹനൻ: സർ, 126-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(126) : ഖണ്ഡം 3(1)-ൽ "അങ്ങനെയുള്ള പ്രദേശത്തിന്റെ" എന്നതിനുശേഷം "തനിമ നിലനിർത്തിക്കൊണ്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

ഇവിടെ പറഞ്ഞതുപോലെ പരിസ്ഥിതിക്ക് കോട്ടം തട്ടാതെ അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് സമഗ്രവും ആസൂത്രിതവുമായ വികസനമെന്നാണ്. അപ്പോൾ ആ സമയത്തെ Modernisation-ന്റെ ഭാഗമായി അത് നഷ്ടപ്പെടും.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, 127-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(127) : 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ "ആസൂത്രിതവുമായ വികസനത്തിനും വേണ്ടി" എന്ന വാക്കുകൾക്കു ശേഷം "പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, 137-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(137) : ഖണ്ഡം 3-ന് താഴെപ്പറയും പ്രകാരം (3) എന്ന ഒരു ഉപഖണ്ഡം കൂട്ടിച്ചേർക്കുക:

"(3) എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സർക്കാർ വകുപ്പുകളുടേയും ആവശ്യത്തിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം ബന്ധപ്പെട്ട വകുപ്പിന്റേയും സർക്കാരിന്റേയും അംഗീകാരത്തിന് വിധേയമായി നടത്താവുന്നതാണ്."

ഏതൊരു പ്രദേശത്തും ഏറ്റെടുക്കാവുന്ന വിധത്തിലാണ് ഇത് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്പോൾ ആ പ്രദേശത്ത് സർക്കാരിന് ചില ഓഫീസുകളുണ്ടായിരിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചില ഓഫീസുകളുണ്ടായിരിക്കാം. അപ്പോൾ അത്തരത്തിലുള്ള ഓഫീസുകൾ അവിടെയുണ്ടെങ്കിൽ അത് ഏറ്റെടുക്കുന്ന നിലയിലേയ്ക്കുവരും. മാത്രമല്ല, ഇത്തരം പ്രദേശങ്ങളിൽ അനിവാര്യമായ സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഓഫീസിന്റേയും മറ്റും ആവശ്യത്തിന് നിർമ്മാണ പ്രവർത്തനവും വേണ്ടിവരും. അപ്പോൾ അതിനൊരു exemption കൊടുക്കുന്ന വിധത്തിൽ സർക്കാരിന്റേയും ലോക്കൽ ബോഡീസിന്റേയും കെട്ടിട നിർമ്മാണം എടുക്കാനുള്ള ഒരു exemption കൊടുക്കുന്ന വിധത്തിലെങ്കിലും ഒരു proviso ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. പി. ജെ. ജോയി : സർ, 138-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(138) : ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റിയെഴുതുക:

LIBRARY ARCHIVES Kerala Legislative Assembly

"3—പ്രത്യേക വിനോദസഞ്ചാര മേഖല—സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി സംസ്ഥാനത്തെ ഏതെങ്കിലും വിനോദസഞ്ചാര പ്രാധാന്യമുള്ളതോ വിനോദസഞ്ചാര പ്രാധാന്യമുണ്ടാകാനിടയുള്ളതോ ആയ ഏതൊരു പ്രദേശത്തെയും അതിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രവും ആസൂത്രിതവുമായ വികസനത്തിന് വേണ്ടി ഒരു പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കാവുന്നതാണ്."

ഈ രീതിയിൽ ഖണ്ഡം 3 ഒന്ന് recast ചെയ്യുന്നത് നല്ലതാണ്. അത് ഒന്നുകൂടി മാറ്റിയെഴുതുന്നത് കുറച്ചുകൂടി ക്ലീയറാണെന്നുള്ളതുകൊണ്ടാണ് ഞാൻ ആ ഭേദഗതി ഉന്നയിക്കുന്നത്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ശ്രീ. പി. ജെ. ജോയിയുടെ 138-ാം നമ്പർ ഭേദഗതി അംഗീകരിക്കാം. ഇവിടെ വന്ന ആശങ്കകളൊക്കെ അതിനകത്ത് കവർ ചെയ്യപ്പെടും. കാരണം എല്ലാ പ്രദേശവും എടുക്കാനൊന്നും ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. വിനോദസഞ്ചാര സാധ്യതകളുള്ള പ്രദേശവും അതുമായി ബന്ധപ്പെട്ട പ്രദേശങ്ങളും മാത്രമേയുള്ളൂ. അതുകൊണ്ട് 138-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റുള്ളതൊന്നും സ്വീകരിക്കേണ്ടതില്ല.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വേട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—25

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

11.	ശ്രീ.	എം. വി. ജയരാജൻ
12.	ഡോ.	കെ. സി. ജോസഫ്
13.	ശ്രീ.	എം. കുമാരൻ
14.	,,	കെ. വി. കുഞ്ഞിരാമൻ
15.	,,	വി. കെ. സി. മമ്മത്കോയ
16.	,,	മത്തായി ചാക്കോ
17.	,,	കെ. പി. മോഹനൻ
18.	,,	എ. സി. മൊയ്തീൻ
19.	,,	സി. കെ. നാണു
20.	,,	കെ. രാധാകൃഷ്ണൻ
21.	,,	ടി. പി. രാമകൃഷ്ണൻ
22.	,,	സാജു പോൾ
23.	,,	കെ. പി. സതീശ് ചന്ദ്രൻ
24.	,,	എ. സി. ഷൺമുഖദാസ്
25.	ശ്രീമതി	പി. കെ. ശ്രീമതി ടീച്ചർ

പ്രതികൂലിക്കുന്നവർ—46

1.	ശ്രീ.	കെ. അച്ചുതൻ
2.	,,	സി. ടി. അഹമ്മദ് അലി
3.	,,	എൻ. ഡി. അപ്പച്ചൻ
4.	,,	കെ. ബാബു
5.	,,	ബാബു ദിവാകരൻ
6.	,,	ഡൊമിനിക് പ്രസന്റേഷൻ
7.	,,	എം. എം. ഹസ്സൻ
8.	ശ്രീമതി	എലിസബത്ത് മാമ്മൻ മത്തായി
9.	ശ്രീ.	ഇസ്ഹാക്ക് കുരിക്കൾ
10.	,,	കെ. സി. ജോസഫ്
11.	,,	ജോസഫ് എം. പുതുശ്ശേരി
12.	,,	പി. ജെ. ജോയി
13.	,,	വർക്കല കഹാർ
14.	,,	ജി. കാർത്തികേയൻ
15.	,,	കെ. എൻ. എ. ഖാദർ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ലൂഡി ലൂയിസ്
17. ,, കെ. മുഹമ്മദാലി
18. ,, ഇ. ടി. മുഹമ്മദ് ബഷീർ
19. ,, കെ. മോഹൻ കുമാർ
20. ,, സി. മോയിൻകുട്ടി
21. ,, ആര്യാടൻ മുഹമ്മദ്
22. പ്രൊഫ. എ. ഡി. മുസ്തഫ
23. ശ്രീ. ഡി. സുഗതൻ
24. ,, ഉമ്മൻ ചാണ്ടി
25. ,, എം. കെ. പോൾസൺ മാസ്റ്റർ
26. ,, വി. ജെ. പൗലോസ്
27. ,, ടി. എൻ. പ്രതാപൻ
28. ,, ജി. പ്രതാപവർമ്മ തമ്പാൻ
29. ,, വക്കം ബി. പുരുഷോത്തമൻ
30. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
31. ശ്രീമതി രാധാ രാഘവൻ
32. ശ്രീ. എം. വി. രാഘവൻ
33. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
34. ,, യു. സി. രാമൻ
35. ,, തമ്പാനൂർ രവി
36. ,, ടി. പി. എം. സാഹിർ
37. ,, എൻ. ശക്തൻ
38. ശ്രീമതി മാലേത്ത് സരളാദേവി
39. ശ്രീ. വി. ഡി. സതീശൻ
40. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
41. ശ്രീ. എൻ. സുന്ദരൻ നാടാർ
42. ,, സി. എഫ്. തോമസ്
43. പ്രൊഫ. കെ. വി. തോമസ്
44. ശ്രീ. പി. ടി. തോമസ്
45. ,, കെ. സി. വേണുഗോപാൽ
46. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ, അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ—25

പ്രതികൂലിക്കുന്നവർ—46

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 125, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയിയുടെ 138-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

മി. സ്പീക്കർ: ഭേദഗതി അവതരിപ്പിച്ചിട്ടില്ല.

3-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, നാലാം വകുപ്പിന് ഒരു Official amendment ഞാൻ അവതരിപ്പിക്കുകയാണ്.

(253) : 4-ാം ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡത്തിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൂടി ചേർക്കുക, അതായത്:—

"എന്നാൽ, കമ്മിറ്റി നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും ഏതൊരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരെയോ പ്രത്യേക ക്ഷണിതാക്കളാക്കാവുന്നതും അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്താവുന്നതുമാണ്."

ശ്രീ. കെ. പി. മോഹനൻ: സർ, 140, 173 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(140) : "വകുപ്പ് 4(1)-ൽ "വിനോദസഞ്ചാര മേഖലയുടെ" എന്നതിനുശേഷം "തനിമ നിലനിർത്തിക്കൊണ്ടുള്ള" എന്നുകൂടി ചേർക്കുക."

LIBRARY ARCHIVES Kerala Legislative Assembly

(173) വകുപ്പ് 4(3)-ൽ "ഗവൺമെന്റ് സെക്രട്ടറി" എന്നതിനുപകരം "മന്ത്രി" എന്നും "വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ" എന്നതിനുപകരം "വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി" എന്നും ചേർക്കുക..

ശ്രീ. എ. കെ. ബാലൻ: സർ, 141-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(141) ഖണ്ഡം 4 ഉപഖണ്ഡം (1)-ൽ "പ്രത്യേക വിനോദസഞ്ചാര മേഖലയുടെ" എന്ന വാക്കുകൾക്ക് ശേഷം "പരിസ്ഥിതി" എന്ന വാക്ക് ചേർക്കേണ്ടതാണ്. വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ രൂപീകരണം, അതൊരു പ്രത്യേക വിനോദസഞ്ചാരമേഖലയുടെ പരിസ്ഥിതി സംരക്ഷണത്തിനും പരിപാലനത്തിലും എന്നാക്കണം. ഇവിടെ വിനോദസഞ്ചാരമേഖലയുടെ സംരക്ഷണമെന്നു മാത്രമേയുള്ളൂ. പരിസ്ഥിതിപരമായ ജൈവപ്രാധാന്യമുള്ള കേരളത്തിലെ ലാൻഡ് സംരക്ഷിക്കുന്നതിനുവേണ്ടി ഇവിടെ നമ്മളൊരു നിയമമുണ്ടാക്കിയതാണ്. ഇത് വരുന്നതോടുകൂടി ecologically fragile land അടക്കം trespass നടത്താൻ പോവുകയാണ്. ഇത് വിചാരിക്കുന്ന രൂപത്തിലുള്ള പ്രത്യാഘാതമല്ല ഉണ്ടാക്കാൻ പോകുന്നത്. ഏതു ലാൻഡിലേയ്ക്കും ഇത് കടക്കും. അതുകൊണ്ട് ecologically fragile land അടക്കം പ്രൊട്ടക്ട് ചെയ്യാനുള്ള ഒരു നിയമം ഇവിടെ കൊണ്ടുവന്ന സ്ഥിതിക്ക് ആ ലാൻഡിലേയ്ക്ക് അടക്കം കടക്കാൻ പോവുകയാണ്. അതുകൊണ്ട് നിർബന്ധമായും പ്രത്യേക വിനോദസഞ്ചാര മേഖലയുടെ എന്ന വാക്കിനുശേഷം പരിസ്ഥിതി സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രവും ആസൂത്രിതവുമായ വികസനത്തിനുംവേണ്ടി എന്ന രൂപത്തിൽ എഴുതിവയ്ക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശശുദ്ധി ശരിയാണെങ്കിൽ ഈ ഭേദഗതി അംഗീകരിക്കണം. ശരിയല്ലെങ്കിൽ അംഗീകരിക്കണ്ട.

ശ്രീ. ജോണി നെല്ലൂർ: സർ, 142, 157, 186 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(142) : 4-ാം വകുപ്പ് (1) ഉപവകുപ്പിൽ "സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ-പരിപാലന കമ്മിറ്റി" എന്നതിനു പകരം "സംസ്ഥാന വിനോദസഞ്ചാര മേഖല സംരക്ഷണ സമിതി" എന്നാക്കി മാറ്റുക.

(157): ഖണ്ഡം 4(2) (vi) താഴെപ്പറയും പ്രകാരം മാറ്റം വരുത്തുക.

"സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി രംഗത്ത് പ്രവർത്തിക്കുന്ന ഒരു പരിസ്ഥിതി പ്രവർത്തകനോ, പരിസ്ഥിതി രംഗത്ത് വൈദഗ്ദ്ധ്യം നേടിയ ഒരു ശാസ്ത്രജ്ഞനോ ആയിരിക്കണം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ."

(186): 4-ാം വകുപ്പിൽ തലക്കെട്ട് താഴെപറയും പ്രകാരം മാറ്റണം.

"വിനോദസഞ്ചാര മേഖലാ സംരക്ഷണ സമിതി"

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 143-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(143): ഖണ്ഡം 4(2)-ൽ താഴെകാണുന്ന ഇനം (1)-ാം ഇനമായി ചേർക്കുകയും, (1) മുതലുള്ള മറ്റിനങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക—

(1) "വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള മന്ത്രി."

(2) (3)-ാം ഉപവകുപ്പിൽ "ഗവൺമെന്റു സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "മന്ത്രി" എന്നുചേർക്കുക.

ഇത് വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ചാണ്. ഇങ്ങനെയൊരു കമ്മിറ്റി കേരളത്തിൽ ആദ്യമായിട്ടാണ് വരുന്നത്. വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിയെയാണ് ഈ കമ്മിറ്റിയുടെ ചെയർമാനായി ഇപ്പോൾ ഇതിൽ നിർദ്ദേശിച്ചിരിക്കുന്നത്. ആദ്യത്തെ കമ്മിറ്റിയായതുകൊണ്ട് മന്ത്രി ഇതിന്റെ ചെയർമാനായിട്ട് വരുന്നതായിരിക്കും നല്ലത്. ഇപ്പോഴത്തെ ഇതിന്റെ സെക്രട്ടറി നല്ലയാളാണ്, മോശമായതുകൊണ്ടല്ല പറഞ്ഞത്. പക്ഷേ നമ്മുടെ മന്ത്രിതന്നെ തുടക്കമായതുകൊണ്ട് ഇതിന്റെ ചെയർമാനായി വരുന്നതായിരിക്കും നല്ലത്. ആ തരത്തിൽ ഇതിൽ ഭേദഗതി വരുത്തണമെന്നുള്ളതാണ് എന്റെ നിർദ്ദേശം.

ശ്രീ. സി. കെ. നാണു: സർ, 147, 168 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(147): വകുപ്പ് 4(2) (11)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"വനം വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി."

(168): വകുപ്പ് 4(2) (vii)-നുശേഷം താഴെപ്പറയുന്നവ ചേർക്കുക.

(viii) "പഞ്ചായത്ത് പ്രസിഡന്റുമാരുടെ സംഘടനയുടെ പ്രസിഡന്റ്"

(ix) "മുനിസിപ്പാലിറ്റികളുടെ ചെയർമാൻമാരുടെ സംഘടനയുടെ പ്രസിഡന്റ്"

(x) "കോർപ്പറേഷനുകളിലെ മേയർമാരിൽ നിന്നും ഒരാൾ"

ഈ കമ്മിറ്റിയിൽ ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പു ഡയറക്ടർമാരുമൊക്കെയാണ് പ്രധാനമായുമുള്ളത്. വിനോദസഞ്ചാരം പ്രധാനമായി കേരളത്തിൽ നടത്തുന്നതിന് വനം മേഖലയുണ്ട്, വന്യജീവി സങ്കേതങ്ങളുണ്ട്. കടൽ കഴിഞ്ഞാൽ പ്രധാനപ്പെട്ട വനത്തിന്റെ ഭാഗങ്ങളിൽക്കൂടിയുള്ള ടൂറിസത്തിനാണ് പ്രാധാന്യമുള്ളത്. അങ്ങനെയാകുമ്പോൾ വന്യജീവി സങ്കേതങ്ങളിൽ, വന്യജീവികളുടെ ആവാസത്തിന് തകരാറില്ലാത്ത, വനത്തിന് ദോഷമില്ലാത്ത രൂപത്തിൽ ടൂറിസം വകുപ്പും വനം വകുപ്പും യോജിച്ചുകൊണ്ടാണ് ഇക്കോ ടൂറിസത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത്. അങ്ങനെ വരുമ്പോൾ വിനോദസഞ്ചാര വകുപ്പു കഴിഞ്ഞാൽ പ്രധാനമായി ഈ പറയുന്ന രൂപത്തിലുള്ള ഉദ്ദേശ്യത്തോടുകൂടിയുള്ളതാണ് ബിൽ എങ്കിൽ വനംവകുപ്പിന്റെ സെക്രട്ടറി ഇതിൽ വരേണ്ടതാണ്. കാരണം ടൂറിസം കഴിഞ്ഞാൽ ടൂറിസം വകുപ്പിന് പ്രധാനമായി ആവശ്യമുള്ളത് അവിടെയാണ്. അതുകൊണ്ട് വനംവകുപ്പ് സെക്രട്ടറിയെകൂടി ചേർക്കണമെന്ന് ഞാൻ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, 148, 149, 159 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(148): വകുപ്പ് 4(2)-ൽ (11)-ാം ഇനത്തിന് (iia) ഇനമായി താഴെപ്പറയുന്നത് ചേർക്കുക.

(iia) സാംസ്ക്കാരിക വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി.

(149): വകുപ്പ് 4 (2)-ൽ (iv)-ൽ "ഒരാൾ" എന്നതിനുപകരം "രണ്ടുപേർ അതിൽ ഒരാൾ വനിതയായിരിക്കണം" എന്ന് ചേർക്കുക.

(159): ഖണ്ഡം 4(2)(vii)-ൽ 'ഒരാൾ' എന്നതിനുപകരം "രണ്ടുപേർ അതിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടയാളായിരിക്കണം" എന്നു ചേർക്കുക.

ഈ കമ്മിറ്റിയിൽ ഇപ്പോഴുള്ളത് വിനോദസഞ്ചാര വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാരും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറും പുരാവസ്തു വകുപ്പ് ഡയറക്ടറുമൊക്കെയാണ്. അക്കൂട്ടത്തിൽ 148-ാം നമ്പർ ഭേദഗതിയായി ചേർക്കുന്നത് സാംസ്ക്കാരിക വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറികൂടി ആ കമ്മിറ്റിയിൽ ഉണ്ടായിരിക്കണമെന്നു ള്ളതാണ് എന്റെ ഭേദഗതി. കൾച്ചറും ടൂറിസവുമൊക്കെ പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നതുതന്നെയാണ്. എനിക്കു മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ഇപ്പോഴത്തേതിൽ പ്രശ്നമൊന്നുമില്ല. ഇതിനു രണ്ടിനുംകൂടി ഒരു സെക്രട്ടറി തന്നെയാണ്. എന്നാലും ആക്ടിൽ അങ്ങനെ വേണമെന്നുള്ള താല്പര്യത്തോടുകൂടിയാണ് അങ്ങനെ ചെയ്തത്. 149-ഉം 159-ഉം സ്ത്രീകളോടും പട്ടികജാതിക്കാരോടുമൊക്കെ കരുണ കാണിക്കാൻ ഉദ്ദേശിച്ചുകൊണ്ട് വച്ചിരിക്കുന്ന ഒരു ഭേദഗതിയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, 150, 158,161,179,181 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(150): വകുപ്പ് 4(2) (iv)-ൽ "ആൾ" എന്നതിനുപകരം "ഒരാൾ" എന്ന് ചേർക്കുക.

(158): വകുപ്പ് 4(2) (vii)-ൽ "ആൾ" എന്നതിനുപകരം "ഒരാൾ" എന്ന് ചേർക്കുക.

(161): വകുപ്പ് 4(2) -ൽ (viii) ആയി താഴെപ്പറയും പ്രകാരം ചേർക്കുക.

(viii) "ഫോറസ്റ്റ് വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി"

(179): വകുപ്പ് 4(4)-ൽ "ചെയർമാന്" എന്നതിനുപകരം "കമ്മിറ്റിക്ക്" എന്ന് ചേർക്കുക.

(181): വകുപ്പ് 4(5)-ൽ "ചെയർമാൻ നിശ്ചയിക്കുന്ന" എന്നതിനുപകരം "ചെയർമാൻ മുൻകൂട്ടി നിശ്ചയിക്കുന്ന" എന്ന് മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

150-ഉം 158-ഉം അതിൽ ഒരാളെ മാത്രമാണ് അംഗമായി നിശ്ചയിച്ചു വരുന്നത്. പരിസ്ഥിതി രംഗത്തു പ്രാധാന്യം നേടിയ ആൾ എന്നതാണ് ഇപ്പോഴുള്ളത്. അതിനുപകരം പരിസ്ഥിതി രംഗത്തു പ്രാവീണ്യം നേടിയ ഒരാൾ എന്നാണ് ചേർക്കേണ്ടത്. അതേ രൂപത്തിൽ തന്നെയാണ് വിനോദസഞ്ചാര മേഖലയിൽ വൈദഗ്ദ്ധ്യം നേടിയ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ എന്നാക്കി മാറ്റണം. 179-ൽ പറയുന്നത് കമ്മിറ്റി ചെയർമാന് കൂടുതലായി അംഗങ്ങളെ ഉൾപ്പെടുത്താവുന്നതും എന്നാണ്. ജനാധിപത്യ സംവിധാനത്തിൽ ഒരു ചെയർമാന് അങ്ങനെ ആളുകളെ ഉൾപ്പെടുത്താൻ അധികാരം കൊടുക്കുന്നതു ശരിയല്ല. കമ്മിറ്റിയാണ് തീരുമാനിക്കേണ്ടത്. കമ്മിറ്റി ചർച്ചചെയ്ത് ആരെയാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത് എന്നതിനെ സംബന്ധിച്ച് കമ്മിറ്റിയുടെ ഡിസിഷനായി വരണം. അതുപോലെ ചെയർമാൻ നിശ്ചയിക്കുന്ന സമയത്ത് കമ്മിറ്റി കൂടുക എന്നു പറയുന്നതു ശരിയല്ല. എവിടെയാണോ കമ്മിറ്റി കൂടേണ്ടത്; എന്നാണ് കമ്മിറ്റി കൂടേണ്ടത് എന്ന് മുൻകൂട്ടി നിശ്ചയിക്കണമെന്നുള്ളതാണ് ഒരു ഭേദഗതി.

<u>ശ്രീ. സി. കെ. നാണു</u>: 168-ാം നമ്പർ ഭേദഗതി മൂവു ചെയ്തെങ്കിലും സംസാരിച്ചില്ല. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ ഇതാണ് ഇന്നു നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഒരു ഭരണ സംവിധാനം. അത്തരം ജനകീയ സമിതികൾ വരുന്നയവസരത്തിൽ എം.പി. മാർക്കും എം.എൽ.എ. മാർക്കും പ്രാതിനിധ്യം കൊടുക്കുന്നില്ലെങ്കിൽ പഞ്ചായത്തു പ്രസിഡന്റുമാരുടെ സംഘടനയുടെ പ്രസിഡന്റും മുനിസിപ്പാലിറ്റികളിലെ ചെയർമാൻമാരുടെ സംഘടനകളുടെ പ്രസിഡന്റും കോർപ്പറേഷനിലെ മേയർമാരിൽ ഒരാളും ഇതിൽ ഉണ്ടാകണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. എ. എ. അസീസ്</u>: സർ, 155-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

(155): ഖണ്ഡം 4(2)-ൽ ഇനം vi, vii എന്നിവ താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

(vi) പ്രത്യേക വിനോദസഞ്ചാര മേഖലകൾ ഉൾപ്പെട്ട പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.

(vii) പ്രത്യേക വിനോദസഞ്ചാര മേഖലകൾ ഉൾപ്പെട്ട പ്രദേശത്തെ ആധികാരികതയുള്ള ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/കോർപ്പറേഷൻ മേയർ/മുൻസിപ്പാലിറ്റി ചെയർമാൻ/ ചെയർപേഴ്സൺ.

<u>ശ്രീ. എം. വി. ജയരാജൻ</u>: സർ, 160, 178,184, 185 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(160): ഖണ്ഡം "4 (2) (vii)- ൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി വകുപ്പ് മേധാവി" എന്നു ചേർക്കുക.

(178): ഖണ്ഡം 4(4)-ൽ "ഉൾപ്പെട്ട" എന്ന വാക്കിനുശേഷം "പ്രദേശത്തെ എം.എൽ.എ.യും പ്രസ്തുത" എന്നീ വാക്കുകൾ കൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(184): ഖണ്ഡം 4(6) എന്ന ഒരു ഉപഖണ്ഡം കൂടി ചേർക്കുക.

"കമ്മിറ്റിയുടെ കാലം മുന്നിലൊന്നായി നിജപ്പെട്ടുള്ളതാണ്."

(185): (4)-ാം ഖണ്ഡത്തിന്റെ ശീർഷകത്തിന്റെ തുടക്കത്തിൽ "പരിസ്ഥിതി സംതുലനം" എന്നുകൂടി ചേർക്കുക. 160-ൽ ഒരാളെകൂടി ചേർക്കണമെന്നുള്ളതാണ്, ശാസ്ത്ര-സാങ്കേതിക -പരിസ്ഥിതി വകുപ്പ് മേധാവി. 178, അതാതു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ കമ്മിറ്റിയിലേയ്ക്ക് ക്ഷണിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെത്തന്നെ അവർക്ക് വോട്ടവകാശം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. 4(4) പ്രകാരം ആ പ്രദേശത്തെ എം.എൽ.എ. കൂടിയായാൽ, കമ്മിറ്റി ആ പ്രദേശത്തു യോഗം ചേരുന്ന സമയത്ത് ടൂറിസം മേഖലയുടെ വികസനത്തിനാവശ്യമായ പ്രൊപ്പോസൽ വയ്ക്കാൻ പറ്റുന്ന രീതിയിലാകും. 184-ൽ പറയുന്നത് ഇതിനകത്ത് കാലം വേണമെന്നാണ്. ഇതിനകത്ത് കാലം പറഞ്ഞിട്ടില്ല. മുന്നിലൊന്നായി കാലം നിജപ്പെടുത്തണമെന്നുള്ളതാണ്. അതംഗീകരിക്കാവുന്നതാണ്.

<u>ശ്രീ. കെ. മോഹൻ കുമാർ:</u> സർ 163-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(163): വകുപ്പ് 4 (2)-ൽ താഴെ ചേരുംവിധം (viii) ഉം (ix)ഉം ഉൾപ്പെടുത്തേണ്ടതാണ്.

"(viii) നഗരസഭ ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളിൽ ഒരാൾ.

(ix) അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളായി രണ്ടുപേർ."

അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ ഇതിനകത്ത് ഉൾപ്പെടുത്തേണ്ടതാണ്. സമിതിയുടെ ആരോഗ്യകരമായ പ്രവർത്തനത്തിനും കൂടാതെ ബഹുജനങ്ങളുടെ പിന്തുണ ഉറപ്പാക്കാനും ഇത് അനിവാര്യമാണ്. അത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> സർ, 164, 175 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(164): വകുപ്പ് 4 (2) (vii)-നുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ കൂട്ടി ചേർക്കുക.

"(viii) സംസ്ഥാന നിയമസഭാ സാമാജികരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 5 പ്രതിനിധികൾ, അതിൽ ഒരാൾ എസ്.സി./എസ്.റ്റി. വിഭാഗത്തിൽ നിന്നും മറ്റൊരാൾ ഒരു വനിതാ പ്രതിനിധിയും ആയിരിക്കണം.

(ix) കെ.റ്റി.ഡി.സി. ചെയർമാൻ/ചെയർപേഴ്സൺ"

(175): ഖണ്ഡം 4(3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

" (3) വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി കമ്മിറ്റിയുടെ ചെയർമാനും പരിസ്ഥിതി രംഗത്ത് വൈദഗ്ദ്ധ്യം നേടിയ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ കൺവീനറും ആയിരിക്കുന്നതാണ്."

LIBRARY ARCHIVES Kerala Legislative Assembly

അതിൽ കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഏഴ് നിർദ്ദേശങ്ങൾ പറഞ്ഞിട്ടുണ്ട്. എട്ടാമത്തേതും ഒമ്പതാമത്തേതുമായി രണ്ടു നിർദ്ദേശമാണ്. സംസ്ഥാന നിയമസഭാ സാമാജികന്മാരിൽ നിന്നും അഞ്ചുപേരെ അതിൽ ഉൾപ്പെടുത്തണം എന്നുള്ളതാണ് എന്റെ ഒരു ഭേദഗതി.

165-ൽ പറയുന്നത്, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കൺവീനർ എന്നുള്ളതു മാറ്റി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കമ്മിറ്റിയുടെ സെക്രട്ടറി, പരിസ്ഥിതി രംഗത്ത് വൈദഗ്ദ്ധ്യം നേടിയ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ കൺവീനർ ആയിരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. ഡി. സുഗതൻ:</u> സർ, 165, 183 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(165): വകുപ്പ് 4(2)-ൽ അവസാനമായി താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക.

"(viii) പ്രത്യേക വിനോദ സഞ്ചാര മേഖല സ്ഥിതി ചെയ്യുന്ന ജില്ലയുടെ

(എ) ജില്ലാ പഞ്ചായത്തു പ്രസിഡന്റ്;

(ബി) കളക്ടർ;

(സി) ക്രമസമാധാനപാലനത്തിനു ചുമതലയുള്ള പോലീസ് സൂപ്രണ്ട്;

(ix) ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന,—

(എ) ഒരു വനിത

(ബി) ഒരു പരിസ്ഥിതി ശാസ്ത്രജ്ഞൻ"

(183): ഖണ്ഡം 4 (5) നു ശേഷം താഴെപ്പറയുന്നവ 6-ഉം 7-ഉം ഉപഖണ്ഡങ്ങളായി ചേർക്കുക.

(6) കമ്മിറ്റിക്ക് ശാശ്വത പിൻതുടർച്ചയും ഒരു പൊതു മുദ്രയും ഉണ്ടായിരിക്കുന്നതാണ്.

(7) കമ്മിറ്റി കൺവീനറുടെ പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതാണ്.

പാർട്ട് (2)-നുശേഷം പ്രത്യേക വിനോദസഞ്ചാര മേഖല സ്ഥിതിചെയ്യുന്ന ജില്ലയുടെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കളക്ടർ, ക്രമസമാധാന പാലനത്തിനുള്ള എസ്.പി., ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പരിസ്ഥിതി ശാസ്ത്രജ്ഞൻ, ഒരു വനിത എന്നിങ്ങനെ ആക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:</u> ഞാൻ എന്റെ 166-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(166): ഖണ്ഡിക 4(എ) (VII)-നുശേഷം

2. VIII. ചെയർമാൻ - കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്.

LIBRARY ARCHIVES Kerala Legislative Assembly

IX. നിയമസഭാ സാമാജികരുടെ മൂന്നു പ്രതിനിധികൾ.

X. ത്രിതല പഞ്ചായത്തുകളുടെ 6 പ്രതിനിധികൾ എന്നുകൂടി ചേർക്കേണ്ടതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: എന്റെ 169-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(169): വകുപ്പ് 4 (2) (vii)-നുശേഷം, താഴെപ്പറയുന്നവ ചേർക്കുക.

viii–വൈദ്യുതി ബോർഡ് ചെയർമാൻ.

ix-ഇറിഗേഷൻ വകുപ്പ് സെക്രട്ടറി.

x-നിയമസഭാ സാമാജികരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 3 പേർ.

xi-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 പ്രതിനിധികൾ.

ഫോറസ്റ്റിന്റെ സെക്രട്ടറി ഈ സമിതിയിൽ ഉണ്ടാകണമെന്നുള്ള അഭിപ്രായത്തോടൊപ്പം തന്നെ പരിഗണിക്കപ്പെടേണ്ടതാണ് വൈദ്യുതി വകുപ്പും. ഇറിഗേഷൻ വകുപ്പും വൈദ്യുതി ബോർഡ് ചെയർമാനേയും ഇറിഗേഷൻ വകുപ്പ് സെക്രട്ടറിയുമൊക്കെ ഇതിനകത്ത് ഉൾക്കൊള്ളിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഫോറസ്റ്റിനെ മാറ്റി നിർത്തിക്കൊണ്ട് എന്തു ടൂറിസമാണുള്ളത്. അത് പരിഗണിക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 170, 176 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(170): ഖണ്ഡം 4 (2) vii നുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കണം.

"viii – റവന്യൂ വകുപ്പു സെക്രട്ടറി

ix എം.എൽ.എമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മൂന്നു പ്രതിനിധികൾ

x – പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാൻ

xi – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 5 പ്രതിനിധികൾ".

(176): ഖണ്ഡം 4(3) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്. "(3) വിനോദ സഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി കമ്മിറ്റിയുടെ ചെയർമാനും പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാൻ കൺവീനറുമായിരിക്കേണ്ടതാണ്."

ശ്രീ. ടി. എൻ. പ്രതാപൻ: സർ, 171, 180 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(171): വകുപ്പ് 4 (2) vii-നുശേഷം താഴെപ്പറയുന്നവ കൂടി ഉൾപ്പെടുത്തുക

" viii -പ്രസ്തുത മേഖലകൾ ഉൾപ്പെടുന്ന പ്രദേശത്തെ എം.പി. അല്ലെങ്കിൽ എം.പി.യുടെ നോമിനി.

LIBRARY ARCHIVES Kerala Legislative Assembly

ix – പ്രസ്തുത മേഖലകൾ ഉൾപ്പെടുന്ന പ്രദേശത്തെ എം.എൽ.എ. അല്ലെങ്കിൽ എം.എൽ.എ.യുടെ നോമിനി.

x – മത്സ്യബന്ധന വകുപ്പിന്റെ പ്രതിനിധി

xi- ജലവിഭവ വകുപ്പിന്റെ പ്രതിനിധി

xii – വൈദ്യുതിവകുപ്പിന്റെ പ്രതിനിധി

xiii – വനംവകുപ്പിന്റെ പ്രതിനിധി".

(180): വകുപ്പ് 4(4)-ൽ "ചെയർമാന് കൂടുതലായി ഉൾപ്പെടുത്താവുന്നതും" എന്നതിനു പകരം "നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

ഇതിൽ പദ്ധതി നടപ്പിലാക്കുന്ന മേഖലയായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ എം.പി. അല്ലെങ്കിൽ എം.പി.യുടെ പ്രതിനിധി, എം.എൽ.എ. അല്ലെങ്കിൽ എം.എൽ.എ. യുടെ പ്രതിനിധി, ഇതിൽ വനം വകുപ്പു വേണം, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് വേണം. തീരദേശ ടൂറിസത്തിനു വളരെയേറെ പ്രാധാന്യ മുള്ളതുകൊണ്ട് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഒരു പ്രതിനിധികൂടി വേണം. ബഹുമാനപ്പെട്ട മന്ത്രി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെക്കുറിച്ചു പറഞ്ഞു. അതിൽ ചെയർമാന് കൂടുതലായി ഉൾപ്പെടുത്താവുന്നതും എന്നു പറഞ്ഞാൽ വേണമെങ്കിൽ ഉൾപ്പെടുത്താതെയുമിരിക്കാം. അത് ശരിയല്ല. അതുകൊണ്ട് നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് എന്നു വേണം. അല്ലെങ്കിൽ ചെയർമാന് ആട്ടോമാറ്റിക്കായി പഞ്ചായത്തു പ്രസിഡന്റിനെ വേണമെങ്കിൽ ഒഴിവാക്കാം.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u> സർ, 172, 174 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(172): ഖണ്ഡം 4 ഉപഖണ്ഡം (2) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക :

കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) വിനോദ സഞ്ചാര വകുപ്പുമന്ത്രി

(ii) പ്രദേശത്തെ എം.പി/എം.പി.യുടെ പ്രതിനിധി

(iii) പ്രദേശത്തെ എം.എൽ.എ/എം.എൽ.എയുടെ പ്രതിനിധി

(iv) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ

(v) വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി

(vi) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി

(vii വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ

(viii) പുരാവസ്തു വകുപ്പ് ഡയറക്ടർ

(ix) കേരള സർക്കാരിന്റെ ചീഫ് ടൗൺ പ്ലാനർ.

LIBRARY ARCHIVES Kerala Legislative Assembly

(174): ഖണ്ഡം 4 ഉപഖണ്ഡം (3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക :

"(3) വിനോദ സഞ്ചാര വകുപ്പുമന്ത്രി കമ്മിറ്റിയുടെ ചെയർമാനും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കമ്മിറ്റിയുടെ സെക്രട്ടറിയും ആയിരിക്കുന്നതാണ്."

ഇത് ഉദ്യോഗസ്ഥരുടെ കമ്മിറ്റി ആയിക്കൂടാ. ഇവിടെ വന്നിട്ടുള്ള പല ഭേദഗതികളിലും എല്ലാ വകുപ്പുകളിലെയും സെക്രട്ടറിമാരെ ഇതിനകത്തുൾപ്പെടുത്തണമെന്നുള്ള നിലയിലാണ് വന്നിട്ടുള്ളത്. ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ. എം.പി.യുടെ പ്രതിനിധി വേണമെന്നുപറയുമ്പോൾ, ഉദ്യോഗസ്ഥന്മാരൊക്കെ ചിരിക്കുമായിരിക്കും. എന്നാലും എം. പി. യുടെ പ്രതിനിധി വേണം. കാരണം ടൂറിസം വികസനത്തിനു ലഭിക്കുന്ന ഫണ്ടിന്റെ നല്ലൊരു ഭാഗം കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്. അപ്പോൾ ഒരു പ്രദേശത്തിന്റെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്ന അവസരത്തിൽ ആ പ്രദേശത്തെ എം.പി.യെ പങ്കെടുപ്പിക്കണം. അതു ഗുണത്തിനേ ഉപകരിക്കൂ. സ്റ്റേറ്റുവൈഡായിട്ടുള്ള ഒരു കമ്മിറ്റിയാണെങ്കിൽ പോലും ഓരോ പ്രദേശത്തും ഇത് ഏറ്റവുമധികം ഫലം ചെയ്യൽ ആ പ്രദേശത്തെ കാര്യങ്ങൾ ചർച്ച ചെയ്യാൻ വേണ്ടി യോഗം നടത്തുന്ന അവസരത്തിൽ എം.പി./എം.എൽ.എ. അല്ലെങ്കിൽ അവരുടെ പ്രതിനിധികൾ, ഗ്രാമപഞ്ചായത്തു പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ ഇവരൊക്കെ ഉണ്ടാകുകയാണ്. ഉദ്യോഗസ്ഥ മേധാവിത്വം ഇല്ലാതാക്കാനും കൂടെക്കൂടി കാര്യങ്ങൾ ചെയ്യാനും ഇതാണ് നല്ലത്. അതുകൊണ്ട് ജനപ്രതിനിധികൾ വേണം. നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതാണ്. ഇത് ആദ്യത്തെ കമ്മിറ്റിയാണ്. നമ്മളൊരു പരീക്ഷണം നടത്തുകയാണ്. ഈ രംഗത്ത് ഒരു ശ്രദ്ധേയമായ ഇടപെടൽ നടത്തുകയാണ്. ഈ ഇടപെടലിനു ഫലമുണ്ടാകണമെങ്കിൽ ജനങ്ങളുടെ മനസ്സറിയുന്ന ഒരാൾ ഈ കമ്മിറ്റിയുടെ ചെയർമാനായി ഉണ്ടാകണം. തീർച്ചയായും മന്ത്രി തന്നെയാണ് അതിന് അനുയോജ്യൻ. ചെയർമാനാകേണ്ടത് മന്ത്രി തന്നെയാണ്. ഇതാണ് എന്റെ മറ്റൊരു ഭേദഗതി.

<u>ശ്രീ. പി. ജെ. ജോയി:</u> 177-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

(177): നാലാം വകുപ്പിൽ (1) (2) (3) ഉപവകുപ്പുകൾക്കുപകരം താഴെപ്പറയും പ്രകാരം ചേർക്കുക :

4. വിനോദ സഞ്ചാര പരിപാലന സംരക്ഷണ കമ്മിറ്റികളുടെ രൂപീകരണം—

(1) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിനും പരിപാലനത്തിനും അതിന്റെ സമഗ്രവും ആസൂത്രിതവുമായ വികസനത്തിനുവേണ്ടി കഴിയുന്നത്ര കാലേ കൂട്ടി "സംസ്ഥാന വിനോദ സഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി" എന്ന പേരിൽ ഒരു കമ്മിറ്റിയെ ഗസറ്റിൽ പ്രസിദ്ധീകരിച്ച് വിജ്ഞാപനം വഴി ഗവൺമെന്റ് രൂപീകരിക്കേണ്ടതാണ്.

(2) കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

(i) വിനോദ സഞ്ചാര വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എക്സ് ഒഫിഷ്യോ—അദ്ദേഹം കമ്മിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ്.

(ii) വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി—എക്സ് ഒഫിഷ്യോ;

(iii) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി—എക്സ് ഒഫിഷ്യോ;

(iv) വിനോദ സഞ്ചാര വകുപ്പു ഡയറക്ടർ—എക്സ് ഒഫിഷ്യോ;

(v) പുരാവസ്തു വകുപ്പ് ഡയറക്ടർ—എക്സ് ഒഫിഷ്യോ;

(vi) സംസ്ഥാന സർക്കാരിന്റെ ചീഫ് ടൗൺ പ്ലാനർ;

(vii) ധന വകുപ്പു സെക്രട്ടറി—എക്സ് ഒഫിഷ്യോ;

(viii) പ്രത്യേക വിനോദസഞ്ചാര മേഖല സ്ഥിതിചെയ്യുന്ന ജില്ലയുടെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്—എക്സ് ഒഫിഷ്യോ;

(ix) സംസ്ഥാന നിയമസഭാ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു നിയമസഭാ സാമാജികർ;

(x) ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന,—

(എ) പരിസ്ഥിതി കാര്യങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള രണ്ടു പരിസ്ഥിതി ശാസ്ത്രജ്ഞർ;

(ബി) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ നിഷ്ണാതനായ ഒരാൾ;

(സി) പ്രകൃതി ശാസ്ത്രത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള രണ്ടു ശാസ്ത്രജ്ഞർ;

(ഡി) പരിസ്ഥിതി പ്രവർത്തനങ്ങളിലും പ്രകൃതി സംരക്ഷണത്തിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള രണ്ടു വനിതകൾ;

(ഇ) ആയുർവേദ വൈദ്യ ശാസ്ത്രത്തിലും ചികിത്സയിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു ഡോക്ടർ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്ന സാമൂഹ്യപ്രവർത്തന രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരാൾ.

(3) വിനോദ സഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി കമ്മിറ്റിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

2/2315/2013.

LIBRARY ARCHIVES Kerala Legislative Assembly

ഇതിലെല്ലാം പ്രാദേശിക പരിഗണന വരുമ്പോൾ ഇതൊരു ജമ്പോ കമ്മിറ്റിയാകും. ഞാൻ പറയുന്ന ഭേദഗതി എന്നു പറയുന്നത് ടൂറിസവുമായി ബന്ധപ്പെട്ട മേഖലയിലെ എം.എൽ.എ. മാർ, അതിന്റെ പ്രതിനിധികൾ രണ്ടു പേരെ നിയമസഭാ സ്പീക്കർ നോമിനേറ്റു ചെയ്യണം എന്നാണ് എന്റെ നിർദ്ദേശം. ഗവൺമെന്റ് നോമിനേറ്റു ചെയ്യുന്നത് വിവിധ കാറ്റഗറിയിൽപ്പെട്ടവരെയാണ്. വിവിധ കാറ്റഗറിയിൽപ്പെട്ടവരാണെന്നു പറയുമ്പോൾ പ്രകൃതി ശാസ്ത്രജ്ഞന്മാർ, പരിസ്ഥിതി വാദികൾ, ആയുർവേദ രംഗത്തെ ഡോക്ടർമാർ, ഇവരുടെ പ്രതിനിധികളെയൊക്കെ ഗവൺമെന്റ് നോമിനേറ്റു ചെയ്യണം. എം.എൽ.എ. മാരിൽ രണ്ടുപേരെയെങ്കിലും നിയമസഭാ സ്പീക്കർ നോമിനേറ്റു ചെയ്യാനുള്ള ഒരു പ്രൊവിഷൻ കൊടുക്കണമെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, 182-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(182): ഖണ്ഡം 4(5) താഴെപ്പറയും പ്രകാരം മാറ്റുക:

"(5) കമ്മിറ്റി ചെയർമാൻ നിശ്ചയിക്കുന്ന പ്രകാരമുള്ള തീയതിയിലും സ്ഥലങ്ങളിലും മാസത്തിൽ ഒരിക്കലെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ കമ്മിറ്റിയുടെ യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണത്തിന് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരമുള്ള നടപടിക്രമം പാലിക്കാവുന്നതുമാണ്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):— സർ, ശ്രീ. ഡി. സുഗതന്റെ 183-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

എന്റെ ഒഫിഷ്യൽ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഞാൻ ഒഫിഷ്യലായി ഭേദഗതി കൊണ്ടുവന്നതുതന്നെ ഇവിടെ പല നിർദ്ദേശങ്ങൾ വന്നതുകൊണ്ടാണ്. ഇറിഗേഷൻ സെക്രട്ടറി വേണമെന്ന് ഇവിടെ സൂചിപ്പിച്ചു. ഫോറസ്റ്റ് സെക്രട്ടറി വേണമെന്ന് സൂചിപ്പിച്ചു. അപ്പോൾ എല്ലാ സെക്രട്ടറിമാരും വേണ്ടിവരും. അതാതു പ്രദേശത്തെ ഏതെങ്കിലും ഉദ്യോഗസ്ഥനെ ആവശ്യമുണ്ടെന്നു തോന്നിയാൽ വിളിക്കാനുള്ള പ്രൊവിഷൻ കൊടുക്കാൻ വേണ്ടിയാണ് ആ ഒഫിഷ്യൽ ഭേദഗതി കൊണ്ടുവന്നത്. ഇവിടെ വന്ന നിർദ്ദേശങ്ങൾ പരിഗണിച്ചാണ് ഇത് ചെയ്യുന്നത്. ഏതെങ്കിലും മേഖലയിൽ ഫോറസ്റ്റ് സെക്രട്ടറിയെ ആവശ്യമാണ്, കൾച്ചറൽ സെക്രട്ടറിയെ ആവശ്യമാണ്, അല്ലെങ്കിൽ ഹോം സെക്രട്ടറിയെ ആവശ്യമാണ്, എന്ന് തോന്നിയാൽ അത്തരം ഉദ്യോഗസ്ഥരെ വിളിക്കാനുള്ള അധികാരം കൊടുക്കാൻ വേണ്ടിയാണ് ഒഫിഷ്യൽ ഭേദഗതി കൊണ്ടുവന്നത്. ഇവിടെ പറയുന്ന പ്രശ്നങ്ങൾ മീറ്റു ചെയ്യാൻ വേണ്ടിയാണ്. അതുപോലെ ഇവിടെ പറഞ്ഞ കാര്യത്തിന്റെ കാര്യം ചട്ടങ്ങളിൽപ്പെടുത്തേണ്ടതാണ്. നിയമത്തിൽ പറയേണ്ടതല്ല. ചട്ടങ്ങളിൽ വരും. പിന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ പഞ്ചായത്തു പ്രസിഡന്റ് "shall" എന്ന വാക്കാണ് ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്നത്. പിന്നെ നിർബന്ധമായും എന്ന് ഒരു നിയമത്തിലും പറയാറില്ല. അത് സ്വീകരിക്കേണ്ട കാര്യമില്ല. ബാക്കി ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ:—മന്ത്രി അവതരിപ്പിച്ച 253-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 140, 173 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 142, 157, 186 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 147, 168 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 148, 149, 159 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ:—പ്രൊഫ. സാവിത്രി ലക്ഷ്മണന്റെ 149, 159 എന്നീ നമ്പർ ഭേദഗതികൾക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ:—149-ാം നമ്പർ ഭേദഗതിയും 159-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ പ്രസ്സ് ചെയ്യുന്നില്ല. പക്ഷേ സഭയുടെ അനുമതിയോടുകൂടി മാത്രമേ പിൻവലിക്കാൻ പാടുള്ളൂ. അതുകൊണ്ടാണ് വോട്ടിംഗ് വേണ്ടി വരുന്നത്.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—49

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. എൻ. ഡി. അപ്പച്ചൻ
3. ശ്രീ. കെ. ബാബു
4. ശ്രീ. ബാബു ദിവാകരൻ
5. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
6. ശ്രീ. പി. പി. ജോർജ്
7. ശ്രീ. എം. എം. ഹസ്സൻ
8. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
9. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
10. ശ്രീ. ജോണി നെല്ലൂർ
11. ശ്രീ. കെ. സി. ജോസഫ്
12. ശ്രീ. ജോസഫ് എം. പുതുശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. പി. ജെ. ജോയി
14. ശ്രീ. വർക്കല കഹാർ
15. ശ്രീ. ജി. കാർത്തികേയൻ
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. ലൂഡി ലൂയിസ്
18. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
19. ശ്രീ. കെ. മോഹൻ കുമാർ
20. ശ്രീ. സി. മോയിൻകുട്ടി
21. ശ്രീ. ആര്യാടൻ മുഹമ്മദ്
22. ശ്രീ. എം. കെ. മുനീർ
23. പ്രൊഫ. എ. ഡി. മുസ്തഫ
24. ശ്രീ. കെ. കെ. ഷാജു
25. ശ്രീ. നാലകത്ത് സൂപ്പി
26. ശ്രീ. ഡി. സുഗതൻ
27. ശ്രീ. ഉമ്മൻ ചാണ്ടി
28. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
29. ശ്രീ. വി. ജെ. പൗലോസ്
30. ശ്രീ. ടി. എൻ. പ്രതാപൻ
31. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
32. ശ്രീ. വക്കം ബി. പുരുഷോത്തമൻ
33. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
34. ശ്രീമതി മാധാ മാഘവൻ
35. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
36. ശ്രീ. യു. സി. രാമൻ
37. ശ്രീ. തമ്പാനൂർ രവി
38. ശ്രീ. ടി. പി. എം. സാഹിർ
39. ശ്രീ. എൻ. ശക്തൻ
40. ശ്രീമതി മാലേത്ത് സരളാദേവി
41. ശ്രീ. വി. ഡി. സതീശൻ
42. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
43. ശ്രീ. എൻ. സുന്ദരൻ നാടാർ
44. ശ്രീ. സി. എഫ്. തോമസ്
45. പ്രൊഫ. കെ. വി. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. പി. ടി. തോമസ്
47. ശ്രീ. എം. എ. വാഹീദ്
48. ശ്രീ. കെ. സി. വേണുഗോപാൽ
49. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ —26

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. എ. എ. അസീസ്
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീ. പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. വി. കെ. സി. മമ്മത് കോയ
16. ശ്രീ. മത്തായി ചാക്കോ
17. ശ്രീ. കെ. പി. മോഹനൻ
18. ശ്രീ. എ. സി. മൊയ്തീൻ
19. ശ്രീ. സി. കെ. നാണു
20. ശ്രീ. കെ. രാധാകൃഷ്ണൻ
21. ശ്രീ. ടി. പി. രാമകൃഷ്ണൻ
22. ശ്രീ. സാജു പോൾ
23. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
24. ശ്രീ. എ. സി. ഷൺമുഖദാസ്
25. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
26. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ:—ഭേദഗതികൾ പിൻവലിക്കുന്നതിന് സഭയുടെ അനുമതിയുണ്ടോ എന്ന പ്രശ്നത്തെ സംബന്ധിച്ച്,

അനുകൂലിക്കുന്നവർ—49

പ്രതികൂലിക്കുന്നവർ—26

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 149, 159 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 150, 158, 161, 179, 181 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 160, 178, 184, 185 എന്നീ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ എന്റെ 184-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—49

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. എൻ.. ഡി. അപ്പച്ചൻ
3. ശ്രീ. കെ. ബാബു
4. ശ്രീ. ബാബു ദിവാകരൻ
5. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
6. ശ്രീ. പി. പി. ജോർജ്
7. ശ്രീ. എം. എം. ഹസ്സൻ
8. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
9. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
10. ശ്രീ. ജോണി നെല്ലൂർ
11. ശ്രീ. കെ. സി. ജോസഫ്
12. ശ്രീ. ജോസഫ് എം. പുതുശ്ശേരി
13. ശ്രീ. പി. ജെ. ജോയി

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. ഉമ്മൻ ചാണ്ടി
15. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
16. ശ്രീ. വി. ജെ. പൗലോസ്
17. ശ്രീ. ടി. എൻ. പ്രതാപൻ
18. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
19. ശ്രീ. വക്കം പുരുഷോത്തമൻ
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീമതി രാധാ രാഘവൻ
22. ശ്രീ. വർക്കല കഹാർ
23. ശ്രീ. ജി. കാർത്തികേയൻ
24. ശ്രീ. കെ. എൻ. എ. ഖാദർ
25. ശ്രീ. ലൂഡി ലൂയിസ്
26. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
27. ശ്രീ. കെ. മോഹൻ കുമാർ
28. ശ്രീ. സി. മോയിൻകുട്ടി
29. ശ്രീ. ആര്യാടൻ മുഹമ്മദ്
30. ശ്രീ. എം. കെ. മുനീർ
31. പ്രൊഫ. എ. ഡി. മുസ്തഫ
32. ശ്രീ. കെ. കെ. ഷാജു
33. ശ്രീ. നാലകത്ത് സൂപ്പി
34. ശ്രീ. ഡി. സുഗതൻ
35. ശ്രീ. എൻ. സുന്ദരൻ നാടാർ
36. ശ്രീ. സി. എഫ്. തോമസ്
37. പ്രൊഫ. കെ. വി. തോമസ്
38. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
39. ശ്രീ. യു. സി. രാമൻ
40. ശ്രീ. തമ്പാനൂർ രവി
41. ശ്രീ. ടി. പി. എം. സാഹിർ

LIBRARY ARCHIVES Kerala Legislative Assembly

42. ശ്രീ. എൻ. ശക്തൻ
43. ശ്രീമതി മാലേത്ത് സരളാദേവി
44. ശ്രീ. വി. ഡി. സതീശൻ
45. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
46. ശ്രീ. പി. ടി. തോമസ്
47. ശ്രീ. എം. എ. വാഹീദ്
48. ശ്രീ. കെ. സി. വേണുഗോപാൽ
49. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—26

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. എ. എ. അസീസ്
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീ. പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. വി. കെ. സി. മമ്മത് കോയ
16. ശ്രീ. മത്തായി ചാക്കോ
17. ശ്രീ. കെ. പി. മോഹനൻ
18. ശ്രീ. എ. സി. മൊയ്തീൻ
19. ശ്രീ. സി. കെ. നാണു
20. ശ്രീ. കെ. രാധാകൃഷ്ണൻ
21. ശ്രീ. ടി. പി. രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. സാജു പോൾ

23. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ

24. ശ്രീ. എ. സി. ഷൺമുഖദാസ്

25. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

26. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—49

പ്രതികൂലിക്കുന്നവർ—26

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 160, 178, 185 എന്നീ ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. കെ. മോഹൻ കുമാർ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 164, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഡി. സുഗതൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 170, 176 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 172, 174 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 171, 180 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ എന്റെ 187, 197, 198, 203, 219 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(187) ഖണ്ഡം 5 (1) (i)-ൽ "പ്രത്യേക" എന്ന വാക്കിനു പകരം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

(197) ഖണ്ഡം 5 (1) (ii)-ൽ "നടപ്പിലാക്കൽ" എന്ന വാക്കിനു പകരം "അവയെ" എന്ന വാക്ക് ചേർക്കുക.

(198) ഖണ്ഡം 5 (1) (iii)-ലെ "പ്രത്യേക" എന്ന വാക്ക് ഒഴിവാക്കുക;

(203) ഖണ്ഡം 5 (1) (v)-ൽ "ഭൂവികസനമോ" എന്ന വാക്ക് ഒഴിവാക്കുക;

(219) ഖണ്ഡം 5 (4) (l)-ൽ "ഭൂമി നീക്കിവയ്ക്കലും" എന്നതിനുപകരം "ഭൂമി കണ്ടെത്തലും" എന്ന് ചേർക്കുക.

ഇതിൽ പ്രത്യേക വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ എന്നാണ് പറയുന്നത്. സംസ്ഥാനം ഒരു യൂണിറ്റായി എടുത്തുകൊണ്ടാണ് വിനോദസഞ്ചാര മേഖല രൂപപ്പെടുത്തി എടുക്കേണ്ടത്. അതുകൊണ്ട് പ്രത്യേക എന്നത് സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല എന്നാക്കേണ്ടതാണ്. 197, ഭാഷാപരമായിട്ടുള്ള ഒരു കാര്യമാണ്. അത് വിനോദ സഞ്ചാര വികസന പദ്ധതി നടപ്പിലാക്കുകയോ നടപ്പിലാക്കൽ ഏകോപിപ്പിക്കുകയോ ചെയ്യുക എന്നുള്ളതാണ്. നടപ്പിലാക്കൽ എന്നതു മാറ്റി നടപ്പിലാക്കുകയോ അവയെ ഏകോപിപ്പിക്കുകയോ ചെയ്യുന്നു എന്നാണ് വന്നത്. 198, പ്രത്യേക എന്ന വാക്ക് ഒഴിവാക്കുക എന്നതാണ്. 203-ൽ പറയുന്നത് വിനോദസഞ്ചാര വികസന പദ്ധതിക്കു വിരുദ്ധമായോ അഥവാ അത് ലംഘിച്ചുകൊണ്ടുള്ള അനധികൃത നിർമ്മാണമോ ഭൂവികസനമോ എന്നാണ് അത് സംബന്ധിച്ചു പറയുന്നത്. അതിൽ ഭൂവികസനമോ എന്നുള്ളത് ഒഴിവാക്കണം. 219-ൽ പറയുന്നത്, വിനോദസഞ്ചാരമെന്ന ആവശ്യത്തിലേക്ക് ഭൂവിനിയോഗത്തിന്റെ ആസൂത്രണവും ഭൂമി നീക്കി വയ്ക്കലും സംബന്ധിച്ച എന്നാണ്. അതിനു ഭൂമി കണ്ടെത്തുക എന്നാണ് ചേർക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞാൻ എന്റെ 188, 199 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(188) ഖണ്ഡം 5 (1) (i)-ൽ "വികസന പദ്ധതി തയ്യാറാക്കുക" എന്ന വാക്കുകൾക്കു പകരം "വികസന പദ്ധതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടുകൂടി തയ്യാറാക്കുക" എന്ന വാക്കുകൾ ചേർക്കുക.

(199) ഖണ്ഡം 5 (1) (iii)-ന്റെ (1) (iii) ഇനത്തിൽ "മാർഗ്ഗ നിർദ്ദേശരേഖകൾ പ്രാവർത്തികമാക്കുക" എന്ന വാക്കുകൾക്കു പകരം "മാർഗ്ഗനിർദ്ദേശരേഖകൾ പ്രാവർത്തികമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക" എന്ന വാക്കുകൾ ചേർക്കുക. (1) (3)-ാം ഉപവകുപ്പ് നീക്കം ചെയ്യുക.

ശ്രീ. പി. ടി. തോമസ് : ഞാൻ എന്റെ 193, 209 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(193) ഖണ്ഡം 5(1) (i)-ൽ "തയ്യാറാക്കുക" എന്നതിനുപകരം "തയ്യാറാക്കി ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുക" എന്നു ചേർക്കുക.

(209) ഖണ്ഡം 5(1) (vi)-നുശേഷം താഴെപറയുന്നവ ചേർക്കുകയും ബാക്കിയുള്ളവ പുനഃക്രമീകരിക്കുയും ചെയ്യുക.

(vii) വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക വിധത്തിൽ നയനാനന്ദകരമോ ശ്രവണസുഖം നൽകുന്നതോ ആയ ഏർപ്പാടുകൾ ഉണ്ടാക്കുക.

(viii) നമ്മുടെ സാംസ്കാരിക പൈതൃകത്തെ സഞ്ചാരികൾക്ക് മനസ്സിലാക്കി കൊടുക്കാനുതകുന്നതിനുള്ള ഏർപ്പാടുകളുണ്ടാക്കുക.

ശ്രീ. എം. വി. ജയരാജൻ : ഞാൻ എന്റെ 195, 207, 220 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(195) ഖണ്ഡം 5(1) (i) ആയി താഴെപ്പറയുന്നവ ചേർക്കുകയും ബാക്കി പുനഃക്രമീകരിക്കുകയും ചെയ്യുക.

"5(i) വിനോദസഞ്ചാര മേഖലയിൽ പുതിയ സംരംഭങ്ങൾ കൊണ്ടു വരുന്നതിനാവശ്യമായ വെള്ളം, വെളിച്ചം, ഗതാഗതം തുടങ്ങി ഭൗതിക-പശ്ചാത്തല സൗകര്യങ്ങൾ കൊണ്ടു വരുക;"

(207) ഖണ്ഡം 5 (1)-ൽ (vi) ന് ശേഷം (vii എ) ആയി താഴെ പറയുന്നത് ചേർക്കുകയും ബാക്കി പുനഃക്രമീകരിക്കുകയും ചെയ്യുക.

"(vii) പ്രത്യേക വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയോ നടപ്പിലാക്കൽ ഏകോപിപ്പിക്കുകയോ ചെയ്യുമ്പോൾ പരിസ്ഥിതിക്ക് ഭംഗം വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തുക."

(220) ഖണ്ഡം 5(4) (iii) ന് ശേഷം (iv) ആയി താഴെപ്പറയുന്ന ഭാഗം ചേർക്കുകയും ബാക്കി പുനഃക്രമീകരിക്കുകയും ചെയ്യുക.

"(iv) കേന്ദ്രസർക്കാരിൽനിന്നോ ഇതര ഏജൻസികൾ വഴിയോ വിനോദസഞ്ചാര മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കലും നടപ്പാക്കലും."

പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ എന്നുള്ളതുകൂടി കടമയിൽ ചേർക്കണമെന്നുള്ളതാണ് ഭേദഗതി. 207, പ്രത്യേക വിനോദസഞ്ചാര മേഖലയിലെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ പരിസ്ഥിതിക്കു കോട്ടം വരില്ലെന്നു ഉറപ്പു വരുത്തണമെന്നുള്ളതു സംബന്ധിച്ചാണ്. 220, അങ്ങേയ്ക്ക് സ്വീകരിക്കാൻ കഴിയുന്ന കാര്യമാണ്. 5(4)-നുശേഷം കേന്ദ്ര സർക്കാരിൽനിന്നോ ഇതര ഏജൻസികളിൽനിന്നോ വിനോദസഞ്ചാര മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കലും നടപ്പാക്കലും എന്നതുകൂടി ഈ കടമയുടെ കാമ്യത്തിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(196) ഖണ്ഡം 5 (1) (i) ന് ശേഷം താഴെപ്പറയുന്നവ ചേർത്ത് ബാക്കി ഇനങ്ങൾ പുനഃക്രമീകരിക്കുക.

"(ii) പ്രത്യേക വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ എന്താണെന്ന് പഠിച്ച് വിശദാംശങ്ങൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും അവ യഥാവിധി നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യുക".

(222) ഖണ്ഡം 5 (iv)-ന് ശേഷം (v) എന്ന ഇനം കൂടി ചേർക്കുക.

"വിനോദസഞ്ചാര വികസന പദ്ധതി നടപ്പിലാക്കുന്നതിന് ആ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരംകൂടി ഉറപ്പു വരുത്തുക".

സർ, 5(i)-ൽ താഴെ പറയുന്നത് ചേർത്ത് പുനഃക്രമീകരിക്കണം എന്നുള്ളതാണ്. "പ്രത്യേക വിനോദ സഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ എന്താണെന്ന് പഠിച്ച് വിശദാംശങ്ങൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും അവ യഥാവിധി നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യണമെന്നുള്ളതാണ്".

<u>ശ്രീ. വി. കെ. സി മമ്മത്കോയ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(204) "ഖണ്ഡം 5 (1)-ൽ (v) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

(v) വിനോദസഞ്ചാര വികസന പദ്ധതിക്ക് വിരുദ്ധമായോ അഥവാ അത് ലംഘിച്ചുകൊണ്ടോ പരിസ്ഥിതി സന്തുലനം ലംഘിച്ചുകൊണ്ടോ ഉള്ള അനധികൃത നിർമ്മാണമോ ഭൂവികസനമോ ഭൂമി കൈയ്യേറ്റമോ അപ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾക്കോ എതിരായി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിന് നിർദ്ദേശം നൽകുക".

(205) ഖണ്ഡം 5 (1)-ൽ (v)-ന് ശേഷം (vi) ആയി താഴെപറയുന്നതും ചേർത്ത് ബാക്കിയുള്ളവ പുനഃക്രമീകരിക്കുക".

LIBRARY ARCHIVES Kerala Legislative Assembly

"(vi) വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പ്രദേശങ്ങളുടെ പ്രവേശന നികുതി പിരിക്കുന്നതിന് അനുമതി നൽകുകയും അതിന്റെ നികുതി നിർദ്ദേശങ്ങൾ കമ്മിറ്റി തീരുമാനിക്കുകയും ചെയ്യേണ്ടതാണ്."

ശ്രീ. ഡി. സുഗതൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(206) ഖണ്ഡം 5 (1)-ൽ (vi)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(vi എ) വിനോദസഞ്ചാരികൾക്ക് വിശ്രമത്തിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക".

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(210) ഖണ്ഡം 5 (1)ൽ ഇനം (vii) ന് ശേഷം (viii) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(viii) വിനോദസഞ്ചാര വികസനത്തിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക."

(218) ഖണ്ഡം 5 ഉപഖണ്ഡം 4-ൽ "അംഗുരവുമായ വികസനത്തിനാവശ്യമായ" എന്ന വാക്കുകൾ മാറ്റി "പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടാത്തതുമായ വികസനത്തിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

കർത്തവ്യങ്ങൾ വിശദീകരിക്കുന്ന ഭാഗത്ത് ശ്രദ്ധേയമായ ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ ഒന്ന് ടൂറിസം വികസനത്തിന്റെ ഭാഗമായി ഒരുപാട് കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. ഈ കാര്യങ്ങളിൽ നാട്ടുകാർക്ക് ഗുണമുണ്ടാകുന്ന കാര്യങ്ങൾ ആ കമ്മിറ്റിയുടെ കർത്തവ്യത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും അതിന്റെ ഗുണം നാട്ടുകാർക്ക് ലഭ്യമാക്കുകയും ചെയ്യണമെന്നുള്ളതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(211) ഖണ്ഡം 5 (1)-ൽ ഇനം (vii) ന്ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

" (viii) ആയി പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ നിർണ്ണയിക്കുക".

പുതുതായി കമ്മിറ്റികളുടെ കർത്തവ്യങ്ങൾ എന്നുള്ള നിലയിൽ ഏഴ് കർത്തവ്യങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. അതിൽ എട്ടാമത് പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ നിർണ്ണയിക്കാനുള്ള ഒരു അവകാശം കൂടി ഈ കമ്മിറ്റിക്ക് ഉണ്ടാകണമെന്ന അഭിപ്രായമാണ് എനിക്ക് മുന്നോട്ടു വയ്ക്കാനുള്ളത്. കാരണം കഴിഞ്ഞ എക്കണോമിക് റിവ്യൂ പ്രകാരം കേരളത്തിലെ ആകെ വിനോദസഞ്ചാരികളിൽ 93 ശതമാനം പേരും വളരെ ചുരുങ്ങിയ സ്ഥലങ്ങളിൽ അതായത് എറണാകുളം, തിരുവനന്തപുരം, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലാണ് എത്തിച്ചേരുന്നത്. അപ്പോൾ ആ പ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റേതായിട്ടുള്ള ഗുണം ലഭിക്കുന്നുണ്ട്. കേരളത്തിലെ 14 ജില്ലകളും പ്രകൃതിരമണീയതയും ടൂറിസത്തിന് സാദ്ധ്യതയുള്ള സ്ഥലമാണെന്നിരിക്കെ ഇങ്ങനെ 93 ശതമാനവും ഇത്തരം ചില ജില്ലകളിൽ മാത്രമായി കേന്ദ്രീകരിക്കപ്പെടാതെ പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ഇടയുണ്ടാകണമെന്നുള്ളതു കൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(212) ഖണ്ഡം 5 (1) (viii) ആയി താഴെപ്പറയുന്നത് കൂടി ചേർക്കുക.

"(viii) പുതിയ വിനോദസഞ്ചാര സ്ഥാപനങ്ങൾ ഉണ്ടാകുമ്പോൾ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത വിധത്തിലാണോയെന്ന് നിർബന്ധമായും ഉറപ്പുവരുത്തുക".

സർ, ഈ കമ്മിറ്റിയുടെ കർത്തവ്യങ്ങൾ നിർവഹിക്കപ്പെടുമ്പോൾ വിനോദസഞ്ചാര സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിലാണോയെന്ന് നിർബ്ബന്ധമായും ഉറപ്പുവരുത്തണം. ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഡിസന്റ് അവതരിപ്പിച്ച ആളുകളും മറ്റ് മെമ്പർമാരും സംസാരിച്ചപ്പോൾ മന്ത്രി പറഞ്ഞത് നമ്മുടെ പൈതൃകം നിലനിർത്തിക്കൊണ്ട് ചെയ്യുമെന്നാണ്. നമ്മുടെ പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന രീതിയിൽ നിരവധി ടൂറിസം വികസനം നടക്കുകയാണ്. ഉദാഹരണത്തിന് കോവളത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന ഉദയ, സമുദ്ര ഹോട്ടൽ സമുദ്രത്തിനടുത്തുനിന്ന് 50 മീറ്റർ ദൂരെയാണ്. അത് വെങ്ങാനൂർ പഞ്ചായത്തിലാണ് നിൽക്കുന്നത്. 2002-ൽ അവിടെ 60 മുറി മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അവിടെ 104 മുറികളുണ്ട്. വെങ്ങാനൂർ പഞ്ചായത്ത് ഭരിക്കുന്നത് എൽ.ഡി.എഫ്-ആണ്. അവിടെ കെട്ടിയ കടൽഭിത്തിയുടെ മുകളിൽ സിമന്റ് വിരിച്ച് റെസ്റ്റോറന്റ് നടത്തുകയാണ്. നിരവധി ഉദയ, സമുദ്ര ഹോട്ടലുകൾ നമ്മുടെ നാട്ടിൽ ഉണ്ടാകുകയാണ്. അത് കടലോരത്തുനിന്നും 50 മീറ്റർ ഉള്ളിലാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(213) ഖണ്ഡം 5 (i) (viii) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(viii) പുതിയ വിനോദ കേന്ദ്രങ്ങൾ നിർണ്ണയിക്കൽ" എന്നുകൂടി ചേർക്കേണ്ടതാണ്.

ശ്രീ. പി. ജെ. ജോയി:—സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(214) ഖണ്ഡം 5 (2)-ൽ "കമ്മിറ്റി നൽകുന്ന" എന്നതിനുശേഷം "രേഖാമൂലമുള്ള" എന്നു ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കാൻവേണ്ടി പറയുകയാണ് രേഖാമൂലമുള്ള എന്നാക്കി മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(216) ഖണ്ഡം 5 (2)-നുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നിരുന്നാലും കമ്മിറ്റികൾക്ക് ഉപദേശമോ നിർദ്ദേശമോ നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുള്ളപക്ഷം ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനം അക്കാര്യം കമ്മിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതും അക്കാര്യത്തിൽ പുതുക്കിയ ഉപദേശമോ നിർദ്ദേശമോ കമ്മിറ്റിയിൽ നിന്നും കിട്ടാത്തപക്ഷം തദ്ദേശാധികാരസ്ഥാനം അതുനടപ്പാക്കേണ്ടതില്ലാത്തതുമാകുന്നു.

എന്നുതന്നെയുമല്ല കമ്മിറ്റി ആദ്യം കൊടുത്ത ഉപദേശമോ നിർദ്ദേശമോ നടപ്പാക്കണമെന്ന് തദ്ദേശാധികാരസ്ഥാനത്തോട് കാര്യകാരണ സഹിതം വീണ്ടും ആവശ്യപ്പെടുന്നപക്ഷം അത് നടപ്പാക്കാൻ തദ്ദേശാധികാര സ്ഥാനത്തിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്".

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനകത്ത് ഉദ്ദേശിക്കുന്ന കാര്യങ്ങൾ തന്നെയാണ് പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ പറഞ്ഞത് നല്ല നിർദ്ദേശമാണ്. അത് ഒരു ഗവൺമെന്റ് ഓർഡർകൊണ്ട് ചെയ്യാവുന്നതേയുള്ളു. ഇതിൽ നമ്മൾ ഉദ്ദേശിക്കുന്നത് ടൂറിസം മേഖലയിൽ കാര്യങ്ങൾ നിയന്ത്രിക്കാനും അതനുസരിച്ചുള്ള കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കാനുമാണ്. പുതിയ മേഖലകൾ കൊടുക്കുന്ന കാര്യം ഗവൺമെന്റിന് പിന്നീട് തീരുമാനിച്ച് ഉത്തരവിറക്കാവുന്നതേയുള്ളു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 187, 197, 198, 203, 219 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 188, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 193, 209 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 195, 207, 220 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 196, 222 എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 204, 205 എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഡി. സുഗതൻ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 210, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എൻ.. പ്രതാപൻ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(223) ഖണ്ഡം 6 (iv)-ൽ "വ്യക്തികളിൽനിന്നോ" എന്നതിനുശേഷം "സഹകരണ സ്ഥാപനങ്ങളിൽ നിന്നോ" എന്നുകൂടി ചേർക്കുക.

(225) ഖണ്ഡം 6 (vii)-ൽ "ഏതെങ്കിലും ഭൂമിയോ കെട്ടിടമോ സംരക്ഷിക്കുന്നതിനായി" എന്നതിനുപകരം "ഏതെങ്കിലും ഭൂമിയോ കെട്ടിടമോ സംരക്ഷിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി" എന്നു ചേർക്കുക.

(229) ഖണ്ഡം 6 (ix)-ൽ "ഏതെങ്കിലും ഉദ്യോഗസ്ഥനെ" എന്നതിനുപകരം "ഏതെങ്കിലും ഉദ്യോഗസ്ഥനേയോ, സ്ഥാപനങ്ങളെയോ", എന്നും "മൂന്നു ദിവസം" എന്നതിനുപകരം "അഞ്ചു ദിവസം" എന്നും ചേർക്കുക.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(224) ഖണ്ഡം 6 (v)-ൽ "വ്യക്തികളിൽനിന്നോ" എന്ന വാക്കുകൾക്കുശേഷം "തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നോ, സഹകരണസ്ഥാപനങ്ങളിൽ നിന്നോ" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(226) ഖണ്ഡം 6 (vii)-ൽ "കെട്ടിടമോ" എന്ന വാക്കിന് ശേഷം " സംരക്ഷിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും" എന്നുകൂടി ചേർക്കേണ്ടതാണ്.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(227) ഖണ്ഡം 6 (ix) താഴെപ്പറയും പ്രകാരം മാറ്റുക:

"(ix) പ്രത്യേക വിനോദസഞ്ചാര മേഖലയിലെ വിനോദസഞ്ചാര പ്രാധാന്യമുള്ള ഭൂവിഭാഗങ്ങൾ സർവ്വേ ചെയ്ത് അതിർത്തി തിരിച്ച് അതിനുള്ളിലെ വൃക്ഷങ്ങൾ, പുരാവസ്തുക്കൾ, അവയുടെ അവശിഷ്ടങ്ങൾ, കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, കുന്നുകൾ, മലകൾ, മറ്റു പ്രസക്തമായ വസ്തുക്കൾ എന്നിവയുടെ സ്ഥാനം നിർണ്ണയിച്ചു രേഖപ്പെടുത്തുക".

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(228) ഖണ്ഡം 6 (ix)-ൽ "ഉചിതമായ എല്ലാ സമയത്തും" എന്നതിനുപകരം "സൂര്യോദയത്തിനുശേഷവും സൂര്യാസ്തമനത്തിനു മുമ്പും" എന്നു ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(230) ഖണ്ഡം 6 (ix)-ൽ ക്ലിപ്ത നിബന്ധനയിൽ ഉദ്ദേശം സംബന്ധിച്ച് എന്ന വാക്കുകൾക്കുശേഷം "കുറഞ്ഞത് മുന്നു ദിവസത്തെ" എന്ന വാക്കുകൾക്കുപകരം "കുറഞ്ഞത് 15 ദിവസത്തെ" എന്ന വാക്കുകൾ ചേർക്കുക.

സർ, ആരാന്റെ ഭൂമിയിൽ ആർക്കും മുന്നു ദിവസത്തെ നോട്ടീസ് കൊടുത്ത് കയറാം. ഞാൻ ചോദിക്കട്ടെ ബഹുമാനപ്പെട്ട മന്ത്രി താമസിക്കുന്ന വീട് ഒരു വിനോദസഞ്ചാര മേഖലയായിട്ട് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞിട്ട് മുന്നു ദിവസംകൊണ്ട് കയറിയാൽ എന്താണ് സംഭവിക്കുന്നത്. മുന്നു ദിവസത്തിനുള്ളിൽ നോട്ടീസ് കൊടുത്തുകൊണ്ട് ഏത് വീട്ടിലും കയറാമെന്നൊക്കെ പറഞ്ഞാൽ എന്ത് നിയമമായിരിക്കും. നമ്മൾ ഇവിടെ പല നിയമങ്ങളും പാസ്സാക്കിയിട്ടുണ്ട്. അതൊക്കെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ഒരു ഗുണം ഈ സഭയ്ക്കുണ്ട്. ഉചിതമായ എല്ലാ സമയത്തും ഏതെങ്കിലും ഭൂമിയിലോ പരിസരപ്രദേശങ്ങളിലോ പ്രവേശിക്കുന്നതിനോ വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിനാവശ്യമായ ജോലികളോ പ്രവർത്തനങ്ങളോ നടത്താൻ കൈവശക്കാരന് മുന്ന് ദിവസത്തെ നോട്ടീസ് കൊടുത്ത് കയറാം എന്നാണ്. ഒരു നിയമമുണ്ടാക്കുന്ന സമയത്ത് അതിന്റെ വയബിലിറ്റികൂടി നോക്കണം. നമ്മളൊക്കെ സാമാജികൻമാരാണ്. പൊട്ടന്മാരല്ല. നമ്മൾ സ്റ്റാമ്പ് ആക്റ്റ് ഭേദഗതി ചെയ്തു ഒരു ഗുണവുമുണ്ടായിട്ടില്ല. ചുമട്ട് തൊഴിലാളി നിയമമുണ്ടാക്കി ഒരു ഗുണവുമുണ്ടായിട്ടില്ല. അനാവശ്യമായി ഈ നിയമങ്ങൾ ഇങ്ങനെയുണ്ടാക്കുക, സഭ ചേരുക പിന്നീട് ഈ നിയമം വേണ്ടെന്ന് വയ്ക്കുക. ഇത് നമ്മുടെ നിയമസഭയെ അവഹേളിക്കലാണ്. അതുകൊണ്ട് മുന്നുദിവസത്തെ എന്ന വാക്കുകൾക്കു പകരം 15 ദിവസത്തെ എന്നെങ്കിലുമാക്കുക. ഒരാളിന് കോടതിയിൽ പോകാനുള്ള സമയമെങ്കിലും കിട്ടുമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(231) ഖണ്ഡം 6 (ix)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മുന്ന്" എന്നതിനുപകരം "മുപ്പത്" എന്ന് ചേർക്കുക.

(234) ഖണ്ഡം-ലെ ഉപഖണ്ഡങ്ങളിൽ "പ്രത്യേക" എന്ന വാക്ക് ഒഴിവാക്കുക.

എനിക്ക് പറയുവാനുള്ളത് ശ്രീ. എ. കെ. ബാലൻ പറഞ്ഞതുതന്നെയാണ്. ആരുടെയെങ്കിലും ഭൂമിയിൽക്കയറി നാളെ ഒഴിഞ്ഞുപോകണമെന്ന് നോട്ടീസ് കൊടുത്തിട്ടു വന്നാൽ ഒറ്റ ദിവസംകൊണ്ട് അത് ടൂറിസ്റ്റ് മേഖലയായി മാറുകയാണ്. അങ്ങനെയൊരു നിയമം കേരളത്തിലുണ്ടായിക്കൂടാ. ഭൂപരിഷ്ക്കരണ നിയമമൊക്കെ ഉടലെടുത്ത മണ്ണാണ് കേരളത്തിലേത്. അതുകൊണ്ട് ആരുടെയെങ്കിലും ഒരു സ്ഥലം അല്ലെങ്കിൽ ഒരു പ്രദേശം ടൂറിസം മേഖലയായി തീരുമാനിക്കുകയാണ്, നാളെ നിങ്ങൾ ഒഴിഞ്ഞുപോകണമെന്ന് പറഞ്ഞാൽ ബുദ്ധിമുട്ടുണ്ടാകുന്ന കാര്യമാണ്. അതുകൊണ്ട് നോട്ടീസ് കൊടുക്കാൻ 30 ദിവസത്തെ സാവകാശമെങ്കിലും കൊടുക്കാനുള്ള സമയമുണ്ടാകണം.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(232) ഖണ്ഡം 6 (ix)-ന്റെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്നവ കൂട്ടിച്ചേർക്കുക.

"എന്നാൽ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതും മുന്നുദിവസത്തെയെങ്കിലും നോട്ടീസ് നൽകിയിരിക്കേണ്ടതും ഭൂമിയേറ്റെടുക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയിൽ ആക്ഷേപമുണ്ടെങ്കിൽ കമ്മിറ്റിക്ക് പരാതി നൽകാൻ ഭൂമിയുടെ ഉടമസ്ഥന് അവകാശമുള്ളതും പ്രസ്തുത പരാതിയിൻമേലുള്ള തീരുമാനം ഒരു മാസത്തിനകം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതുമാണ്."

ശ്രീമതി ശോഭനാ ജോർജ്ജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(233) ഖണ്ഡം 6-ൽ ഉപഖണ്ഡം (1) താഴെപ്പറയും പ്രകാരം തിരുത്തിക്കുറിക്കുക:

"(i) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ വിനോദ സഞ്ചാര വികസന പദ്ധതികളും മാർഗ്ഗ രേഖകളും ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുക".

(2) (ii)-ാം ഉപഖണ്ഡം താഴെപ്പറയുംപ്രകാരം തിരുത്തിയെഴുതുക:

"(ii) പ്രത്യേക വിനോദസഞ്ചാര മേഖലയിലെ പദ്ധതികളും വികസന പദ്ധതികളും ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുക".

LIBRARY ARCHIVES Kerala Legislative Assembly

(3) "(iii)-ാം ഉപഖണ്ഡത്തിൽ "നിരീക്ഷണം നടത്തുക" എന്നതിനുപകരം "നിരീക്ഷിക്കുകയും അതു സംബന്ധിച്ച് എന്ത് അനന്തര നടപടികൾ സ്വീകരിക്കണമെന്ന ശുപാർശ സഹിതം ഗവൺമെന്റിന് സമർപ്പിക്കുക" എന്നു ചേർക്കുക.

(4) (iv)-ാം ഖണ്ഡത്തിൽ "റഗുലേഷനുകൾ ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുക" എന്നു ചേർക്കുക.

(5) (v)-ാം ഖണ്ഡത്തിൽ വ്യക്തികളിൽ നിന്നോ എന്നതിനുശേഷം "പ്രത്യേക വിനോദസഞ്ചാര മേഖലയെ സംബന്ധിക്കുന്ന" എന്നു ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): ഇവിടെ ശ്രീ. എ. കെ. ബാലൻ സൂചിപ്പിച്ചതുപോലെ ഏത് വളപ്പിലും കയറി ആക്രമിക്കാനുള്ള ഉദ്ദേശ്യമൊന്നും ഈ നിയമത്തിലില്ല. ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സ്വീകരിക്കാം. മൂന്ന് ദിവസം എന്നതിനുപകരം അഞ്ച് ദിവസം എന്നുള്ളത്. അതുപോലെ ശ്രീമതി ശോഭനാ ജോർജ്ജ് അവതരിപ്പിച്ച 223-ൽ അഞ്ചാമത് ഭാഗം "പ്രത്യേക വിനോദസഞ്ചാര മേഖലയെ സംബന്ധിക്കുന്ന" എന്ന ഭാഗം സ്വീകരിക്കാം. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീമതി ശോഭനാ ജോർജ്ജ് അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി ഭാഗികമായി സഭ അംഗീകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 223, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 224, 226 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 231, 234 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

7-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(235) ഖണ്ഡം 7 (1)-ൽ "അത്തരം ഉത്തരവ് ലഭിച്ച തീയതി മുതൽ" എന്ന വാക്കുകൾക്കുശേഷം "തൊണ്ണൂറ് ദിവസത്തിനുള്ളിൽ" എന്നതിനുപകരം "ഒരുനൂറ്റി ഇരുപത്" എന്നു ചേർക്കുക.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(236) ഖണ്ഡം 7 (1)-ലും അതിന്റെ ക്ളിപ്ത നിബന്ധനയിലും "തൊണ്ണൂറ് ദിവസത്തിനുള്ളിൽ" എന്നത് "6 മാസത്തിനുള്ളിൽ" എന്ന് ഭേദഗതി ചെയ്യുക.

(242) ഖണ്ഡം-7 ഉപഖണ്ഡം (2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"ഓരോ അപ്പീലിനോടും കൂടി ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ ഫയൽ ചെയ്യുന്നത് അതിന്റെ ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉണ്ടായിരിക്കേണ്ടതാണ്."

(245) ഖണ്ഡം-7 ഉപഖണ്ഡം (5)-ൽ "നാലുമാസം" എന്നത് "60 ദിവസം" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ 243, 244 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(243) ഖണ്ഡം 7(3)-ൽ "വാദിക്ക്" എന്നതിനുപകരം "അപേക്ഷകന്" എന്ന് ചേർക്കുക.

(244) ഖണ്ഡം 7(5)-ൽ "നാലുമാസം"എന്നതിനുപകരം "നാല്പത്തി അഞ്ചു ദിവസം" എന്ന് ചേർക്കുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ 237, 241, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

മി. സ്പീക്കർ: 241-ാം നമ്പർ ഭേദഗതി 237-ന് തുല്യമാണ്. കോടിയേരി ബാലകൃഷ്ണൻ ഇല്ലാത്തതുകൊണ്ട് അവതരിപ്പിച്ചുകൊള്ളൂ.

241. 7-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "സർക്കാരിന്" എന്ന വാക്കുകൾക്കു പകരം "ചീഫ് സെക്രട്ടറിക്ക്" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രിയുടെ ചർച്ചയിൽ പങ്കെടുത്ത അവസരത്തിൽ ഞാൻ സൂചിപ്പിച്ച ഒരു കാര്യമാണ് 7-ാം വകുപ്പിന്റെ ഉപവകുപ്പിൽ സർക്കാർ എന്ന വാക്ക്, അന്ന് അദ്ദേഹം എന്നോട് പറഞ്ഞ മറുപടി തൃപ്തികരമായില്ല. കാര്യമെന്താ? ഒന്നിലേറെ സെക്രട്ടറിമാർ ആ കമ്മിറ്റിയുടെ കോൺസ്റ്റിറ്റ്യൂഷനിൽത്തന്നെ പറഞ്ഞിരിക്കുന്നത് ഒരു സെക്രട്ടറി മറ്റൊരാളേക്കാൾ സീനിയർ ആണെങ്കിൽ ബോർഡ് കമ്മിറ്റി കൂടുന്നതിനുള്ള ബുദ്ധിമുട്ടൊക്കെ പ്രായോഗികമായി അനുഭവപ്പെടാൻ ഇരിക്കുന്നതേയുള്ളൂ. അതിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കടക്കുന്നില്ല. പക്ഷെ ഒന്നിലേറെ സെക്രട്ടറിമാർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി എടുക്കുന്ന തീരുമാനത്തിൽ അപ്പീൽ കൊടുക്കേണ്ട അപ്പീൽ അതോറിറ്റി ആരായിരിക്കണം, സർക്കാർ എന്നാണ് പറഞ്ഞിരിക്കുന്നത്. ഒന്നുകിൽ ചീഫ് സെക്രട്ടറിയാകണം. അതല്ലെങ്കിൽ മിനിസ്റ്റർ ആകണം. അതാണ് ഞാൻ ചീഫ് സെക്രട്ടറി എന്ന വാക്ക് കൊടുത്തത്, ഒന്നിലേറെ സെക്രട്ടറിമാർ അടങ്ങുന്ന ഒരു അപ്പീൽ അതോറിറ്റി 'ഗവൺമെന്റ്' എന്നുപറയുമ്പോൾ 'മറ്റൊരു സെക്രട്ടറി'യെന്നാണ് ബഹുമാനപ്പെട്ട മന്ത്രി എനിക്ക് മറുപടി നൽകിയത്. ഈ എടുത്തിരിക്കുന്ന സെക്രട്ടറി അതിനേക്കാൾ ജൂനിയർ ആണെങ്കിലോ വിനോദസഞ്ചാര വകുപ്പിന്റെ സെക്രട്ടറി ഈ കമ്മിറ്റിയിൽ ഇരിക്കുകയും അദ്ദേഹത്തിനുതന്നെ അപ്പീൽ അതോറിറ്റിയായി വരാമെന്നാണ് മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിച്ചത്. അത് ശരിയല്ല. ഇത് നിലനിൽക്കില്ല. ഒരു തീരുമാനമെടുക്കുന്ന ബോഡിയുടെ അപ്പീൽ അതോറിറ്റി അതിനേക്കാൾ ഉയർന്നത് ആയിരിക്കണം. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചത്. ചീഫ് സെക്രട്ടറിയായിരിക്കണം അപ്പീൽ അതോറിറ്റിയെന്നുപറഞ്ഞത്. ചീഫ് സെക്രട്ടറി അധികാരപ്പെടുത്തുന്ന ഒരാളാകട്ടെ അതല്ലാതെ തീരുമാനമെടുക്കുന്ന ബോഡിയിൽ ഉൾപ്പെടുന്ന ഒരാളിനെ തന്നെ അപ്പീൽ അതോറിറ്റിയായി വയ്ക്കുന്നത് നിയമപരമായി നിലനിൽക്കുമോ? നിങ്ങൾ പരിശോധിക്ക്, അതുകൊണ്ടാണ് ഞാൻ ഇത് മൂവ് ചെയ്യുന്നത്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): ഈ പറയുന്ന യാതൊരു ആശങ്കയ്ക്കും അവകാശമില്ല. സർ, വീണ്ടും വീണ്ടും ഞാൻ പറയുന്നതല്ല എല്ലാ നിയമത്തിലും ഗവൺമെന്റ് എന്നുപറഞ്ഞാൽ ഗവൺമെന്റ് A Member of the Committee ആണ്. സെക്രട്ടറി എന്നുപറയുന്ന ആൾ ഗവൺമെന്റിനാണ് അപ്പീൽ കൊടുക്കുന്നത്. ഗവൺമെന്റ് എന്നുപറഞ്ഞാൽ ഗവൺമെന്റിനു തന്നെയാണ് എല്ലാം പ്രാധാന്യം, അത് രണ്ടും രണ്ടാണ്. പേര് ഒന്നായി വരുന്നെങ്കിലും രണ്ടും-രണ്ട് ഡ്യൂട്ടിയാണ് ചെയ്യുന്നത് എന്നുള്ള കാര്യത്തിൽ യാതൊരു ആശങ്കയും ശ്രീ. ദേവകുമാറിന് വേണ്ട, ഈ കാര്യത്തിൽ ഒരു ഭേദഗതിയും സ്വീകരിക്കേണ്ടതില്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 236, 242, 245 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 243, 244 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

8-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ 247-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(247) ഖണ്ഡം '8' ഒഴിവാക്കുക.

ഇത് നീക്കം ചെയ്യുകയാണ് വേണ്ടത്. അങ്ങനെ ഒരു നിയമം ഉണ്ടാക്കിക്കഴിഞ്ഞാൽ .....

മി. സ്പീക്കർ: അങ്ങനെ ഒരു ഭേദഗതി പറ്റില്ല.

ശ്രീ. വി. കെ. ചന്ദ്രൻ: അത് ശരിയാണ്, അതുകൊണ്ടുതന്നെയാണ് ഞാൻ നീക്കം ചെയ്യണമെന്ന് പറഞ്ഞത്. ഒരു ഉദ്യോഗസ്ഥൻ ഇല്ലെങ്കിൽ ഏതെങ്കിലും ഒരു കമ്മിറ്റി ആളുകളെയാകെ ദ്രോഹിക്കുന്ന രൂപത്തിൽ ഒരു നടപടിയുണ്ടാക്കിക്കഴിഞ്ഞാൽ അയാളുടെ പേരിൽ ഒരു അപ്പീൽ നടപടിക്കുപോലും അധികാരമില്ല എന്നുപറഞ്ഞാൽ മോശമാണ്. ജനാധിപത്യ സംവിധാനത്തിൽ അങ്ങനെയൊരു തീരുമാനം ഉണ്ടാകുന്നത് ശരിയല്ല. അതുകൊണ്ട് അത് ഡിലീറ്റ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ 249, 251, എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(249) ഖണ്ഡം 10 (2) (ബി) യിൽ "മേഖലയുടെ സ്ഥിരമായ വികാസത്തിന്റെ ആവശ്യത്തിലേയ്ക്കായി" എന്നതിനുപകരം "മേഖലയുടെ പശ്ചാത്തലസൗകര്യത്തിനും, വികസനത്തിന്റെ ആവശ്യത്തിലേയ്ക്കും" എന്നു ചേർക്കുക.

(251) ഖണ്ഡം 10(2)(ഇ) യിൽ "നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ" എന്ന വാക്കുകൾക്കു പകരം "നിർണ്ണയിക്കപ്പെട്ടതും, നിർണ്ണയിക്കപ്പെടേണ്ടതും" എന്നു ചേർക്കുക.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): ശ്രീ. ടി. പി. രാമകൃഷ്ണന്റെ 249, 251 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 249, 251 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

മി. സ്പീക്കർ: 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

വകുപ്പും പീഠികയും പേരും

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(89) പീഠികയിൽ "സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും" എന്നതിനുശേഷം "പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതുമായി ബന്ധപ്പെട്ടതോ" എന്ന് കൂട്ടിച്ചേർക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ 92-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(92) പീഠികയിൽ "വിനോദ സഞ്ചാര മേഖലകളുടെ" എന്ന വാക്കുകൾക്കു ശേഷം "പരിസ്ഥിതി" എന്ന വാക്ക് കൂട്ടിച്ചേർക്കേണ്ടതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ 93, 106 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(93) പീഠികയുടെ ആദ്യ ഖണ്ഡിക താഴെപ്പറയുംപ്രകാരം മാറ്റുക:

"സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ ഇന്നു നിലനിൽക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളുടെ പരിഹാരത്തിനും അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ".

106. ഖണ്ഡം 1(3) താഴെപ്പറയുംപ്രകാരം മാറ്റുക:

"ഇത് 2005 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്" എന്ന് മാറ്റുക.

സർ, ഇതിൽ നമ്മുടെ കോവളം പോലുള്ള പ്രദേശത്ത് വലിയ പ്രശ്നങ്ങൾ, കോവളത്തു മാത്രമല്ല, നമ്മുടെ സംസ്ഥാനത്തിന്റെ ടൂറിസ്റ്റ് മേഖലയിൽ പലയിടങ്ങളിലും കൈയേറ്റങ്ങളൊക്കെ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. അതുകൊണ്ട് സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലയിൽ ഇന്ന് നിലനിൽക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളുടെ പരിഹാരത്തിനും അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായിട്ടുള്ള സംഗതികൾക്കും വേണ്ടിയോ വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(94) പീഠിക താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്ര വികസനത്തിനും പ്രയോജനപ്പെടുന്നതുമായ സംഗതികൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ."

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(95) പീഠിക താഴെപ്പറയുന്ന വിധത്തിൽ ഭേദഗതി ചെയ്യുക.

"സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലകൾ പരിസ്ഥിതിക്ക് അനുസൃതമായി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ".

(105) ഖണ്ഡം 1 (3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"ഇത് 2005 മാർച്ച് 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(96) പീഠിക താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകൾ പരിസ്ഥിതിക്ക് യോജിച്ച തരത്തിലുള്ള സംരക്ഷണത്തിനും പരിപാലനത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കുവേണ്ടി വ്യവസ്ഥചെയ്യുന്നത് യുക്തമായിരിക്കുകയാൽ".

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(98) ഖണ്ഡം 1(1) -ൽ "കേരള വിനോദ സഞ്ചാര (മേഖലകളുടെ)" എന്ന വാക്കിനുശേഷം "പരിസ്ഥിതി" എന്ന വാക്ക് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 89-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 92, 98 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 93, 106 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 94-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 95, 105 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ നിയമസഭ ഒരു പ്രധാനപ്പെട്ട നിയമനിർമ്മാണമാണ് ഇപ്പോൾ നടത്തുന്നത്. വിനോദസഞ്ചാര മേഖലയിലെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി ഒരു നിയമം അത്യന്താപേക്ഷിതമാണ്. ഈ ബില്ലിനകത്ത് ഒരുപാട് അപാകതകൾ പ്രതിപക്ഷത്തുനിന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ പലതും അദ്ദേഹം സ്വീകരിക്കാൻ തയ്യാറായിട്ടില്ല. എന്നിരുന്നാലും ഇതിന്റെ സദുദ്ദേശ്യത്തെ ചോദ്യം ചെയ്യുന്നില്ല. ഒരു നിയമം ഈ മേഖലയിൽ ആവശ്യം തന്നെയാണ്. കാരണം കേരളത്തിൽ വളരെയധികം വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണ് വിനോദസഞ്ചാരമേഖല. ഇനിയും നമ്മുടെ സാദ്ധ്യതകളെ വേണ്ടത്ര ഉപയോഗപ്പെടുത്താൻ കേരളത്തിന് കഴിഞ്ഞിട്ടില്ല. ധാരാളം വിദേശ ടൂറിസ്റ്റുകളെ നമുക്ക് കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയും. വിദേശ ടൂറിസ്റ്റുകളെ പോലെതന്നെ ആഭ്യന്തരടൂറിസം ഇവിടെ ശക്തിപ്പെടുത്തേണ്ടതാണ്. കേരളത്തിൽത്തന്നെയുള്ള ജനങ്ങളുടെ സാധ്യത നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾ, മറ്റ് സ്ഥലങ്ങളിലേക്ക് യാത്രയ്ക്കു പോകുന്നവർ ഇവരെയെല്ലാം തന്നെ ആകർഷകമായ കേന്ദ്രങ്ങളിൽ കൊണ്ടുപോകുന്നതിന് വേണ്ടി നമുക്ക് സാധിച്ചിട്ടില്ല. കേരളത്തിന്റെ പ്രകൃതിരമണീയത ആസ്വദിക്കുന്നതിനുവേണ്ടി കേരളീയർക്ക് പോലും സാധിക്കുന്നില്ല എന്നുള്ളതാണ്, ഇന്ന് നമുക്ക് നേരിട്ടു കൊണ്ടിരിക്കുന്ന അവസ്ഥ. അതുപോലെതന്നെ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ ലോകത്തിനുമുൻപിൽ പരിചയപ്പെടുത്താനും, മറ്റ് സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്താനും നമുക്ക് ഇനിയും വേണ്ടത്ര സാധിച്ചിട്ടില്ല. ഇതെല്ലാം സാധിക്കുകയാണെങ്കിൽ നമ്മുടെ ധനാഗമ മാർഗത്തിൽതന്നെ ഒരു പ്രധാനപ്പെട്ട മേഖലയായി ടൂറിസം മേഖലയെ വളർത്തിയെടുക്കാൻ സാധിക്കും. ഈ അടുത്ത കാലത്താണ്, കുറച്ചുവർഷം മാത്രമേ ആയിട്ടുള്ളൂ, ഈ മേഖലയിൽ കേരളം ശ്രദ്ധിക്കാൻ തുടങ്ങിയിട്ട്. ആ ശ്രദ്ധിക്കാൻ തുടങ്ങിയതിന്റെ നേട്ടം ഇന്ന് കേരളത്തിന് ഉണ്ടായിട്ടുണ്ട്. കേരളത്തിലെ ഓരോ പഞ്ചായത്തിലും ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കുന്ന കേന്ദ്രങ്ങൾ നമുക്ക് ഉണ്ടാകാൻ സാധിക്കത്തക്ക വിധത്തിൽ പ്രകൃതിരമണീയമായ നാടാണ് കേരളം. ദൈവത്തിന്റെ സ്വന്തം നാട് എന്നുപറയുന്ന കേരളം, ടൂറിസം ഭൂപടത്തിൽ ഒരു പ്രധാനപ്പെട്ട സ്ഥാനം നേടിയിട്ടുണ്ട്. ദൈവത്തിന്റെ നാട് എന്നുള്ള നിലയിൽ പ്രിശേഷണം കൊടുത്തത് ഞങ്ങളല്ല. പൊതുവിൽ കേരളത്തിന് അങ്ങനെ ഒരു പേര് വന്നുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണോ ഈ ടൂറിസം വകുപ്പ്.....

മി. സ്പീക്കർ: ദൈവം ഉണ്ടെങ്കിൽ ചെകുത്താനും ഉണ്ട്, ചെകുത്താൻ ഉണ്ടെങ്കിൽ ദൈവവും ഉണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രണ്ടും ഉണ്ട് സർ, എനിക്ക് തോന്നുന്നു ഗവൺമെന്റ് അതുകൊണ്ടായിരിക്കും ദൈവത്തെ നോക്കുന്ന മന്ത്രിയെതന്നെ ടൂറിസം വകുപ്പ് ഏൽപ്പിച്ചിരിക്കുന്നത് എന്ന്. ഏതായാലും ഇത് രക്ഷപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിയുമോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമാണ്. ഇനി ഈ ഗവൺമെന്റിന് ഒരു കൊല്ലം മാത്രമേയുള്ളൂ. ഈ ഒരു കൊല്ലം മാത്രം നിൽക്കുമ്പോൾ ഇങ്ങനെ ഒരു കമ്മിറ്റിയുണ്ടാക്കിയതുകൊണ്ട് യഥാർത്ഥത്തിൽ ഈ കമ്മിറ്റി ഒരു പ്രാവശ്യം മാത്രമേ യോഗം ചേരാൻ പോകുന്നുള്ളൂ. ഇത് ഒരു കൊല്ലത്തേക്കുള്ള ഗവൺമെന്റായതുകൊണ്ട് ഇതൊക്കെ ചെയ്യാൻ സാധിക്കുമോയെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഇത് പ്രചരണത്തിനുവേണ്ടിയാണ്. ഇവിടെ ധാരാളം.....

ശ്രീ. എം. എം. ഹസ്സൻ: ബിൽ ഉണ്ടാക്കുന്നത് ഈ ഗവൺമെന്റിനുവേണ്ടി മാത്രമല്ലല്ലോ, നിയമമുണ്ടാക്കുന്നത് നിരന്തരമായിട്ടുള്ള ഒരു പ്രക്രിയയല്ലേ ഗവൺമെന്റിന് ഒരു കൊല്ലവും ഈ ബില്ലുമായി പ്രസക്തിയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ശ്രീ. ഹസ്സൻ ഏതായാലു ഉറപ്പിച്ചു കഴിഞ്ഞു, ഒരു കൊല്ലം മാത്രമേ ഈ യു.ഡി.എഫ്. ഗവൺമെന്റിന് ആയുസ്സുള്ളുവെന്ന് ശ്രീ. ഹസ്സന് നല്ല ബോദ്ധ്യമുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: ഞാൻ പറഞ്ഞത് അടുത്ത ഗവൺമെന്റ് ഞങ്ങൾക്ക തന്നെയാണെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. ഞാൻ ആ അർത്ഥത്തിൽ പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സർക്കാരിന് വേണ്ടിയല്ല തലമുറകൾക്കുവേണ്ടിയാണ് നിയമമുണ്ടാക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമം നമ്മൾ എങ്ങനെയാണ് നടത്തുന്നത്? പക്ഷേ, ഈ നിയമം കൊണ്ടുവന്നിരിക്കുന്ന മന്ത്രിയെന്ന നിലയിൽ
6 P. M.] ആയുസ്സിനെപ്പറ്റിയാണ് ഞാൻ പറയുന്നത്. ഇതിൽ ഇടപെട്ട ശ്രീ. എം.എം. ഹസ്സൻ 5 കൊല്ലം മന്ത്രിയായിട്ടിരിക്കണമെന്ന ആഗ്രഹം എനിക്കുണ്ടായിരുന്നു. പക്ഷേ ആ ആഗ്രഹം ശരിയായില്ല.

ശ്രീ. എം. എം. ഹസ്സൻ: എന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിൽ ഒന്ന് അങ്ങ് മന്ത്രിയായി കാണണമെന്നതാണ്. അത് എന്റെ പുരുഷായുസ്സിൽ പറ്റുമോയെന്ന സംശയമാണിപ്പോഴുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ഹസ്സനെ സംബന്ധിച്ചാണെങ്കിൽ ഒരു മന്ത്രിയായിട്ടറിയപ്പെടാനാണ് ഞാൻ ആഗ്രഹിക്കുന്നത്. 5 കൊല്ലം ഇരിക്കാനുള്ള യോഗം ഉണ്ടായില്ല. ഇത്തരം ഒരു നിയമനിർമ്മാണം നല്ല തുടക്കംതന്നെയാണ്. നമ്മുടെ കേരളത്തിൽ വിനോദസഞ്ചാര മേഖലയിൽ നല്ല ഒരു തുടക്കമാണ് ഈ ബില്ല്. ഒരു സംശയം ഉയർന്നു വരുന്നത്, ഇവിടെ റിയൽ എസ്റ്റേറ്റുകാർ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി, ഈ ബില്ല് പാസ്സാക്കി എടുക്കുന്നതോടുകൂടി കുറേ പ്രദേശങ്ങളിലെ സ്ഥലം ഭൂമി മരവിപ്പിച്ചെടുക്കുന്ന സ്ഥിതിവിശേഷം വരുമോയെന്ന സംശയമുണ്ട്. അടുത്തകാലത്ത് കോവളത്തെ സംബന്ധിച്ചും വാഗമണ്ണിനെ സംബന്ധിച്ചും വന്ന ആക്ഷേപം ശ്രദ്ധിക്കേണ്ടതുണ്ട്. ഇതെല്ലാം പരിഗണിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരംകൂടി ഏൽപ്പിക്കത്തക്കവിധത്തിൽ ഈ കമ്മിറ്റിയുടെ പ്രവർത്തനം വന്നാൽ അത് വിപരീത ഫലമാണ് കേരളത്തിൽ ഉണ്ടാക്കാൻ പോകുന്നത്. വളരെയേറെ വികസന സാദ്ധ്യതകളുള്ള മേഖലയെന്ന നിലയ്ക്ക് വലിയ പണക്കാർ ഈ മേഖലയിൽ ലക്ഷ്യം വച്ചിട്ടുണ്ട്. ഇത് വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി ന്യായമായി ഇടപെടുന്നവരെ നമ്മൾ പ്രോൽസാഹിപ്പിക്കണം. അതേ സന്ദർഭത്തിൽ ഇതൊരു ചൂഷണമായി കണ്ട് നമ്മുടെ കടലും കായലും എല്ലാം കൈയേറാൻ വേണ്ടി നടക്കുന്ന നീക്കത്തെ വളരെ ഗൗരവപൂർവ്വംതന്നെ കാണാൻ ഗവണ്മെന്റ് തയ്യാറാകണം. അതിലെല്ലാം ഇടപെടാൻ സാധിക്കത്തക്കവിധത്തിലുള്ള സമഗ്രമായ നിയമമാണ് നമ്മുടെ കേരളത്തിൽ ആവശ്യമായിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഒരു തുടക്കമെന്ന നിലയിൽ സ്വാഗതം ചെയ്യാവുന്നതാണ്. ഇവിടെ വന്ന വിമർശനംകൂടി കണക്കിലെടുത്തുകൊണ്ട് ഗവണ്മെന്റ് പരിശോധിക്കണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ഈ ബില്ലിന് അനുകൂലമായ പ്രതികരണം ഉണ്ടായപ്പോൾ പറഞ്ഞ താൽപ്പര്യങ്ങൾ ഏറ്റെടുക്കാനുള്ള ബാദ്ധ്യതകൂടി അങ്ങയുടെ ഉള്ളിൽ ഉണ്ടെന്ന് പറഞ്ഞ് മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): തീർച്ചയായും സാർ, അങ്ങും സഭയിലെ അംഗങ്ങളും ഇക്കാര്യത്തിൽ കാണിച്ച സ്വാഗതാർഹമായ സമീപനത്തിന് അനുസരിച്ച് തന്നെയായിരിക്കും ഗവണ്മെന്റിന്റെ ഇക്കാര്യത്തിലുള്ള പ്രവർത്തനമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ആമുഖത്തിൽ സൂചിപ്പിച്ചത് വീണ്ടും ആവർത്തിക്കുകയാണ്. കേരളത്തിന്റെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ ഒരിഞ്ചു ഭൂമിയും വിട്ടുകൊടുക്കാത്ത രീതിയിലുള്ള കൺസർവേഷൻ ആന്റ് പ്രിസർവേഷൻ ആക്ടിനുള്ളിൽനിന്നുകൊണ്ടുള്ള വികസന പ്രവർത്തനം മാത്രമേ ഗവണ്മെന്റ് ആഗ്രഹിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ചില ഇടപെടലുകളും കൈയേറ്റങ്ങളും നടക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട നമ്മുടെ പ്രദേശങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. കോവളത്തിന്റെ കാര്യത്തിലായാലും കോവളം കൊട്ടാരത്തിന്റെ കാര്യത്തിലായാലും ഗവണ്മെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. ഈ സർക്കാരിന്റെ നിലപാട് വളരെ കണിശമാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി എടുത്ത നിലപാട് നമുക്കൊക്കെ അറിയാവുന്നതാണ്. നമുക്കവകാശപ്പെട്ട സർക്കാരിന്റെ പൊതു സ്വത്തുക്കൾ വേറെ ആർക്കും കൈകാര്യം ചെയ്യാനുള്ള താവളം ഉണ്ടാക്കാൻ വേണ്ടിയുള്ളതല്ല, അതൊക്ക നിയന്ത്രിക്കാൻ വേണ്ടിയാണ് ഈ ബില്ല്. അങ്ങനെ എന്തെങ്കിലും കൈയേറ്റം, ചൂഷണം, പ്രകൃതിയെ ഇല്ലാതാക്കാൻ ചെയ്യുന്ന സാഹചര്യങ്ങൾ ഭാവിയിൽ ഇല്ലാതാക്കാൻ വേണ്ടിയുള്ള പോസിറ്റീവായിട്ടുള്ള ആറ്റിറ്റ്യൂഡ് കൂടിയുള്ള ഒരു ബില്ലാണിത്. ആശങ്കകൾക്ക് യാതൊരു അടിസ്ഥാനവുമില്ല. ഈ ബില്ലിന്റെ സദുദ്ദേശ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം മാത്രമേ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകൂ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ടൂറിസത്തിന്റെ അനന്തമായ സാദ്ധ്യതകൾ ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. മന്ത്രിമാരായ ശ്രീ. വക്കം പുരുഷോത്തമന്റേയും ശ്രീനിവാസന്റേയും ചന്ദ്രശേഖരൻ നായരുടേയും കെ. വി. തോമസിന്റേയും ആര്യാടൻ മുഹമ്മദിന്റേയും വിലപ്പെട്ട സംഭാവനകൾ ഈ രംഗത്ത് കൊണ്ടുവരുന്നതിനുവേണ്ടി, നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി ഇവിടെ ഉണ്ടായിട്ടുണ്ട്. അത് നമുക്ക് മുന്നോട്ടു കൊണ്ടുപോകണം. കേരളത്തിന് ഇന്ന് അന്താരാഷ്ട്ര ഭൂപടത്തിൽ വലിയ സ്ഥാനമാണ്. ഏത് അന്താരാഷ്ട്ര മേളകളിൽ ചെന്നാലും ഈ കൊച്ചു സംസ്ഥാനത്തെക്കുറിച്ച് കാണാനും വിവിധ പരിപാടികൾ കേൾക്കാനും ഇവിടത്തെ സംഭവ വികാസങ്ങൾ വീക്ഷിക്കാനും ലോകം ശ്രദ്ധിക്കുന്നു എന്നുള്ളത് നിസാരമായ കാര്യമല്ല. ലോകത്തെവിടെ ടൂറിസം മേളകൾ നടന്നാലും അവിടെയൊക്കെ കേരളത്തിന്റെ സാന്നിദ്ധ്യം കാണാൻ കഴിയുന്നു എന്ന് പറയുന്നത് നമ്മെ സംബന്ധിച്ച് ഏറ്റവും ആഹ്ലാദകരമായ കാര്യമാണ്. ആഭ്യന്തര ടൂറിസവും അതുപോലതന്നെയാണ്. കേരളത്തിലെ ടൂറിസത്തിന്റെ സാദ്ധ്യതകൾ ലോകത്തിന് കാണിച്ചുകൊടുക്കുന്ന വൈവിദ്ധ്യമാർന്ന സന്തോഷ് ശിവന്റെ ഒരു ഫിലിം ഈ ഏഴാം തീയതി മഹാരാഷ്ട്ര ഗവർണ്ണർ ബോംബെയിൽ പ്രകാശനം ചെയ്യുന്നുണ്ട്. ഒരു റോഡ് ഷോയും ബോംബെയിൽ നടക്കുന്നുണ്ട്. അത് കേരളത്തിൽ ലോഞ്ച് ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ അനുമതിയുണ്ടെങ്കിൽ നിയമസഭാംഗങ്ങൾക്കെല്ലാം അത് കാണാൻ അവസരം ഒരുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അത് കേരളത്തിന്റെ ടൂറിസത്തിന് ഒരു പുതിയ കാഴ്ചപ്പാടെന്നുള്ള നിലയിൽ കാണണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: കേരളത്തിൽത്തന്നെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടിട്ടില്ല എന്നുള്ളതാണ് സത്യം. അതിനുള്ള ഒരു പദ്ധതികൂടി ബഹുമാനപ്പെട്ട മന്ത്രി ആവിഷ്ക്കരിച്ചാൽ കൊള്ളാം.

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായിട്ടും അതൊക്കെത്തന്നെ ആലോചിക്കും. കേരളത്തിലെ നിയമസഭാംഗങ്ങൾക്കുവേണ്ടി നടപ്പിലാക്കാൻ ആഗ്രഹിക്കുകയാണ്. ടൂറിസത്തിന്റെ സാദ്ധ്യതകൾ കേരളം പോലുള്ള കൊച്ചു സംസ്ഥാനത്തിന് അനന്തമാണെന്ന കാര്യം മനസ്സിലാക്കിക്കൊണ്ട് ആ രംഗത്തേയ്ക്കുള്ള വിപുലമായ സാദ്ധ്യതകൾ തേടിക്കൊണ്ടുള്ള യാത്രയിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് ഈ നിയമം. ഇത് അംഗങ്ങൾ സൂചിപ്പിച്ചതുപോലെ എല്ലാ വിഭാഗം ആളുകളുടേയും ആശങ്കകൾ ഉൾക്കൊണ്ടുകൊണ്ട് താൽപര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യംവച്ചുകൊണ്ട് ഗവണ്മെന്റിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ആക്കം കൂട്ടുന്ന രീതിയിൽത്തന്നെ മുന്നോട്ടു കൊണ്ടുപോകാനാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇതിൽ പങ്കെടുത്ത എല്ലാപേർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദ സഞ്ചാര (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു,

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ ഈ ബില്ലിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് ചുരുക്കം ചില കാര്യങ്ങളേ പറയുന്നുള്ളൂ. അമെന്റ്മെന്റ് ബിൽ ഇതിനെത്തുടർന്ന് വരുന്നു എന്നുള്ളതുകൊണ്ട് അതാണ് പ്രധാനപ്പെട്ടത് എന്ന നിലയിൽ ചില പൊതുകാര്യങ്ങൾ അതിൽ പറയണം എന്നാണ് ഉദ്ദേശിക്കുന്നത്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് നടന്ന ചർച്ചയിൽ ഇന്ന് രാജ്യത്ത് ജീവിച്ചിരിക്കുന്ന സാംസ്ക്കാരിക